بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 3

ലക്കം 6

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 8/ഹി:ശം:1397 തബ്‌ലീഗ് 8/ഹി:ഖ:1439 ജമാദുൽ അവ്വൽ 21

## അല്ലാഹുവിന്റെ വചനം

وَاسۡتَعِیۡنُوۡا بِالصَّبۡرِ وَالصَّلٰوۃِ ؕ وَاِنَّہَا لَکَبِیۡرَۃٌ اِلَّا عَلَی الۡخٰشِعِیۡنَ

(سورۃ البقرۃ:46)

*വസ്തഈനൂ ബിസ്വബ് രി വസ്വലാത്ത് വ ഇന്നഹാ ല കബീറത്തുൻ ഇല്ലാ അലൽ ഖാശിഈൻ (2:46)* സഹനവും പ്രാർഥനയും മുഖേന നിങ്ങൾ സഹായാർഥന ചെയ്യുവിൻ. വിനയരല്ലാത്തവർക്ക് തീർച്ചയായും അത് ഭാരമേറിയതാകുന്നു.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**തീർച്ചയായും ഓർത്തുകൊള്ളുവിൻ! ചെവി തുറന്ന് കേട്ടുകൊള്ളുവിൻ! എന്റെ ആത്മാവ് നാശമടയുന്ന ആത്മാവല്ല. എന്റെ തലവിധിയിൽ അപചയത്തിന്റെ ബീജമില്ല. എനിക്ക് ധൈര്യവും സത്യസന്ധതയും നല്കപ്പെട്ടിരിക്കുന്നു. അതിനു മുമ്പിൽ മലകൾപോലും നിഷ്ഫലമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അല്ലയോ അജ്ഞന്മാരേ! അന്ധന്മാരേ! ഞാൻ നഷ്ടപ്പെട്ടുപോകാൻ എനിക്ക് മുമ്പേ ഏത് സത്യവാനാണ് നഷ്ടപ്പെട്ട് പോയിട്ടുള്ളത്. ഞാൻ നശിച്ചൊടുങ്ങാൻ സത്യവാനായ ആരെയാണ് അല്ലാഹു നിന്ദ്യതയോടെ നശിപ്പിച്ചിട്ടുള്ളത്. തീർച്ചയായും ഓർത്തുകൊള്ളുവിൻ! ചെവി തുറന്ന് കേട്ടുകൊള്ളുവിൻ! എന്റെ ആത്മാവ് നാശമടയുന്ന ആത്മാവല്ല. എന്റെ തലവിധിയിൽ അപചയത്തിന്റെ ബീജമില്ല. എനിക്ക് ധൈര്യവും സത്യസന്ധതയും നല്കപ്പെട്ടിരിക്കുന്നു. അതിനു മുമ്പിൽ മലകൾപോലും നിഷ്ഫലമാണ്. ഞാൻ ആരേയും വകവെക്കുന്നില്ല. ഞാൻ ഒറ്റയ്ക്കായിരുന്നു. ഒറ്റയ്ക്കിരുന്നതിൽ എനിക്ക് വെറുപ്പില്ല. അല്ലാഹു എന്നെ വിട്ടുകളയുമോ? ഒരിക്കലുമില്ല. അവൻ എന്നെ നഷ്ടപ്പെടുത്തുകയില്ല. ശത്രു നിന്ദിതനാകും. അസൂയാലു ലജ്ജിതനാകും. അല്ലാഹു തന്റെ ദാസനെ എല്ലാ രംഗങ്ങളിലും വിജയിപ്പിക്കും. ഞാൻ അവനോടൊപ്പമാണ്. അവൻ എന്നോടൊപ്പമാണ്. ഞങ്ങൾ തമ്മിലുള്ള ബന്ധം തകർക്കാൻ ആർക്കും സാധ്യമല്ല. അവന്റെ ബഹുമാനവും പ്രതാപവും കൊണ്ടു സത്യം. ലോകത്തും പരലോകത്തും അവന്റെ ദീനിന്റെ മഹത്ത്വം പ്രകടമാകുന്നതിനേക്കാളും അവന്റെ പ്രതാപം തിളങ്ങുന്നതിനേക്കാളും നാലു ഭാഗത്തും അവനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നതിനേക്കാളും സന്തോഷകരമായ ഒരു പരീക്ഷണത്തേയും അവന്റെ അനുഗ്രഹത്താൽ എനിക്ക് ഭയമില്ല; ഒരു പരീക്ഷണമല്ല, കോടിക്കണക്കിന് പരീക്ഷണമുണ്ടായാലും! പരീക്ഷണങ്ങളുടെ മൈതാനത്തിലും ദുഃഖങ്ങളുടെ വനത്തിലും എനിക്ക് കരുത്ത് നല്കപ്പെട്ടിരിക്കുന്നു."

**(അൻവാറുൽ ഇസ്‌ലാം, റൂഹാനി ഖസായിൻ, വാല്യം 9, പേജ് 23).**

**(2017-ൽ നടന്ന 123-ാമത് ജൽസസാലാനയുടെ സംക്ഷിപ്ത റിപ്പോർട്ട്(തുടങ്ങിയതുമുതൽ 126-ാമത്)**

# അഹ്മദിയ്യാകേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 123-ാമത് ജൽസസാലാന വിജയകരമായനിലയിൽ സമാപിച്ചു.

**മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അത്യുജ്ജ്വലമായ ആത്മീയ പ്രഭാഷണം.**

**●44 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. 20,048 പേർ ജൽസയിൽ പങ്കെടുത്തു.**

**●ഹുദൂറിന്റെ സമാപന പ്രഭാഷണത്തിൽ ലണ്ടനിൽ 5300 പ്രതിനിധികൾ സന്നിഹിതരായി.**

**●തഹജ്ജുദ് നമസ്കാരം. ●ദർസുൽഖുർആൻ. ●ദിക്റെ ഇലാഹിയുടെ തികവാർന്ന അന്തരീക്ഷം. ●ആദരണീയരായ ആലിംകളുടെ ഉജ്ജ്വല പ്രസംഗങ്ങൾ. ●സർവമത സമ്മേളനം. ●അതിഥികളുടെ പരിചയപ്പെടുത്തൽ ഭാഷണം. ●ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിഭാഷ. ●അഹ്മദികളുടെ അറിവുകളിൽ വർധനവരുത്തുന്നതിന് ശിക്ഷണപരമായ കാര്യങ്ങളടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും. ●32 വിവാഹ വിളംബരങ്ങൾ. ●പ്രിന്റ്-ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ●സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ ജൽസയ്ക്ക് സമാപനം. ●ഡിസംബർ 20 മുതൽ 22വരെ എം.ടി.എ ഇന്റർ നാഷണൽ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് അറബി പ്രോഗ്രാം "ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ്"ന്റെ തൽസമയ സംപ്രേഷണം. ●ജനുവരി 3 മുതൽ 5 വരെ 'The Messiah of the Age' എന്ന ശീർഷകത്തിൽ ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി തൽസമയ സംപ്രേഷണം.**

## ഖാദിയാൻ ജൽസ (ഭാഗം 2)

❍ നാളിർ ദഅ്‌വത്തെ ഇലല്ലാഹ് മർക്കസിയ ഖാദിയാൻ, മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബിന്റേതായിരുന്നു രണ്ടാമത്തെ പ്രസംഗം. 'സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), സൗഹാർദത്തിന്റേയും ആത്മവിശ്വാസത്തിന്റേയും വെളിച്ചത്തിൽ' എന്നതായിരുന്നു വിഷയം. അദ്ദേഹം സൂറഃസ്വഫ്ഫിന്റെ ഏഴാമത്തെ വചനം തിലാവത്ത് ചെയ്തു. തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പദ്യശകലം ചൊല്ലി.

ഗാലിയാൻ സുൻ കെ ദുആ ദോ പാക്കെ ദുഃഖ് ആരാം ദോ<br>
കിബ്ർ കി ആദത്ത് ജോ ദേഖോ തും ദിഖാഹോ ഇൻകിസാർ<br>
ഗാലിയാൻ സുൻകർ ദുആ ദേത്താഹും ഉൻ ലോഗോംകോ<br>
രഹം ഹെ ജോശ് മെ ഔർ ഗയ്ള് ഘട്ടായാ ഹംനേ

അദ്ദേഹം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സൗഹാർദത്തിന്റേയും ആത്മവിശ്വാസത്തിന്റേയും ഈമാൻ ദൃഢീകരിക്കുന്ന ധാരാളം സംഭവങ്ങൾ കേൾപ്പിക്കുകയുണ്ടായി. അവയിലെ ഒരു സംഭവം താഴെ ചേർക്കുകയാണ്.

മിർസാ ഇമാമുദ്ദീനും നിസാമുദ്ദീനും 1900 ജനുവരി 5ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും അവിടത്തെ സഹാബാക്കളേയും ബുദ്ധിമുട്ടിക്കുന്നതിനും വിഷമിപ്പിക്കുന്നതിനും മസ്ജിദ് മുബാറക്കിന്റെ താഴത്തുടെ പോകുന്ന ഇടവഴിയിൽ ഇഷ്ടികകൊണ്ടുള്ള മതിൽ കെട്ടിമുട്ടിച്ചു. ഇതുമുഖേന ഹദ്റത്ത് മസീഹ് മൗഊദിനും സ്വഹാബാക്കൾക്കും അതിഥികൾക്കും മസ്ജിദ് മുബാറക്കിൽ പോകുന്നതിന് ദീർഘമായതും മോശമായതുമായ വഴി സ്വീകരിക്കേണ്ടിവന്നു. വഴിയടക്കരുതെന്നും അടച്ചതുകൊണ്ട് തന്റെ അതിഥികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും ശാന്തമായി അവർക്ക് മനസ്സിലാക്കികൊടുക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സ്വഹാബാക്കളെ മിർസാ ഇമാമുദ്ദീന്റെയടുക്കൽ അയച്ചു. ഇനി നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ തന്റെ മറ്റേതെങ്കിലും സ്ഥലം കൈയേറിക്കൊള്ളാനും പറഞ്ഞിരുന്നു. മിർസാ ഇമാമുദ്ദീൻ ഇത് കേട്ടപാടെ കോപാകുലനായി. അയാൾ പറഞ്ഞു: അയാൾ (ഹദ്റത്ത് മസീഹ് മൗഊദ്(അ) നേരിട്ട് എന്തുകൊണ്ട് വന്നില്ല. ഞാൻ നിങ്ങളെ എന്തറിയാനാണ്? പിന്നീട് പരിഹാസത്തോടെ 'വഹ്‌യ് ഉണ്ടാകാൻ തുടങ്ങിയതുമുതൽ അവനെന്തു പറ്റി എന്നറിയില്ല' എന്നും പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജില്ലാ ഭരണാധികാരി ഡപ്യൂട്ടി കമ്മീഷണർ ഗുരുദാ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

സ്പൂരിന്റെയടുക്കൽ ഒരു സംഘത്തെ അയച്ചുകൊണ്ട് തന്റെ പ്രയാസങ്ങൾ അകറ്റാൻ ശ്രമിച്ചു. എന്നാൽ, ഡിസിയുടെ പെരുമാറ്റം അങ്ങേയറ്റം എതിരായിരുന്നു. ഈ പ്രയാസം അകലുന്നതിനുള്ള എല്ലാ വഴികളും അടയുന്നതായി കണ്ടപ്പോൾ അവിടന്ന് ഗുരുദാസ്പൂർ ഡിസ്ട്രിക്ട്ജഡ്ജിന്റെ കോടതിയിൽ കേസ് കൊടുത്തു. 1901 ആഗസ്ത് 12ന് ഈ കേസിന്റെ വിധി ഹദ്റത്ത് മസീഹ് മൗഊദി(അ)ന് അനുകൂലമായി ഉണ്ടായി. ജില്ലാ ജഡ്ജി മിർസാ ഇമാമുദ്ദീന് കോടതി ചെലവിനു പുറമെ നൂറ് രൂപയും പിഴയുമിട്ടു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വക്കീൽ ആ മഹാത്മാവിന്റെ അറിവോ അഭിപ്രായവോ കൂടാതെ വിധിച്ച തുക കിട്ടുന്നതിനുവേണ്ടിയുള്ള കടലാസുകൾ തയ്യാറാക്കി അത് നല്കാനുള്ള വിധി പുറപ്പെടുവിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിലായിരുന്നു. ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അസാന്നിധ്യത്തിൽ സർക്കാർ ഉദ്യോഗസ്ഥർ വന്നു. മിർസാ ഇമാമുദ്ദീൻ അതിനിടയിൽ വഫാത്തായി കഴിഞ്ഞിരുന്നു. മിർസാ നിസാമുദ്ദീൻ സാഹിബ് ജീവിച്ചിരിപ്പുണ്ടായിരുന്നു. എന്നാൽ, കോടതി പറഞ്ഞ തുക അടക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നില്ല. അപ്പോൾ തടവല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ തുക മാപ്പാക്കാൻ അപേക്ഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം അറിഞ്ഞപ്പോൾ പറഞ്ഞു: 'എനിക്ക് രാത്രി ഉറക്കം വരികയില്ല. ഉടനെതന്നെ ഖാദിയാനിൽ ആളെ അയക്കുക. ഈ കോടതി ചെലവ് മാപ്പാക്കിയിരിക്കുന്നതായി അദ്ദേഹത്തെ അറിയിക്കുക.' അതിനോടൊപ്പം ഹുദൂർ(അ) തന്നെ അറിയിക്കാതെ ഈ കല്പനയുമായി ഖാദിയാനിൽ എത്തിയതിന് ഖേദവും പ്രകടിപ്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു: 'ഞാൻ സത്യം ചെയ്ത് പറയുകയാണ്. ഏതെങ്കിലും വ്യക്തി ആയിരം തവണ എന്നെ ദജ്ജാലെന്നും കദ്ദാബെന്നും പറഞ്ഞാലും എനിക്കെതിരിൽ ഏതു തരത്തിൽ പ്രവർത്തിച്ചാലും അയാൾ രഞ്ജിപ്പിന് വന്നാൽ അയാൾ എന്നെ പറഞ്ഞതൊന്നും എന്നോട് പെരുമാറിയതൊന്നും എനിക്ക് ഓർമയുണ്ടാകില്ല.'

ഈ യോഗത്തിന്റെ മൂന്നാമത്തേയും അവസാനത്തേയും പ്രസംഗം നാളിർ ഇർശാദ് വഖ്ഫെ ജദീദ് ഖാദിയാൻ, മൗലാനാ സുൽത്വാൻ അഹ്മദ് ളഫ്ർ സാഹിബിന്റേതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം എന്നതായിരുന്നു വിഷയം. അദ്ദേഹം അൻആം എന്ന അധ്യായത്തിലെ 49, 50 വചനങ്ങളും ജിന്ന് എന്ന അധ്യായത്തിലെ 27, 28 വചനങ്ങളും പാരായണം ചെയ്തു. അതിൽ അല്ലാഹു പറയുന്നു: അല്ലാഹുവിൽ നിന്ന് വരുന്ന പ്രവാചകന്മാർക്കും ദൂതന്മാർക്കും ധാരാളം അദൃശ്യ കാര്യങ്ങൾ നല്കപ്പെടുന്നു. അതിൽ സന്തോഷവാർത്തയും മുന്നറിയിപ്പും അടങ്ങുന്നതായ പ്രവചനങ്ങളും ഉണ്ട്. ആരാണോ ആ നബിയെ വിശ്വസിച്ചുകൊണ്ട് തന്റെ പരിഷ്കരണം നടത്തുന്നത് അല്ലാഹു അവരുടെ ജീവിതത്തിൽനിന്ന് എല്ലാതരത്തിലുള്ള ഭയത്തേയും അകറ്റുന്നതാണ്. എല്ലാ ദുഃഖങ്ങളിൽനിന്നും വിഷമങ്ങളിൽനിന്നും മോചനം നല്കുന്നതാണ്. ആ നബിയെ വിശ്വസിക്കാത്തവരും കലഹത്തിലും കുറ്റകൃത്യങ്ങളിലും അകപ്പെട്ടുകിടക്കുന്നവരും തങ്ങളുടെ ശിക്ഷ രുചിക്കുന്നതുമാണ്.

അദ്ദേഹം തന്റെ പ്രസംഗത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പല ഈമാൻ ദൃഢീകരിക്കുന്ന പ്രവചനങ്ങളും പ്രതിപാദിക്കുകയുണ്ടായി. സുവിശേഷപരമായ ഒരു പ്രവചനം അദ്ദേഹം വിവരിച്ചു: ഞാൻ ഒരു പ്രവചനത്തെകുറിച്ച് പറയുകയാണ്. അതിന്റെ പ്രകടനം മസീഹ് മൗഊദ്(അ)ന്റെ കാലം മുതൽ ഇന്നുവരെ പ്രോജ്ജ്വലമായി പുലർന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സന്തോഷവാർത്ത അറിയിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു: "ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണ്." 1898 ലെ ഇൽഹാമാണിത്. ആ സമയത്ത് അദ്ദേഹത്തെ വിശ്വസിക്കുന്നവരുടെ എണ്ണം പതിനായിരമായിരുന്നു. ആ പരിതഃസ്ഥിതിയിൽ ഇതൊരു മഹത്തായ പ്രവചനമായിത്തീരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് ഇന്ന് ലോകത്തിലെ 210 രാഷ്ട്രങ്ങളിൽ പരന്നുകഴിഞ്ഞിരിക്കുന്നു. ആയിരങ്ങളിൽനിന്ന് പുറത്തുകടന്ന് ലക്ഷങ്ങളിലല്ല മറിച്ച് കോടികളിലെത്തിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച്, 'ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കും'എന്ന പ്രവചനമനുസരിച്ച് ജമാഅത്തിന് തബ്ലീഗിനുള്ള ധാരാളം മാർഗങ്ങൾ പ്രദാനം ചെയ്യുന്നു. ഉദാഹരണത്തിന് ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ തണലിൽ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ തബ്ലീഗിനെ ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കുന്നതിനുവേണ്ടി ലോകം മുഴുവൻ ആയിരക്കണക്കിന് മിഷൻ കേന്ദ്രങ്ങൾ നിലവിൽ വന്നുകഴിഞ്ഞിരിക്കുന്നു. ആയിരക്കണക്കിന് വാഖ്ഫീൻ മുബല്ലിഗുമാരും മുഅല്ലിമുമാരും പ്രബോധനത്തിന്റെയും പ്രചാരണത്തിന്റെയും ജോലിയിൽ രാപകൽ മുഴുകിയിരിക്കുന്നു. ധാരാളം രാഷ്ട്രങ്ങളിൽ വിവിധ ഭാഷകളിൽ സാഹിത്യങ്ങളുടെ പ്രസിദ്ധീകരണത്തിന് ആധുനിക പ്രിന്റിംഗ് പ്രസ്സുകൾ സ്ഥാപിതമായിട്ടുണ്ട്. ഇതുവരെ 75 ഭാഷകളിൽ വിശുദ്ധഖുർആനിന്റെ തർജമ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. എല്ലാത്തിനേക്കാളുമുപരി മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ എന്ന സാറ്റ്ലൈറ്റ് ചാനലിന്റെ സ്ഥാപനമാണ്. ഇതിന്റെ മൂന്ന് ചാനൽ മുഴുലോകത്തും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

*ഇസ്മഊ സൗത്തസ്സമാ ജാഅൽ മസീഹ്*
*ജാഅൽ മസീഹ്*
*നീസ് ബിശ്ണോ അസ് സമീൻ ആമദ്*
*ഇമാമെ കാമ്ഗാർ*

❍ ഇതിനുശേഷം രണ്ട് രാഷ്ട്രീയനേതാക്കൾ ഹ്രസ്വമായി പ്രസംഗിച്ചു. കിർഗിസ്ഥാ (Kyrgyzstan)നിലെ ഒരു അഹ്മദിസുഹൃത്തും വിശ്വാസത്തെ ദൃഢപ്പെടുത്തുന്ന അനുഭവങ്ങൾ വിവരിക്കുകയുണ്ടായി.

### (1) അവിനാശ് റായി ഖന്ന (മുൻ പാർലമെന്റംഗം):

ഭാരതീയ ജനതാപാർട്ടിയുടെ അഖിലേന്ത്യാ വൈസ്പ്രസിഡണ്ടും മുൻപാർലിമെന്റ് അംഗവുമായ അവിനാശ് റായി ഖന്ന തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ ഭാഗ്യവാനാണ്. എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബുമായി ഒരിക്കൽ ലണ്ടനിൽ കൂടിക്കാഴ്ച നടത്താൻ അവസരം കിട്ടി. അദ്ദേഹവുമൊത്ത് ചായ കുടിക്കാനുള്ള അവസരവും കിട്ടി. അഹ്മദിയ്യാ ജമാഅത്തിന് ഹോശിയാർപൂർ നഗരവുമായി അഗാധബന്ധമുണ്ട്. അവിടെനിന്നാണ് ഞാൻ വന്നത്. ഹുദൂർ ഇവിടെയും വന്നിരുന്നു. ഹുദൂറിനെ അടുത്തുനിന്ന് കണ്ടതിലും അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയതിലും എനിക്ക് അഭിമാനമുണ്ട്. 2018 ആരംഭിക്കാൻപോകുകയാണ്. ഞാൻ എന്റേയും എന്റെ പാർട്ടിയുടേയും മുഴുവൻ ഭാരതത്തിന്റേയും ആശംസകൾ നിങ്ങൾക്ക് നേരുന്നു. അല്ലാഹുവിനോട് ദുആ ചെയ്യുന്നു. ഏതൊരു സമാധാനത്തിന്റേയും ശാന്തിയുടേയും മിഷനുമായിട്ടാണോ ഹുദൂർ പുറപ്പെട്ടിട്ടുള്ളത് 2018ൽ അതിന് കൂടുതൽ കരുത്ത് ലഭിക്കുമാറാകട്ടെ. മുഴുലോകത്തും ശാന്തി സ്ഥാപിതമാകട്ടെ. ജമാഅത്ത് 210 രാജ്യങ്ങളിൽ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. ജമാഅത്തിന്റെ ആളുകൾ ഏത് രാജ്യത്ത് വസിച്ചാലും ആ ദേശത്തിന്റെ അഭിവൃദ്ധിക്കും ശാന്തിക്കും സമാധാനത്തിനുംവേണ്ടി പ്രവർത്തിക്കുന്നു. അതിനും ഞാൻ നിങ്ങൾക്കെല്ലാവർക്കും മംഗളം നേരുന്നു."

### (2) സുഖ്പാൽ സിംഗ് ഖേര (സംസ്ഥാന അസംബ്ലി പ്രതിപക്ഷനേതാവ്):

ഇന്ന് നമ്മൾ എല്ലാവരും അഹ്മദിയ്യാ ജമാഅത്തിന്റെ 123–ാമത് ജൽസയിൽ പങ്കെടുത്തിരിക്കുകയാണ്. ജമാഅത്തിന്റെ ഇത്ര വലിയ സ്റ്റേജിൽനിന്ന് സാഹോദര്യത്തിന്റെയും സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശം നല്കപ്പെടുന്നുവെന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഈ സ്റ്റേജിൽനിന്ന് അല്പം ചില വാക്കുകൾ പറയാൻ അവസരം കിട്ടിയിരിക്കുന്നു. പഞ്ചാബിലെ മണ്ണിൽനിന്നാണ് ജമാഅത്തിന്റെ സ്ഥാപകർ മിർസാ ഗുലാം അഹ്മദ് സാഹിബ് സ്നേഹത്തിന്റേയും പ്രീതിയുടേയും സന്ദേശം പ്രചരിപ്പിച്ചത്. ലണ്ടനിലുള്ള ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ മിർസാ മസ്റൂർ അഹ്മദ് സാഹിബിന് ഞാൻ മംഗളം നേരുന്നു. അങ്ങയുടെ ജമാഅത്ത് ലോകത്ത് 210 രാഷ്ട്രങ്ങളിൽ വ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. ലോകത്ത് ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം നല്കിക്കൊണ്ടിരി

(ശേഷം പേജ് 16ൽ)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

ജൽസസാലാന ഖാദിയാൻ 2018
എല്ലാ ജമാഅത്തംഗങ്ങൾക്കും
ആശംസകളോടെ......
എം. അബ്ദുൽ വഹാബ് (Business)
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

## ഖുത്ബ ജുമുഅ

**ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാനിലെ ജൽസാ സാലാനാ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ജൽസയുടെ മൂന്ന് ദിവസങ്ങൾ നല്ല നിലയിൽ കഴിയുന്നതിനും ഏതൊരു ഉദ്ദേശ്യവുമായിട്ടാണോ ആത്മാർഥരായ അഹ്മദികൾ ജൽസയിൽ പങ്കെടുക്കാൻ വന്നിട്ടുള്ളത് അത് കരസ്ഥമാക്കാൻ ഭാഗ്യമുണ്ടാകുന്നതിനും അല്ലാഹുവിനോട് ദു:ആ ചെയ്യുക.**

**ജൽസസാലാനയിൽ പങ്കെടുക്കുന്നതിന്റെ ഉന്നതമായ ഉദ്ദേശ്യത്തെ കുറിച്ചുള്ള ചർച്ച. ആ ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ഉപദേശങ്ങൾ**

### ഇന്ന് ലോകത്തിന് മസീഹ് മൗഊദിനെ വിശ്വസിക്കുന്നവരുടെ ദുആയുടെ ആവശ്യമുണ്ട്.

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നിരവധി സ്ഥലങ്ങളിൽ വിവിധ മജ്ലിസുകളിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. തന്റെ രചനകളിലും എഴുതിയിട്ടുണ്ട്. ദുആ എന്താണ്? അതിന് ഏതു അവസ്ഥയാണ് സ്വീകരിക്കേണ്ടത്? ദുആകളുടെ സ്വീകാര്യത എങ്ങനെയാണ് ഉണ്ടാകുന്നത്? ദുആ മാത്രമാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം! ഇതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)തുറന്ന് വിവരിച്ചിട്ടുണ്ട്. ദുആകളിലേക്ക് പ്രത്യേകം ശ്രദ്ധിക്കാൻ നമ്മളോടു പറഞ്ഞു.**

**ദു:ആ സ്വീകരിക്കപ്പെടുന്നതിന് ഏറ്റവും അനിവാര്യമായിട്ടുള്ള കാര്യം എല്ലാ വ്യക്തിപരമായ വൈരാഗ്യവും വെറുപ്പും മറന്നുകൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ കരഞ്ഞ് വിലപിച്ച് തന്റെ പാപങ്ങൾക്ക് മാപ്പപേക്ഷിക്കുകയും മേലിൽ സ്വഹൃദയത്തെ പരിശുദ്ധവും പരിപാവനമാക്കുന്നതിന് അല്ലാഹുവിനോട് സഹായമർഥിക്കുകയും ചെയ്യുക എന്നതാണ്.**

**ദുആകൾ സ്വീകരിക്കുന്നതിന് വിഷമാവസ്ഥ ഉണ്ടാകേണ്ടത് നിർബന്ധമാണ്. എല്ലാത്തരം ബുദ്ധിമുട്ടിന്റേയും അവസ്ഥയിൽ അല്ലാഹുവിന്റെ സത്ത മാത്രമാണ് പ്രയോജനപ്പെടുന്നതെന്ന ദൃഢവിശ്വാസത്തിൽ നിലകൊള്ളേണ്ടതും നിർബന്ധമാണ്. അവൻ മാത്രമാണ് ദുആകൾ കേൾക്കുകയും തന്റെ ദാസരെ സഹായിക്കുകയും ചെയ്യുന്നത്.**

### ദുആ സ്വീകാര്യതയ്ക്ക് മനുഷ്യൻ എല്ലാ ദിവസവും നന്മകളിൽ അഭിവൃദ്ധിപ്പെടേണ്ടത് നിർബന്ധമാണ്.

**അവിടന്ന് പറഞ്ഞ ഈ പോയന്റ് മനസ്സിലാക്കേണ്ടതാണ്. നമ്മുടെ ദുആകൾ ഒരു പോയന്റിലെത്തുമ്പോൾ, അല്ലാഹു ആഗ്രഹിച്ച നിലവാരത്തിലെത്തുമ്പോൾ എല്ലാ വ്യാജരും സ്വയമേവ നശിച്ചൊടുങ്ങുന്നതാണ്.**

**അല്ലാഹു മുസ്ലിം ഉമ്മത്തിന്റെ കണ്ണുകൾ തുറപ്പിക്കു മാറാകട്ടെ. അല്ലാഹു അയച്ച ആളെ എതിർക്കുന്നതിൽനിന്ന് അവർ പിന്തിരിയുകയും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹായികളും പിന്തുണയ്ക്കുന്നവരുമായിത്തീരുകയും ചെയ്യുമാറാകട്ടെ. അല്ലാഹു നമ്മളേയും ദുആയോടുള്ള കടമപൂർത്തിയാക്കുന്നവരാക്കുമാറാകട്ടെ. ഖാദിയാനിൽ ജൽസയിൽ പങ്കെടുക്കുന്നവർ ദുആകളിൽ പ്രത്യേകം ശ്രദ്ധിക്കുക. ഈ ജൽസയിലെ പങ്കാളിത്തം അവരിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. അല്ലാഹുതആല നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 ഡിസംബർ 29/1396 ഫത്ഹ് 29**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാനിലെ ജൽസാ സാലാനാ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ജൽസയുടെ മൂന്ന് ദിവസങ്ങൾ നല്ല നിലയിൽ കഴിയുന്നതിനും ഏതൊരു ഉദ്ദേശ്യവുമായിട്ടാണോ ആത്മാർഥരായ അഹ്മദികൾ ജൽസയിൽ പങ്കെടുക്കാൻ വന്നിട്ടുള്ളത് അത് കരസ്ഥമാക്കാൻ ഭാഗ്യമുണ്ടാകുന്നതിനും അല്ലാഹുവിനോട് ദു:ആ ചെയ്യുക. അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദു:ആ ചെയ്യുകയും തങ്ങളുടെ ജ്ഞാനപരമായ അവസ്ഥകളേയും കർമപരമായ അവസ്ഥകളേയും നന്നാക്കിത്തീർക്കാൻ ശ്രമിക്കുകയും അല്ലാഹുവുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തുകയും ഈ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി ജൽസയിലെ പരിപാടികളിൽ പങ്കെടുക്കുകയും അവ കേൾക്കുകയും അതിനെ പ്രയോജനപ്പെടുത്തുകയും ആത്മീയാന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കുകയും അതിൽനിന്ന് ഫലമെടുത്തുകൊണ്ട് ദുആയിലേക്ക് പ്രത്യേക താൽപര്യത്തോടുകൂടി ശ്രദ്ധിക്കുകയും സ്വന്തം പരിധിയിൽമാത്രം ദുആയെ പരിമിതപ്പെടുത്താതിരിക്കുകയും മറിച്ച് ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രത്യേകം ദുആകൾ ചെയ്യുകയും ചെയ്യുക എന്നതാണ് ആ ഉദ്ദേശ്യം.

ജമാഅത്തിന്റെ എതിരാളികൾ ജമാഅത്തിന് നഷ്ടം വരുത്താൻ ലോകത്തിന്റെ ഏത് ഭാഗത്ത് ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്താലും അതിനെ തകർക്കുന്നതിനും അല്ലാഹുവിന്റെ പ്രത്യേക പിന്തുണയും സഹായവും ലഭ്യമാകുന്നതിനും ദു:ആ ചെയ്യുക. അല്ലാഹു അവരുടെ എല്ലാ ഉപദ്രവങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കുമാറാകാട്ടെ. ഇതുപോലെതന്നെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ ചില സംഘങ്ങളും ഭരണകൂടങ്ങളും അക്രമപ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. മുസ്ലിംകൾ, മുസ്ലിംകളുടെ കഴുത്തറത്തുകൊണ്ടിരിക്കുന്നു. അവരെ കൊന്നുകൊണ്ടിരിക്കുന്നു. അവരെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുന്നു. അവർക്കുവേണ്ടിയും ദുആ ചെയ്യേണ്ടത് നമ്മുടെ നിർബന്ധ കടമയാണ്. മുസ്ലിംകളുടെ പൊതുവായ അവസ്ഥ നന്നായിത്തീരുന്നതിനു വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. കാരണം അല്ലാഹുവിന്റേയും നമ്മുടെ യജമാനർ നബി (സ)ന്റേയും പേരിലാണ് ഈ എല്ലാ കക്ഷികളും അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ അക്രമങ്ങൾ കാരണം അമുസ്ലിം ലോകം ഇസ്ലാമിനും നബി(സ)തിരുമേനിക്കുമെതിരിൽ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നു. ഇക്കാരണങ്ങൾ കൊണ്ടും അഹ്മദികളായ നമ്മുടെ ഹൃദയം വ്രണിതമാകുന്നു. അതുകൊണ്ട് ഇക്കാര്യത്തിനു വേണ്ടിയും നമ്മൾ ദു:ആ ചെയ്യേണ്ടതാണ്. പ്രത്യേകിച്ചും നബി(സ)തിരുമേനിയുടെ സേവകനായ മസീഹ് മൗഊദ്(അ)ന്റെ നാട്ടിൽ സംഘടിച്ചിരിക്കുന്നവർ വ്യക്തിപരമായ നിലയിലും സംഘടിതമായ നിലയിലും തങ്ങളുടെ ദുആകളിൽ ഈ എല്ലാ ഉദ്ദേശ്യങ്ങളും ഈ എല്ലാ ദുആകളും മുമ്പിൽ വെക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ അയക്കപ്പെട്ടത് ആ ഉദ്ദേശ്യസാഫല്യത്തിനു വേണ്ടിയും ദു:ആകൾ ചെയ്യേണ്ടതാണ്. ആ ഉദ്ദേശ്യം, മുസ്ലിംകൾക്ക് സന്മാർഗം കിട്ടുന്നതിനും അമുസ്ലിംകൾക്ക് ഇസ്ലാമിന്റെ യാഥാർഥ്യം പരിചയപ്പെടുത്തിക്കൊണ്ട് അവരിൽ ഇസ്ലാമിന്റെ ശ്രേഷ്ഠത സ്ഥാപിച്ച് അവരെ ഇസ്ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവരികയും നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ അണിനിരത്തുകയും അവരെ തൗഹീദിൽ നിലനിറുത്തുകയുമാണ്. അതുപോലെ തന്നെ ലോകത്തിന്റെ പൊതുവായ അവസ്ഥ നന്നാകുന്നതിനു വേണ്ടിയും ദു:ആ ചെയ്യുക. അല്ലാഹു എല്ലാ മനുഷ്യർക്കും വിവേകം പ്രദാനം ചെയ്യുകയും അവർ നാശഗർത്തത്തിൽ ആപതിക്കുന്നതിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുമാറാകട്ടെ. ഇന്ന് ലോകത്തിനു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെ ദുആകൾക്ക് വളരെ ആവശ്യമുണ്ട്. പ്രത്യേകമായ നിലയിൽ അവിടെ ജൽസയിൽ പങ്കെടുക്കുന്ന ഖാദിയാൻകാരോടും പൊതുവായ നിലയിൽ ജമാഅത്തിനോടും,

അല്ലാഹു ലോകത്തിനും മുസ്‌ലിം ഉമ്മത്തിനും ബുദ്ധി നൽകുന്നതിനും അല്ലാഹു അയച്ച വരിഷ്ഠാത്മാവിനെ വിശ്വസിക്കാതെ അവർക്ക് സ്ഥിരതയില്ലെന്നും അവർക്ക് മോക്ഷമില്ലെന്നുമുള്ള യാഥാർഥ്യം ബോധ്യമാകുന്നതിനുംവേണ്ടി ദുആകൾ ചെയ്യാൻ ഞാൻ പറയുകയാണ്. പുതുവർഷത്തിൽ ഇവർ പ്രവേശിക്കുമ്പോൾ ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് പ്രവേശിക്കുമാറാകട്ടെ. അവർക്ക് ബുദ്ധിയുണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

എന്തായാലും ദുആയുടെ വിഷയം വളരെ പ്രധാനപ്പെട്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നിരവധി സ്ഥലങ്ങളിൽ വിവിധ മജ്‌ലിസുകളിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. തന്റെ രചനകളിലും എഴുതിയിട്ടുണ്ട്. ദുആ എന്താണ്? അതിന് ഏതു അവസ്ഥയാണ് സ്വീകരിക്കേണ്ടത്? ദുആകളുടെ സ്വീകാര്യത എങ്ങനെയാണ് ഉണ്ടാകുന്നത്? ദുആ മാത്രമാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം! ഇതിനെ സംബന്ധിച്ച് ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)തുറന്ന് വിവരിച്ചിട്ടുണ്ട്. ദുആകളിലേക്ക് പ്രത്യേകം ശ്രദ്ധിക്കാൻ നമ്മളോടു പറഞ്ഞു. ഇതു സംബന്ധമായുള്ള ആ മഹാത്മാവിന്റെ ചില ഉദ്ധരണികൾ ഞാൻ കേൾപ്പിക്കുന്നതാണ്.

ഇതു സംബന്ധമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ കേൾപ്പിക്കാം. ദു:ആ സ്വീകാര്യതയുടെ അടിസ്ഥാനപരമായ കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"മനസ്സ് ശുദ്ധമാകാത്തിടത്തോളം ദു:ആ സ്വീകരിക്കപ്പെടുന്നതല്ല. ഭൗതികമായ കാര്യത്തിനാണെങ്കിലും ഒരാളോടു നിങ്ങളുടെ നെഞ്ചകത്തിൽ വെറുപ്പുണ്ടെങ്കിൽ ദു:ആ സ്വകരിക്കപ്പെടുന്നതല്ല." പറയുന്നു: "ഭൗതികമായ കാരണംകൊണ്ട് ആരോടും വെറുപ്പുവച്ചു പുലർത്താൻ പാടില്ലെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. അവനോട് വെറുപ്പ് വെച്ചു പുലർത്താൻമാത്രം ഭൗതിക ലോകത്തിനും അതന്റെ സാമഗ്രികൾക്കുംഎന്ത്പ്രസക്തിയാണുള്ളത്."(മൽഫൂദാത്ത് വാല്യം 9 പേജ് 217–218, 1985 ലണ്ടൻ പതിപ്പ്).

ദു:ആ സ്വീകരിക്കപ്പെടുന്നതിന് ഏറ്റവും അനിവാര്യമായിട്ടുള്ള കാര്യം എല്ലാ വ്യക്തിപരമായ വൈരാഗ്യവും വെറുപ്പും മറന്നുകൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ കരഞ്ഞ് വിലപിച്ച് തന്റെ പാപങ്ങൾക്ക് മാപ്പപേക്ഷിക്കുകയും മേലിൽ സ്വഹൃദയത്തെ പരിശുദ്ധവും പരിപാവനമാക്കുന്നതിന് അല്ലാഹുവിനോട് സഹായമർഥിക്കുകയും ചെയ്യുക എന്നതാണ്. ഇന്ന് അഹ്മദിയ്യാ വിരോധികൾ തങ്ങളുടെ ശത്രുതാപരമായ നടപടികൾ ശക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ നമുക്ക് ഒന്നായിനിന്നുകൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ ദു:ആ ചെയ്യാൻ ഹാജരാകേണ്ടതാണ്. മനുഷ്യൻ അസ്വസ്ഥനും ഗതിമുട്ടിയവനും ആയിക്കൊണ്ട് അല്ലാഹുവിന്റെ മുന്നിൽ കുനിയുകയും അവനോട് താണ് കേഴുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ സഹായവുമായി വരുന്നതാണ്. അതുകൊണ്ട് ഈ അടിസ്ഥാനപരമായ ഇക്കാര്യം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഒരിക്കലും അശ്രദ്ധ കാണിക്കരുത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ചിലയാളുകളുണ്ട്. അവർ ഒരു ചെവിയിലൂടെ കേൾക്കുകയും മറുചെവിയിലൂടെ പുറത്തുകളയുകയും ചെയ്യുന്നു. അവർ ഇക്കാര്യങ്ങൾ മനസ്സിൽ പതിപ്പിക്കുകയില്ല. എത്ര ഉപദേശിച്ചാലും ഒരു ഫലവുമുണ്ടാകുകയില്ല." പറഞ്ഞു: "അല്ലാഹു സ്വാശ്രയനാണ്. അധികമധികമായും ആവർത്തിച്ചാവർത്തിച്ചും അസ്വസ്ഥതയോടുകൂടി ദുആ ചെയ്യാത്തിടത്തോളം അവൻ വകവെക്കുകയില്ല. നോക്കൂ! ഒരാളുടെ ഭാര്യയോ കുഞ്ഞോ രോഗിയാവുകയോ അല്ലെങ്കിൽ ഏതെങ്കിലും കേസിൽ കുടുങ്ങുകയോ ചെയ്താൽ അക്കാരണത്താൽ അയാൾ എത്രമാത്രം അസ്വസ്ഥനാകുന്നു. അതുകൊണ്ട് ദുആയിലും സത്യസന്ധമായ പിടച്ചിലും ഗതിമുട്ടിയ അവസ്ഥയും ഉണ്ടാകാത്തിടത്തോളം അത് തികച്ചും നിരർഥവും നിഷ്ഫലവുമാണ്." ദുആകളിൽ വിഷമാവസ്ഥ ഉണ്ടാക്കുന്നതിനെ കുറിച്ച് അവിടന്ന് പറഞ്ഞു. പിന്നീട് ദുആ സ്വീകരിക്കുന്നതിനുള്ള അടിസ്ഥാനപരമായ കാര്യം പറഞ്ഞത് സ്വന്തം മനസ്സിലെ കളങ്കങ്ങളെല്ലാം ശുദ്ധിയാക്കുക എന്നാണ്. അവിടന്ന് പറയുന്നു. ദുആ സ്വീകാര്യതയ്ക്ക് താണുകേണുള്ള അപേക്ഷ നിബന്ധനയാണ്. (ഒരു നിബന്ധന മനസ്സ് ശുദ്ധമാക്കുക. രണ്ടാമത്തേത് ഗതിമുട്ടിയവന്റെ അവസ്ഥ ഉണ്ടാക്കുക) അമ്മൻയ്യുജീബുൽമുള്ത്വർറ ഇദാ ദുആഹു വ യക്ശിഫുസ്സൂഅ. ഗതിമുട്ടിയവൻ പ്രാർഥിക്കുമ്പോൾ ഉത്തരം നല്കുകയും ക്ലേശം ദൂരീകരിക്കുകയും ചെയ്യുന്നവനാരാണ്? (27:63) (മൽഫൂദാത്ത്, വാല്യം 10, പേജ് 137, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് ദുആകൾ സ്വീകരിക്കുന്നതിന് വിഷമാവസ്ഥ ഉണ്ടാകേണ്ടത് നിർബന്ധമാണ്. എല്ലാത്തരം ബുദ്ധിമുട്ടിന്റേയും അവസ്ഥയിൽ അല്ലാഹുവിന്റെ സത്ത മാത്രമാണ് പ്രയോജനപ്പെടുന്നതെന്ന ദൃഢവിശ്വാസത്തിൽ നിലകൊള്ളേണ്ടതും നിർബന്ധമാണ്. അവൻ മാത്രമാണ് ദുആകൾ കേൾക്കുകയും തന്റെ ദാസരെ സഹായിക്കുകയും ചെയ്യുന്നത്.

അതിനാൽ ഖാദിയാൻകാരോടു ഞാൻ പറയുകയാണ്. ഇപ്പോൾ അഹ്മദികൾ പ്രത്യേകമായ ആത്മീയാന്തരീക്ഷത്തിൽ മസീഹ് മൗഊദ്(അ)ന്റെ നാട്ടിൽ താമസിച്ചു വരികയാണ്. അവിടെ കുറച്ചുദിവസം കഴിയുകയാണ്. വെളിയിൽനിന്ന് വന്നിട്ടുള്ളവർ തങ്ങളുടെ നമസ്കാരങ്ങളിലും നഫ്‌ലുകളിലും ഗതിമുട്ടിയവന്റെ അവസ്ഥ ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. പൊതുവായ നിലയിൽ മുഴുവൻ ജമാഅത്തും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ചും അവിടെത്തെയാളുകൾ നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും അതുമിതും പറഞ്ഞുനടക്കുന്നതിന് പകരം കൂടുതൽ സമയം ദുആകളിലും ദിക്റെ ഇലാഹിയിലും കഴിച്ചുകൂട്ടേണ്ടതാണ്. അഹ്മദികൾക്ക് എവിടെയൊക്കെയാണോ ബുദ്ധിമുട്ടുള്ളത് അല്ലാഹു അവരിൽ തന്റെ കൃപകൊണ്ട് നല്ല അവസ്ഥകൊണ്ടുവരാനും ശത്രുക്കളെ പരാജിതരാക്കാനുംവേണ്ടി അസ്വസ്ഥരായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക.

ബുദ്ധിമുട്ടിന്റെ അവസ്ഥയും ദുആയുടെ യാഥാർഥ്യവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: ദുആ കേവലം നാവുകൊണ്ട് ബക്ബക് എന്നു പറയുന്നതിന്റെ പേരാണെന്ന് മനസ്സിലാക്കരുത്. ദുആ ഒരുതരത്തിലുള്ള മരണമാണ്. അതിനുശേഷം ജീവിതം ലഭിക്കുന്നു. പഞ്ചാബിയിൽ ഒരു പദ്യമുണ്ട്, ജോ മങ്കെ സൗ മർ രഹെ– മരെ സൗ മങ്കൺ ജാ

(അതായത് മരിച്ചവനെപോലുള്ളവന്റെ അവസ്ഥയാണ് ചോദിക്കുന്നവന്റേത്. തന്റേതായ ഒന്നും ബാക്കിയുണ്ടാകുകയില്ല. തന്റേതെല്ലാം തികച്ചും അവസാനിപ്പിച്ചുകളയുന്നു. തന്നെ പൂർണമായും ലയിപ്പിച്ച് പിന്നീട് ചോദിക്കണം. ഈ അവസ്ഥയാണ് ഉണ്ടാകേണ്ടത്. അല്ലാഹുവിന്റെ സന്നിധിയിൽ അത്തരം അവസ്ഥയിൽ മനുഷ്യൻ ഹാജരായി ദുആ ചെയ്യുമ്പോൾ ദുആകൾ സ്വീകരിക്കപ്പെടുന്നു.) അവിടന്ന് പറയുന്നു: 'ദുആയിൽ ഒരു കാന്തികശക്തിയുണ്ട്. അത് കൃപാവരത്തേയും അനുഗ്രഹത്തേയും തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു" (മൽഫൂദാത്ത്, വാല്യം 10, പേജ് 62, 1985 ലണ്ടൻ പതിപ്പ്)

ദുആയുടെ പ്രാധാന്യത്തിലേക്കും ദുആകളിലേക്കും നഫ്‌ലുകളിലേക്കും അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "നാം പറയുന്നത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കേഴുകയും നിലവിളിക്കുകയും അവന്റെ സീമകളേയും കല്പനകളേയും പ്രതാപദൃഷ്ടിയോടെ നോക്കിക്കാണുകയും ചെയ്യുന്നവൻ."(സീമകളേയും കല്പനകളേയും പ്രതാപദൃഷ്ടിയോടെ നോക്കിക്കാണേണ്ടതും വലിയ അനിവാര്യമായ കാര്യമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുള്ള ആ സീമകൾ ഏതൊക്കെയാണ്. അതിനെ കുറിച്ച് നബി(സ)തിരുമേനി നമുക്കു പറഞ്ഞു തന്നിരിക്കുന്നത് വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള എല്ലാ കല്പനകളും പ്രതാപദൃഷ്ടിയോടെ നോക്കിക്കാണണമെന്നാണ്. ഒന്നും നിസാരമായി കാണാൻ പാടില്ല)."അവന്റെ പ്രതാപത്തെതൊട്ട് ഭയന്നുകൊണ്ട് നമ്മുടെ പരിഷ്കരണം നടത്തേണ്ടതാണ്."(അല്ലാഹുവിനെ ധിക്കരിക്കുയാണെങ്കിൽ ശിക്ഷ ലഭിക്കുമെന്ന ദൃഢജ്ഞാനവും ഉണ്ടാവണം.) അതിനാൽ ഇക്കാര്യം മുമ്പിൽവച്ചുകൊണ്ട് നമ്മുടെ പരിഷ്കരണം നടത്തുമ്പോൾ പറഞ്ഞു: 'അവൻ അല്ലാഹുവിന്റെ കൃപയാൽ തീർച്ചയായും ഓഹരി പ്രാപിക്കുന്നതാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്ത് തഹജ്ജുദ് നമസ്കാരം നിർബന്ധമാക്കേണ്ടതാണ്. കൂടുതലില്ലെങ്കിലും രണ്ട് റക്അത്തെങ്കിലും നമസ്കരിക്കുക. കാരണം അവന് എന്തായാലും ദുആ ചെയ്യാനുള്ള അവസരം ലഭിക്കുന്നതാണ്." പറഞ്ഞു: 'ആ സമയത്തുള്ള ദുആകളിൽ ഒരു പ്രത്യേകമായ വശ്യശക്തിയുണ്ടാകുന്നു." (അതായത് തഹജ്ജുദിന്റെ നേരത്ത് ചെയ്യുന്ന ദുആകളിൽ). കാരണം അത് സത്യസന്ധമായ വേദനയിൽനിന്നും ആവേശത്തിൽ നിന്നുമാണ് പുറത്തുവരുന്നത്. പ്രത്യേകമായൊരു ചൂടും സങ്കടവും മനസ്സിലുണ്ടാകാതെകണ്ട് സുഖസുഷുപ്തിയിൽ നിന്ന് എങ്ങനെയാണ് ഒരാൾക്ക് ഉണരാൻ കഴിയുക.? ആ സമയത്തുള്ള ഉണർച്ചതന്നെ വേദനയുള്ള ഒരു ഹൃദയം ഉണ്ടാക്കു

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖാഇദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ന്നു. ഇതുമുഖേന ദുആയിൽ സങ്കടവും ഗതിമുട്ടിയ അവസ്ഥയും ഉണ്ടാകുന്നു. ഇതേ ഗതിമുട്ടിയ അവസ്ഥയും വിലാപവുമാണ് ദുആ സ്വീകാര്യതയ്ക്ക് നിമിത്തമായി തീരുന്നത്.”

തഹജ്ജുദ് നമാസ്കാരത്തിൽ, നഫ്ലുകളിൽ ഗതിമുട്ടിയ അവസ്ഥയും വിഷമവും ഉണ്ടാകുമ്പോൾ താൻ ഗതിമുട്ടിയവന്റെ ദുആ സ്വീകരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. അവിടന്ന് പറയുന്നു: എന്നാൽ, ഗതിമുട്ടിയവന്റെ അവസ്ഥ ഉണ്ടാകുന്നത് മനുഷ്യൻ സുഖകരമായ ഉറക്കം ത്യാഗം ചെയ്യുകയും ആരാധനയ്ക്കായി എഴുന്നേല്ക്കുകയും ചെയ്യുമ്പോഴാണ്. പക്ഷേ, എഴുന്നേൽക്കുന്നതിൽ അലസതയും മടിയും കാണിക്കുകയാണെങ്കിൽ ആ വേദനയും ചൂടും ഹൃദയത്തിലില്ല എന്നത് പ്രകടമാണ്. കാരണം ഉറക്കം ദു:ഖത്തെ അകറ്റുന്നു. പക്ഷേ, ഉറക്കത്തിൽനിന്ന് ഉണരുമ്പോൾ, എന്തോ വേദനയും ദുഃഖവും ഉറക്കത്തെക്കാളുപരി ഉണ്ടെന്നും അതാണ് ഉണർത്തുന്നതെന്നും മനസ്സിലാകുന്നു.” പറയുന്നു: “നാവിനെ വ്യർഥമായ സംസാരത്തിൽനിന്ന് പരിശുദ്ധമാക്കി വെക്കുക എന്നതാണത്.”(അതായത് വ്യർഥമായ കാര്യങ്ങൾ സംസാരിക്കുന്നതിൽനിന്ന് നാവിനെ സംശുദ്ധമാക്കി വെക്കുക. വികാരപരമായി ആരേയും ബുദ്ധിമുട്ടിക്കരുത്). ഒരു തരത്തിലുള്ള തെറ്റായ കാര്യങ്ങളും പറയാതിരിക്കുക. അവിടെത്തെ ജൽസാ അന്തരീക്ഷത്തിൽ ഇക്കാര്യങ്ങൾ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ സമയം ദൈസ്മരണയിൽ കഴിയേണ്ടതാണ്. പറഞ്ഞു: “നാവ് കാര്യസിദ്ധിയുടെ ഉമ്മറപ്പടിയാണ്. നാവിനെ പരിശുദ്ധമാക്കുന്നതിലൂടെ അല്ലാഹു കാര്യസിദ്ധിയുടെ ഉമ്മറപ്പടിയിൽ വന്നെത്തുന്നു.’ (അതായത് വീടിന്റെ മെയിൻ ഗെയ്റ്റ് നാവാണ്) അല്ലാഹു ഉമ്മറപ്പടിയിലെത്തിയാൽ പിന്നെ ഉള്ളിൽ വരുമെന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ!” അവിടന്ന് പറയുന്നു: “ഓർമിച്ചുകൊള്ളുക! അല്ലാഹുവിനോടുള്ള കടമകളിലും മനുഷ്യരോടുള്ള കടമകളിലും അറിഞ്ഞുകൊണ്ട് ഒരിക്കലും അശ്രദ്ധ കാണിക്കരുത്.” (അതായത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിൽമടി കാണിക്കരുത്. മനുഷ്യരോടുള്ള കടമനിറവേറ്റുന്നതിലും മടികാണിക്കരുത്. ഈ രണ്ടു കാര്യങ്ങളും മുമ്പിൽ വെക്കുക). ഇക്കാര്യങ്ങൾ മുന്നിൽ വച്ചുകൊണ്ട് ആരാണോ പ്രവർത്തിക്കുന്നത് അല്ലെങ്കിൽ ആർക്കാണോ ദുആ ചെയ്യാൻ തൗഫീഖ് നല്കപ്പെടുന്നത് എന്ന് പറഞ്ഞുകൊള്ളുക.” അവിടന്ന് പറയുന്നു: “അവന്റെമേൽ അല്ലാഹു അനുഗ്രഹം ചൊരിയുമെന്നും അവൻ രക്ഷപ്പെടുമെന്നും നാം ദൃഢമായും വിശ്വസിക്കുന്നു.”

ബാഹ്യമായ ഉപായങ്ങളേയും വൃത്തി തുടങ്ങിയവയേയും വിരോധിക്കുന്നില്ല. മറിച്ച്, ‘ബർ തവക്കുൽ സാൻവേ അശ്ത്തർ ബഹ് ബന്ദ്’(അതായത് തവക്കുൽ ചെയ്യുന്നതിനു മുമ്പേ ഒട്ടകത്തെ കെട്ടിയിടേണ്ടത് നിർബന്ധമാണ്). അവിടന്ന് പറയുന്നു: ‘അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്; ഇയ്യാക്കനഅ്ബുദു വ ഇയ്യാക്കനസ്ത്തഈനിൽനിന്ന് മനസ്സിലാകുന്നതുപോലെ. എന്നാൽ, ഓർക്കുക! യഥാർഥ ശുദ്ധീകരണം എന്നത് ഖദ് അഫ്ലഹ മൻ സക്കാഹാ എന്നതാണ്. തന്റെ അവസ്ഥ നന്നാക്കണമെന്നത് ഓരോ വ്യക്തിയും തന്റെ നിർബന്ധകടമയായി മനസ്സിലാക്കുക.’ അവിടന്ന് പറയുന്നു: ‘എന്നാൽ, ദുആയുടെ പരമ്പരയും തൗബയും ഇസ്തിഗ്ഫാറും ലംഘിക്കാതിരിക്കുന്നവനും അറിഞ്ഞുകൊണ്ട് പാപം ചെയ്യാതിരിക്കുന്നവനുമാണ് ദൈവകൃപ പ്രതീക്ഷിക്കുന്നവനാകുന്നത്.’

അവിടന്ന് പറയുന്നു: “മനുഷ്യനെ നശിപ്പിച്ചുകളയുകയും ദൈവക്രോധത്തെ ആളിക്കത്തിക്കുകയും ചെയ്യുന്ന ഒരു വിഷമാണ് പാപം. പാപം ദൈവഭയത്തിൽനിന്നും അവനോടുള്ള സ്നേഹത്തിൽനിന്നും മനുഷ്യനെ അകറ്റുന്നു.”(അല്ലാഹുവിനോടു ഭയവും സ്നേഹവും ഉണ്ടാകണം. അല്ലാഹു എപ്പോഴും തന്നെ കാണുന്നുണ്ടെന്നുള്ള വിചാരമുണ്ടാകണം. അപ്പോഴാണ് പാപങ്ങളിൽനിന്ന് മനുഷ്യൻ രക്ഷപ്പെടുന്നത്). അവിടന്ന് പറയുന്നു: “ദുആകളുടെ പരമ്പര ഛേദിക്കരുത്. തൗബയും ഇസ്തിഗ്ഫാറുംകൊണ്ട് പ്രവർത്തിക്കുക. മനസ്സ് അല്ലാഹുവിന്റെ മുമ്പിൽ ഉരുകുകയും അല്ലാഹുവിനെയല്ലാതെ മറ്റാരേയും അഭയം നല്കുന്നവനായി കാണാതിരിക്കുകയും ചെയ്യുമ്പോഴാണ് ദുആ ഫലപ്രദമാകുന്നത്. അല്ലാഹുവിലേക്കോടുകയും അസ്വസ്ഥതയോടുകൂടി രക്ഷ അന്വേഷിക്കുകയും ചെയ്യുന്നവൻ അവസാനം രക്ഷപ്പെടുന്നതാണ്.” (മൽഫൂദാത്ത് വാല്യം 3 പേജ് 245–247, 1985 ലണ്ടൻ പതിപ്പ്)

യഥാർഥമായ ദുആ എന്താണെന്ന് വിവരിച്ചുകൊണ്ടു പറയുന്നു. “ദുആ രണ്ടുതരമുണ്ട്. ഒന്ന് നിസാരമായ നിലയിലുള്ളത്. (അതായത് സാധാരണ മനുഷ്യൻ ചെയ്യുന്ന ദുആ). “രണ്ടാമത്തേത് മനുഷ്യൻ അതിനെ പാരമ്യതയിലെത്തിക്കുന്നത്. ഈ ദുആയാണ് യഥാർഥ അർഥത്തിൽ ദുആ എന്ന് പറയപ്പെടുന്നത്.” (മനുഷ്യൻ ദുആയെ അതിന്റെ അറ്റംവരെ എത്തിക്കുക. ബുദ്ധിമുട്ടുന്നവന്റെ അവസ്ഥ ഉണ്ടാക്കുക). അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “വിഷമങ്ങളും പ്രയാസങ്ങളും ഇല്ലാത്ത അവസ്ഥയിലും മനുഷ്യൻ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കാരണം അല്ലാഹുവിന്റെ ഉദ്ദേശ്യമെന്താണെന്നും നാളെ എന്താണ് സംഭവിക്കുന്നതെന്നും അവനറിയുന്നില്ല. അതിനാൽ രക്ഷപ്പെടുവാനായി കാലേക്കൂട്ടി ദുആ ചെയ്യുവിൻ. ദുആ ചെയ്യാൻ ഇട ലഭിക്കുന്നതിനു മുമ്പേ ചിലപ്പോൾ വിപത്തിറങ്ങാറുണ്ട്. ദുആ മുൻകൂറായി ചെയ്തിട്ടുണ്ടെങ്കിൽ ആ സമയത്ത് അത് ഫലം ചെയ്യും. (മൽഫൂദാത്ത് വാല്യം 10 പേജ് 122–123, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് വിശുദ്ധഖുർആനിന്റെ പ്രാരംഭവും അതിന്റെ അവസാനവും ദുആയാണെന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ‘ഓർമിക്കുക! അല്ലാഹു വിശുദ്ധഖുർആനിന്റെ ആരംഭവും അതിന്റെ അവസാനവും ദുആയാക്കിയിരിക്കുന്നു. (സൂറ:ഫാത്തിഹയും ദുആയാണ്. സൂറ: നാസും ദുആയാണ്). അതിന്റെ അർഥം മനുഷ്യൻ ബലഹീനനാണ്, ദൈവകൃപയില്ലാതെ അവന് പരിശുദ്ധി കൈവരിക്കാൻ സാധിക്കുകയില്ല എന്നാണ്. അല്ലാഹുവിന്റെ സഹായവും പിന്തുണയും ലഭിക്കാത്തിടത്തോളം നന്മയിൽ പുരോഗതി കരസ്ഥമാക്കുവാനും സാധിക്കുകയില്ല.” പറഞ്ഞു: “ഒരു ഹദീഥിൽ വന്നിരിക്കുന്നു. അല്ലാഹു ജീവിപ്പിക്കുന്നവരൊഴികെ എല്ലാവരും മരിച്ചവരാണ്. അല്ലാഹു നേർമാർഗത്തിലാക്കുവരൊഴികെ എല്ലാവരും വഴികേടിലാണ്, അല്ലാഹു കാഴ്ച നൽകുന്നവരൊഴികെ എല്ലാവരും കുരുടന്മാരാണ്.” പറയുന്നു: “അല്ലാഹുവിന്റെ കൃപാവരം കരസ്ഥമാകാത്തിടത്തോളം ദുൻയാവിനോടുള്ള സ്നേഹത്തിന്റെ വളയം കഴുത്തിന്റെ മാലയായിരിക്കും. അതിൽ നിന്ന് മോചിതരാകുന്നത് അല്ലാഹു തന്റെ കൃപ ചൊരിയുന്നവർ മാത്രമാണ്. എന്നാൽ, ഓർക്കുക! അല്ലാഹുവിന്റെ കൃപയും ദുആയിൽനിന്നുതന്നെയാണ് ആരംഭിക്കുന്നത്.” (മൽഫൂദാത്ത് വാല്യം 10 പേജ് 62, 1985 ലണ്ടൻ പതിപ്പ്)

അതിനുവേണ്ടിയും ദുആ ചെയ്യേണ്ടിവരും. പിന്നീട് മുഅ്മിനീംകളുടെ വിശേഷഗുണങ്ങൾ വിവരിച്ചുകൊണ്ടു പറയുന്നു: വിശുദ്ധഖുർആനിൽ വ്യക്തമായും എഴുതിയിരിക്കുന്നു, ഖദ് അഫ്ലഹൽ മുഅ്മിനൂൻ അല്ലദീനഹും ഫീസ്വലാത്തിഹിം ഖാശിഊൻ (23:2–3) അതായത് ദുആ ചെയ്ത് ചെയ്ത് മനുഷ്യന്റെ മനസ്സ് ഉരുകുകയും ദൈവസവിധത്തിൽ ആത്മാർഥതയോടും സത്യസന്ധതയോടുംകൂടി പതിക്കുകയും അതായത് അതിൽ മാത്രം ലയിക്കുകയും എല്ലാ ചിന്താഗതികളും മാഞ്ഞുപോകുകയും അവനോടു കൃപാപരവും സഹായവും ചോദിക്കുകയും ചെയ്യുക. ഒരുതരത്തിലുള്ള ഏകാന്തത കരസ്ഥമാക്കുകയും, ഒരുതരത്തിലുള്ള വിഷമവും ജ്വലനവും ഉണ്ടാകുകയും ചെയ്യുമ്പോൾ വിജയത്തിന്റെ വാതിൽ തുറക്കപ്പെടുന്നു” (ബുദ്ധിമുട്ടിന്റെ അവസ്ഥ ഉണ്ടാകണം. വിഷമം ഉണ്ടാകണം. മനുഷ്യൻ കരയണം. മനസ്സിൽ ഒരു മൃദുലത ഉണ്ടാകണം). പറഞ്ഞു: ‘അപ്പോഴാണ് വിജയത്തിന്റെ വാതിൽ തുറക്കുന്നത്.’ (ഖദ് അഫ്ലഹൽ മുഅ്മിനൂൻ തന്റെ നമസ്കാരങ്ങളിൽ ദൈവഭയം കാണിക്കുന്ന മുഅ്മിൻ വിജയം പ്രാപിച്ചു. അങ്ങേയറ്റം വിനയത്തോടും വണക്കത്തോടുംകൂടി അവൻ ദൈവസവിധത്തിൽ വീഴുന്നു. തന്നിൽ വിഷമാവസ്ഥ ഉണ്ടാക്കുന്നു) പറഞ്ഞു: “അപ്പോൾ വിജയത്തിന്റെ വാതിൽ തുറക്കുന്നു. അതുമുഖേന ദുൻയാവിനോടുള്ള സ്നേഹം തണുക്കുന്നു. കാരണം രണ്ടു സ്നേഹം ഒരിടത്ത് സമ്മേളിക്കുകയില്ല.

ഹം ഖുദാ ഖാഹി വഹം ദുൻയായെ ദൂം
ഈ ഖിയാൽ അസ്ത് വ മഹാൽ അസ്ത് വ ജുനൂൻ

എന്ന് എഴുതിയിട്ടുള്ളതുപോലെ.” (മൽഫൂദാത്ത്, വാല്യം 10, പേജ് 63, 1985, ലണ്ടൻ പതിപ്പ്)

നീ ദൈവത്തെ ആഗ്രഹിക്കുന്നു. നിന്ദ്യതയുടെ ഈ ദുൻയാവിനേയും ആഗ്രഹിക്കുന്നു. ഇത് കേവലം ഒരു സങ്കല്പമാണ്. ഇത് അസംഭാവ്യമാണ്. ഇത് ഭ്രാന്തത്വമാണ്. രണ്ടു കാര്യങ്ങളും നടക്കുകയില്ല. അതേ! ദൈവത്തെ ആഗ്രഹിക്കുകയാണെങ്കിൽ ദുൻയാവ് തീർച്ചയായും കിട്ടും. പക്ഷേ, കേവലം ദുൻയാവിനെ ആഗ്രഹിക്കുന്നതുകൊണ്ട് ദൈവത്തെ കിട്ടുകയില്ല.

സ്വന്തം തീരുമാനങ്ങളേയും ആഗ്രഹങ്ങളേയും അല്ലാഹുവിന്റെ തൃപ്തിക്കു വിധേയമാ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**“താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്.”**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**“ഏറ്റവും കൂടുതൽ ‘വാഖ്ഫിനെ നൗ’യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്.”**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ക്കുന്നതുകൊണ്ടാണ് ദുആകൾ സ്വീകരിക്കപ്പെടുന്നത്. ഈ പോയന്റ് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു. "ഫനാഫില്ലാഹ് (അല്ലാഹുവിൽ ലയിക്കൽ) ആകുകയും തന്റേതായ എല്ലാ തീരുമാനങ്ങളേയും ആഗ്രഹങ്ങളേയും ഉപേക്ഷിച്ച് കേവലം അല്ലാഹുവിന്റെ തീരുമാനങ്ങളും കല്പനകളും പാലിക്കുകയും ചെയ്യേണ്ടതാണ്; നിങ്ങൾക്കുതന്നെയും നിങ്ങളുടെ ഭാര്യാമക്കൾക്കും ബന്ധുമിത്രാദികൾക്കും നമുക്കും റഹ്മത്തിന് നിമിത്തമായി തീരുക." അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെക്കുറിച്ചും പറയുന്നു, നമുക്കും റഹ്മത്തിന് നിമിത്തമായിത്തീരുക. ഇതെങ്ങനെയാണ് ആകുക? അല്ലാഹുവിലേക്ക് വന്ന് എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിക്കുക. അവിടന്ന് പറയുന്നു: 'എതിരാളികൾക്ക് ആക്ഷേപിക്കാനുള്ള അവസരം ഒരിക്കലുമൊരിക്കലും നല്കരുത്. അല്ലാഹു പറയുന്നു മിൻഹും ളാലിമുൻല്ലിനഫ്സിഹീ വ മിൻഹും മ്മുഖ്തസിദുൻ വമിൻഹും സാബിഖുൻ ബിൽഖയ്റാത്തി (35:33) ഇതിന്റെ ഉദ്ദേശ്യമിതാണ്. അപ്പോൾ അവരിൽ ചിലർ തങ്ങളോടുതന്നെ കാഠിന്യം പ്രവർത്തിക്കുന്നവരാണ്. അവരിൽ ചിലർ മദ്ധ്യമനില സ്വീകരിക്കുന്നവരും അവരിൽ ചിലർ അല്ലാഹുവിന്റെ അനുമതിയോടെ നന്മകൾ പ്രവർത്തിക്കുന്നതിൽ മറ്റുള്ളവരെ മറികടക്കുന്നവരുമാണ്. ഒരേയൊരു സ്ഥലത്ത് നിലയുറപ്പിക്കുക നല്ല ഗുണമല്ല. നോക്കൂ! കെട്ടികിടക്കുന്ന വെള്ളം അവസാനം കെട്ടുപോകുന്നു. ചളിയുടെ സഹവാസം കാരണത്താൽ നാറ്റവും അരുചിയുള്ളതുമായി തീരുന്നു. ഒഴുകുന്ന വെള്ളം എപ്പോഴും നല്ലതും ശുദ്ധവുമായിരിക്കും; അതിന്നടിയിൽ ചളിയുണ്ടെങ്കിലും. എന്നാൽ, ചളി അതിനെ സ്വാധീനിക്കുകയില്ല. ഇതേ അവസ്ഥ തന്നെയാണ് മനുഷ്യന്റേതും. ഒരേയൊരു സ്ഥലത്ത് നിലയുറപ്പിക്കാതിരിക്കേണ്ടതാണ്. ഈ അവസ്ഥ ഭയാനകമാണ്. എപ്പോഴും ചുവട് മുന്നോട്ടുതന്നെ വെക്കേണ്ടതാണ്. നന്മയിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. അല്ലെങ്കിൽ അല്ലാഹു മനുഷ്യനെ സഹായിക്കുകയില്ല. ഇപ്രകാരം മനുഷ്യൻ പ്രകാശരഹിതനായിത്തീരുന്നു. ഇതിന്റെ ഫലം ചിലപ്പോൾ മതത്തിൽനിന്ന് വിട്ടുപോകലായിരിക്കും. ഇപ്രകാരം മനുഷ്യൻ മനസ്സിന്റെ അടിമയായിത്തീരുകയും ചെയ്യുന്നു.

പിന്നീട് ദുആ സ്വീകരിക്കപ്പെടാൻ എല്ലാ ദിവസവും നന്മയിൽ അഭിവൃദ്ധിപ്പെടുക എന്നത് നിർബന്ധമാണ്; മുമ്പേയും പറഞ്ഞതുപോലെ. അവിടന്ന് പറഞ്ഞു: "ഒരേ സ്ഥലത്ത് നില ഉറപ്പിക്കാതിരിക്കേണ്ടതാണ്. എന്നല്ല ഒഴുകുന്ന വെള്ളംപോലെ നിത്യവും സ്ഥിരമായി മനുഷ്യൻ മുന്നോട്ടു ചലിച്ചുകൊണ്ടിരിക്കേണ്ടതാണ്." അവിടന്ന് വീണ്ടും പറയുന്നു:'എപ്പോഴും നന്മയിൽ മുന്നോട്ടു മുന്നോട്ടു ചുവടു വെക്കുന്നവർക്കൊപ്പമാണ് അല്ലാഹുവിന്റെ സഹായം ഉണ്ടാകുന്നത്;ഒരു സ്ഥലത്ത് നിലച്ചുപോകുകയില്ല. അവരുടെ പര്യവസാനമാണ് ശുഭകരമായിരിക്കുക. ചിലയാളുകളെ നാം കണ്ടിട്ടുണ്ട്, അവരിൽ വളരെ അഭിനിവേശവും താൽപര്യവും കഠിനമായ വിങ്ങലും ഉണ്ടായിരിക്കും. എന്നാൽ, മുന്നോട്ടുപോയി നിലച്ചുപോകുന്നു. അവരുടെ പര്യവസാനം ശുഭകരമായിരിക്കുകയില്ല."അവിടന്ന് പറയുന്നു: 'അല്ലാഹുതആല വിശുദ്ധ ഖുർആനിൽ അസ്‌ലിഹ്‌ലീ ഫീ ദുർരിയ്യത്തീ എന്ന ദുആ പഠിപ്പിച്ചിരിക്കുന്നു.(46:16) അതായത് എന്റെ ഭാര്യാമക്കളേയും നന്നാക്കേണമേ! തങ്ങളിൽ പരിശുദ്ധമാറ്റത്തിനു വേണ്ടി ദുആ ചെയ്യുന്നതോടൊപ്പം തങ്ങളുടെ ഭാര്യാമക്കൾക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ടേയിരിക്കേണ്ടതാണ്. കാരണം മനുഷ്യന്റെ മേൽ പരീക്ഷണങ്ങൾ അധികവും വരുന്നത് ഭാര്യാമക്കൾ കാരണത്താലാണ്.'(മക്കൾ കാരണത്താലും ഭാര്യ കാരണത്താലും). പറഞ്ഞു: 'നോക്കൂ! ആദ്യ പരീക്ഷണം ഹദ്റത്ത് ആദമിൽ ഉണ്ടായതും ഭാര്യ കാരണത്താൽ തന്നെയാണ്. ഹദ്റത്ത് മൂസായ്ക്കെതിരിൽ ബൽഅമിന്റെ ഈമാൻ നഷ്ടപ്പെട്ടതും തൗറാത്തിൽനിന്ന് മനസ്സിലാകുന്നതനുസരിച്ച് ബൽഅമിന്റെ ഭാര്യയെ രാജാവ് ചില ആഭരണങ്ങൾ കാണിച്ച് അത്യാഗ്രഹമുണ്ടാക്കിയെന്നാണ്. പിന്നീട് ഭാര്യ ഹദ്റത്ത് മൂസായ്ക്കെതിരിൽ ശാപപ്രാർഥന നടത്താൻ അയാളെ പ്രേരിപ്പിച്ചുവെന്നാണ്." അവിടന്ന് പറയുന്നു: 'ചുരുക്കത്തിൽ അവർ കാരണത്താ ലും അധികവും മനുഷ്യനിൽ കഠിനമായ വിപത്തുകൾ വരാറുണ്ട്." (അതായത് മക്കളും ഭാര്യയും കാരണത്താൽ). പറഞ്ഞു: 'അതുകൊണ്ട് അവരുടെ പരിഷ്കരണത്തിനുവേണ്ടിയും പൂർണമായും ശ്രദ്ധിക്കേണ്ടതാണ്. അവർക്ക് വേണ്ടിയും ദുആ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്."(മൽഫൂദാത്ത് വാല്യം 10 പേജ് 138–139, 1985 ലണ്ടൻ പതിപ്പ്).

അതിനാൽ വെറും ദുആകളിലേക്ക് ശ്രദ്ധിക്കുന്നതിനും നന്മകളിൽ അഭിവൃദ്ധിപ്പെടുന്നതിനും ഒരു സത്യവിശ്വാസി തന്നിൽമാത്രം ഒതുങ്ങി നില്ക്കാൻ പാടില്ല. മറിച്ച് അടുത്ത തലമുറയും നന്മകളെ സ്വായത്തമാക്കുന്നതിലേക്ക് പരിശ്രമിക്കുന്നതിനോടൊപ്പം, അവരോടു പറയുന്നതിനോടൊപ്പം അവർക്കുവേണ്ടി ദുആകളും ചെയ്തുകൊണ്ടിരിക്കേണ്ട ആവശ്യമുണ്ട്; അവരിലും നന്മകളിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കാനുള്ള റൂഹ് ഉണ്ടാകുന്നതിനുവേണ്ടി.

ഒരിടത്ത് അവിടന്ന് പറയുന്നു: "ഔലിയാക്കളിൽപ്പെട്ട ഒരാളെ കുറിച്ച് പറയുന്നു, 'അദ്ദേഹം കപ്പലിൽ യാത്ര ചെയ്യുകയായിരുന്നു. കടലിൽ കൊടുങ്കാറ്റു വീശി. കപ്പൽ മുങ്ങാൻ പോകുകയായിരുന്നു. അദ്ദേഹത്തിന്റെ ദുആകൊണ്ട് രക്ഷപ്പെടുത്തപ്പെട്ടു." (അതായത് ആ പുണ്യാത്മാവ് കാരണത്താൽ). ദുആയുടെ നേരത്ത് അദ്ദേഹത്തിന് ഇൽഹാമുണ്ടായി: നിനക്കുവേണ്ടി ഞാൻ എല്ലാവരേയും രക്ഷിച്ചിരിക്കുന്നു."

പറഞ്ഞു:"ഇക്കാര്യങ്ങൾ കേവലം പറയുന്നതു കൊണ്ടുമാത്രം ലഭിക്കുകയില്ല." അതിനുവേണ്ടി കഠിനാധ്വാനം ചെയ്യേണ്ടിവരും." അവിടന്ന് പറയുന്നു: 'സ്വയം പരിശുദ്ധമായ മാതൃക സ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുക എന്നതാണ് നമുക്ക് നൽകാനുള്ള ഉപദേശം. മലക്കുകളെപ്പോലുള്ള ജീവിതം ആവാതെ കണ്ട് ഒരാൾ പരിശുദ്ധനായി എന്നു എങ്ങനെ പറയാൻ സാധിക്കും? യഫ്അലൂന മാ യുഅ്മറൂൻ."(മൽഫൂദാത്ത് വാല്യം 10 പേജ് 138, 1985 ലണ്ടൻ പതിപ്പ്)

അവരോടു കല്പിക്കപ്പെടുന്നത് മാത്രം അവർ ചെയ്യുന്നു. അതായത് സ്വന്തം കർമപരമായ അവസ്ഥകളെ നിങ്ങളോടു കല്പിക്കുന്നതു പ്രകാരം ആക്കിത്തീർക്കുക.

ദുആയുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'തളരാതെ ദുആ ചെയ്യുന്ന തടവുകാർ അനുഗൃഹീതരാകുന്നു. എന്തെന്നാൽ, ഒരുനാൾ അവർ സ്വതന്ത്രരാകും. ദുആയിൽ അലസത കാണിക്കാത്ത അന്ധർ അനുഗൃഹീതരാകുന്നു. എന്തെന്നാൽ ഒരുനാൾ അവർക്ക് കാഴ്ച ലഭിക്കും. ഖബ്റുകളിൽ കിടന്ന് ദുആ മുഖേന അല്ലാഹുവിനോട് സഹായം തേടുന്നവർ അനുഗൃഹീതരാകുന്നു. എന്തെന്നാൽ, ഒരുനാൾ അവർ അതിൽനിന്ന് പുറത്തുകൊണ്ടുവരപ്പെടും. ദുആ ചെയ്യുന്നതിൽ ഒരിക്കലും തളരാത്ത നിങ്ങൾ അനുഗൃഹീതരാകുന്നു. നിങ്ങളുടെ ആത്മാവ് ദുആ ചെയ്യാൻ ഉരുകുകയും നിങ്ങളുടെ നയനം കണ്ണീരൊഴുക്കുകയും (അത്) നിങ്ങളുടെ മനസ്സിൽ ഒരു അഗ്നി ഉണ്ടാക്കുകയും ചെയ്യുന്നു. ഏകാന്തതയുടെ ആനന്ദം സ്വായത്തമാക്കുന്നതിനുവേണ്ടി അന്ധകാരനിബിഢമായ ചെറിയ മുറിയിലേക്കും, വിജനമായ വനങ്ങളിലേക്കും അത് നിങ്ങളെ കൊണ്ടുപോകുന്നു. നിങ്ങളെ അസ്വസ്ഥരും ഭ്രാന്തരും സ്വയം നഷ്ടപ്പെട്ടവരുമാക്കുന്നു; എന്നാൽ അവസാനം നിങ്ങൾക്ക് അനുഗ്രഹം ചെയ്യപ്പെടും. (ഈ അവസ്ഥകൾ ഒരുപോലെയിരിക്കാൻ പാടില്ല. ആ ദുആകൾകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹം ഇൻശാ അല്ലാഹ് വരുന്നതായിരിക്കും) നാം ഏതൊരു അല്ലാഹുവിലേക്കാണോ നിങ്ങളെ വിളിക്കുന്നത്, അവൻ അളവറ്റ ദയാപരനും പരമകാരുണികനും ലജ്ജാശീലനും, സത്യസന്ധനും വിശ്വസ്തനും വിനയം കാണിക്കുന്നവരുടെമേൽ കരുണ ചെയ്യുന്നവനുമാണ്. അതിനാൽ നിങ്ങളും വിശ്വസ്തരായിത്തീരുക. സത്യഹൃദയത്തോടും അത്യന്തം വിശ്വസ്തതയോടും നിങ്ങൾ ദുആ ചെയ്യുക. അവൻ നിങ്ങളിൽ കരുണ ചൊരിയും. ദുൻയാവിന്റെ കോലാഹലങ്ങളിൽനിന്ന് വേർപെട്ടുകൊള്ളുക. ശരീരേച്ഛയുടെ കലഹങ്ങൾക്ക് ദീനിന്റെ നിറം കൊടുക്കാതിരിക്കുക. അല്ലാഹുവിനുവേണ്ടി പരാജയം ഏറ്റുവാങ്ങുക. വലിയ വലിയ വിജയങ്ങളുടെ അനന്തരാവകാശിയാകുന്നതിനുവേണ്ടി പരാജയം സ്വീകരിക്കുക. ദുആ ചെയ്യുന്നവർക്ക് അല്ലാഹു ദിവ്യദൃഷ്ടാന്തം കാണിക്കുന്നതായിരിക്കും. ചോദിക്കുന്നവർക്ക് ഒരു അമാനുഷികമായ അനുഗ്രഹം നല്കപ്പെടുന്നതായിരിക്കും. ദുആ അല്ലാഹുവിൽ നിന്നും വരുന്നു, അല്ലാഹുവിലേക്ക് പോവുകയും ചെയ്യുന്നു. ദുആയുടെ ഫലമായി നിങ്ങളുടെ ജീവൻ നിങ്ങളുടെ സമീപത്തുള്ളതുപോലെ അല്ലാഹു നിങ്ങളുടെ സമീപസ്ഥനാവുന്നു. ദുആയുടെ പ്രഥമ അനുഗ്രഹം അതു മനുഷ്യരിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നു എന്നതാണ്. പിന്നീട് ഈ മാറ്റംകൊണ്ട് അല്ലാഹു തന്റെ സിഫത്തുകളിൽ മാറ്റം വരുത്തുന്നു. അവന്റെ സിഫത്തുകൾ അചഞ്ചലമാണ്. എന്നാൽ, മാറ്റമുണ്ടാക്കിയവനുവേണ്ടി അവന്റേത് മറ്റൊരു ജ്യോതിസ്സാണ്. (അല്ലാഹുവിന്റെ സിഫത്തുകളിൽ മാറ്റങ്ങൾ ഉണ്ടാകുകയില്ല. പ്രത്യുത അവയുടെ പ്രകടനം മനുഷ്യൻ തന്റെ ഉള്ളിൽ മാറ്റമുണ്ടാക്കുമ്പോൾ മാറ്റപ്പെടുന്നു) അത് ലോകം അറിയുന്നില്ല. പറഞ്ഞു: 'അവൻ മറ്റൊരു ദൈവമാണെന്നപോലെ. വാസ്തവത്തിൽ മറ്റൊരു ദൈവവുമില്ല. മറിച്ച്, പുതിയ ജ്യോതിസ് പുതിയ വർണത്തിൽ അവന് വെളിപ്പെടുത്തുന്നു. അപ്പോൾ ഈ പ്രത്യേക ജ്യോതിസിന്റെ മഹിമാവിലാസത്തിൽ ആ മാറ്റമുണ്ടാക്കിയവനുവേണ്ടി മറ്റുള്ളവർക്കുവേണ്ടി ചെയ്യാത്ത ജോലി ചെയ്യുന്നു. ഇതാണ് ആ അമാനുഷികത.' (ലക്ചർ സിയാൽകോട്ട്, റൂഹാനീ ഖസായിൻ, വാല്യം 20, പേജ് 222–223)

നമസ്കാരങ്ങളിലേക്കും ദുആകളിലേക്കും സൽകർമ്മങ്ങളിലേക്കും ഇപ്രകാരംതന്നെ സൽമാതൃക കാണിക്കുന്നതിലേക്കും ജമാഅത്തംഗങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറയുന്നു. "നമ്മുടെ ജമാഅത്തിലെ ആളുകൾ മാതൃകയായി കാണിക്കേണ്ടതാണ്. ഒരാളുടെ ജീവിതത്തിൽ ബയ്അത്തിനുശേഷവും ബയ്അത്തിനു മുമ്പേയുണ്ടായിരുന്നതുപോലെ അശുദ്ധവും വൃത്തികെട്ടതുമായ ജീവിതമാണെങ്കിൽ, ആരാണോ നമ്മുടെ ജമാഅത്തിൽ ചേർന്നുകൊണ്ട് ചീത്തമാതൃക കാണിക്കുന്നത് കർമപരവും വിശ്വാസപരവുമായ ദൗർബല്യം കാണിക്കുന്നത് അവൻ ളാലിം അഥവാ അക്രമിയാണ്. കാരണം അവൻ മുഴുവൻ ജമാഅത്തിനും ചീത്തപ്പേരുണ്ടാക്കുന്നു. നമ്മെയേയും ആക്ഷേപത്തിന് കുറിമാനമാക്കുന്നു. ചീത്തമാതൃക കൊണ്ട് മറ്റു

ള്ളവർക്ക് വെറുപ്പുണ്ടാക്കുന്നു. നല്ല മാതൃക കൊണ്ട് ജനങ്ങൾക്ക് താൽപര്യമുണ്ടാകുന്നു." അവിടന്ന് പറയുന്നു: മനുഷ്യന്റെ ഇന്നും നാളെയും ഒരുപോലെയിരിക്കാൻ പാടില്ല." (ഈ ഉദാഹരണം മുമ്പേയും പ്രതിപാദിച്ചുകഴിഞ്ഞിട്ടുണ്ട്) "നന്മയിൽ എന്ത് അഭിവൃദ്ധിപെട്ടു എന്നതിന്റെ അടിസ്ഥാനത്തിൽ ഇന്നും നാളെയും ഒരുപോലെയായിട്ടുള്ളവൻ നഷ്ടത്തിലാണ്. മനുഷ്യൻ അല്ലാഹുവിനെ വിശ്വസിക്കുന്നവനും, അവനിൽ പൂർണമായും വിശ്വസിക്കുന്നവനുമാണെങ്കിൽ ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല. എന്നല്ല, ആ ഒരുവനുവേണ്ടി ലക്ഷക്കണക്കിന് ജീവൻ രക്ഷിക്കപ്പെടുന്നു.' (മൽഫൂദാത്ത്, വാല്യം 10, പേജ് 137-138, 1985 ലണ്ടൻ പതിപ്പ്)

വലിയുല്ലായുടെ ഉദാഹരണം പറയുകയുണ്ടായി. വലിയുല്ലാഹ് കപ്പൽ യാത്രയിലായിരുന്നു. അദ്ദേഹത്തിനുവേണ്ടി മറ്റുള്ളവരേയും രക്ഷിച്ചു. അല്ലാഹു തന്റെ ദാസർക്കുവേണ്ടി ആത്മീയരോഷം ഉൾക്കൊള്ളുന്നു.

അവിടന്ന് പറയുന്നു: ''നമ്മുടെ ആയുധം ദുആയാണ്. അതുകൊണ്ട് ദുആയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്." പറഞ്ഞു: "മസീഹ് മൗഊദ് വാളെടുക്കുമെന്ന് ഒരിടത്തും എഴുതിയിട്ടില്ല. യുദ്ധം ചെയ്യുമെന്നും എഴുതിയിട്ടില്ല. മറിച്ച് എഴുതിയിട്ടുള്ളത് മസീഹിന്റെ ശ്വാസംകൊണ്ട് അവിശ്വാസികൾ മരിക്കുമെന്നാണ്. അതായത് അദ്ദേഹം തന്റെ ദുആ മുഖേന എല്ലാ ജോലിയും ചെയ്യുന്നവനായിരിക്കും." പറഞ്ഞു: "നമ്മൾ കരസ്ഥമാക്കാനാഗ്രഹിക്കുന്ന ഈ എല്ലാ ഉദ്ദേശ്യങ്ങളും ദുആ മുഖേന മാത്രമേ കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. ദുആയിൽ വലിയ ശക്തിയാണുള്ളത്." അവിടന്ന് പറയുന്നു: "ഒരിക്കൽ ഒരു രാജാവ് ഒരു രാജ്യത്തെ ആക്രമിക്കാൻ പുറപ്പെട്ടു. വഴിയിൽ ഒരു ഫക്കീർ അദ്ദേഹത്തിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു. നീ മുന്നോട്ടു പോകരുത്. പോയാൽ ഞാൻ നിന്നെ നേരിടുന്നതാണെന്ന് പറഞ്ഞു."രാജാവ് അത്ഭുതപ്പെട്ടു. നീ ആയുധങ്ങളൊന്നുമില്ലാത്ത ഫഖീറാണ്. നീ എങ്ങനെയാണ് ഞാനുമായി പോരാടുന്നത്? ഫക്കീർ പറഞ്ഞു: "ഞാൻ രാവിലെ ചെയ്യുന്ന ദുആകളുടെ ആയുധംകൊണ്ട് നിനക്കെതിരെ യുദ്ധം ചെയ്യുന്നതാണ്." (തഹജ്ജുദ് നമസ്കാരത്തിൽ ചെയ്യുന്ന ദുആകൊണ്ട്) രാജാവ് പറഞ്ഞു: 'അതിനെ നേരിടാൻ എനിക്ക് കഴിയുകയില്ല.'ഇത് പറഞ്ഞ് രാജാവ് മടങ്ങിപോയി. (ഇത്ര ശക്തിയാണ് ദുആയ്ക്കുള്ളത്. ഇക്കാര്യമാണ് അവിടന്ന് വിവരിക്കുന്നത്) പറഞ്ഞു: 'ദുആയിൽ അല്ലാഹു വലിയ ശക്തിയാണ് വെച്ചിട്ടുള്ളത്. അല്ലാഹു ആവർത്തിച്ചാവർത്തിച്ച് ഇൽഹാം മുഖേന എന്നോടു ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത്; എന്തു നടക്കുകയാണെങ്കിലും ദുആ മുഖേനയായിരിക്കും നടക്കുക. നമ്മുടെ ആയുധം ദുആ തന്നെയാണ്. അതല്ലാതെ മറ്റൊരു ആയുധവും നമ്മുടെ പക്കലില്ല. നമ്മൾ രഹസ്യമായി ചോദിക്കുന്നത് അവൻ പരസ്യമായി കാണിച്ചുതരുന്നു. കഴിഞ്ഞ നബിമാരുടെ കാലഘട്ടത്തിൽ ചില എതിരാളികൾക്ക് നബിമാർ മുഖേന ശിക്ഷ നല്കിയിരുന്നു. (അതായത് യുദ്ധങ്ങളുടെ രൂപത്തിൽ നല്കപ്പെട്ടു). നാം ദുർബലനും ബലഹീനനുമാണെന്ന് അല്ലാഹുവിന് അറിയാം. അതുകൊണ്ട് നമ്മുടെ എല്ലാ ജോലിയും അവൻ തന്നെ ചെയ്യുന്നു. ഇസ്ലാമിനിപ്പോൾ ഈ ഒരേയൊരു വഴിയേയുള്ളൂ. അത് ശുഷ്കരായ മുല്ലാക്കൾക്കും ശുഷ്കരായ തത്ത്വജ്ഞാനികൾക്കും മനസ്സിലാകുകയില്ല. നമുക്കുവേണ്ടി യുദ്ധത്തിനുള്ള വഴി തുറന്നിരുന്നുവെങ്കിൽ എല്ലാ സാധനസാമഗ്രികളും സംഘടിപ്പിച്ചുതരുമായിരുന്നു. നമ്മുടെ ദുആകൾ ഒരു പോയന്റിലെത്തുമ്പോൾ വ്യാജർ സ്വയമേവ നശിച്ചൊടുങ്ങുന്നതാണ്.

(നമ്മുടെ ദുആകൾ ഒരു പോയന്റിൽ എത്തുമ്പോൾ എന്ന് അവിടന്ന് പറഞ്ഞത് മനസ്സിലാക്കേണ്ടതാണ്. അല്ലാഹു ഇച്ഛിക്കുന്ന നിലവാരത്തിലെത്തുമ്പോൾ എല്ലാ വ്യാജരും സ്വയമേവ നശിക്കുന്നതാണ്. അവിടത്തെ കാലഘട്ടത്തിലുണ്ടായിരുന്ന എതിരാളികളെല്ലാം അദ്ദേഹത്തിന്റെ മുന്നിൽ നിന്ദ്യരായി മരിച്ചു. ഇന്നും ശത്രുവിന്റെമേൽ വിജയമുണ്ടാകണമെങ്കിൽ ഈ ദുആ മുഖേന തന്നെയാണ് ഉണ്ടാകുക. അതിനു വേണ്ടി നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.) അവിടന്ന് പറയുന്നു: "നമ്മുടെ പക്കൽ ദുആയേക്കാളുപരി മറ്റൊരു ആയുധവുമില്ല. അല്ലാഹു ഇപ്പോൾ ദീനിന് ഏതുമാർഗത്തിലൂടെ പുരോഗതി നല്കാൻ ആഗ്രഹിക്കുന്നുവെന്ന കാര്യം മനസ്സിലാക്കുന്നവർ ഭാഗ്യവാന്മാർ."(മൽഫൂദാത്ത് വാല്യം 9 പേജ് 27-28 1985 ലണ്ടൻ പതിപ്പ്).

ദീനിന്റെ പുരോഗതിക്കായി അല്ലാഹു ഏതൊരു ആയുധമാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു നൽകിയിരിക്കുന്നത് അത് ആ മഹാത്മാവിനെ വിശ്വസിക്കുന്നവരും പ്രയോഗിക്കേണ്ടിവരും. ഈ ആയുധമാണ് നമ്മെ ഇൻശാഅല്ലാഹ് ബുദ്ധിമുട്ടുകളിൽനിന്ന് കരകയറ്റുകയും ശത്രുക്കളെ നിരാശരും പരാജിതരുമാക്കുന്നതും. ഓരോ അഹ്മദിയും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

അവസാനമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്‌ലിം ഉമ്മത്തിനു വേണ്ടി ചെയ്ത ഒരു ദുആ കേൾപിക്കുകയാണ്. നമ്മുടെ ജമാഅത്തിൽപ്പെടാത്ത മുസ്‌ലിം സഹോദരങ്ങൾക്കുവേണ്ടിയും പൊതുവായ നിലയിൽ അവിടന്ന് ചെയ്ത ദുആയാണിത്. അവിടന്ന് പറയുന്നു: റബ്ബി യാ റബ്ബി ഇസ്‌മഅ് ദുആഈ ഫീ ഖൗമീ വ തളർറുഈ ഫീ ഇഖ്‌വത്തീ, ഇന്നീ അത്തവസ്സലു ഇലയ്ക്ക ബിനബിയ്യിക്ക ഖാത്തമിന്നബിയീന വ ശഫീഇൻ വ മുശഫ്ഫഇൻ ലിൽമുദ്നിബീന-റബ്ബി അഖ്‌രിജ്ഹും മിനള്ളുലുമാത്തി ഇലാ നൂരിക്ക വമിൻബയ്ദാഇൽബുഅ്ദി ഇലാ ഹുളൂരിക്ക-റബ്ബിർഹം അലല്ലദീന യൽഅനൂന അലയ്യ വഹ്ഫള് മിൻ നബിയ്യിക്ക ഖൗമൻ യഖ്ത്വഊന യദയ്യ വ അദ്ഖിൽ ഹുദാക്ക ഫീ ജദ്‌രി ഖുലൂബിഹിം വഅ്ഫു അൻ ഖത്വീആത്തിഹിം വ ദുനൂബിഹിം വഗ്ഫിർലഹും വ ആഫിഹിം വ വാദിഅ്ഹും വ സ്വാഫിഹിം വ അഅ്ത്വിഹിം ഉയൂനൻ യുബ്സ്വിറൂന ബിഹാ വ ആദാനൻ യസ്‌മഊന ബിഹാ വ ഖുലൂബൻ യഫ്ഖഹൂന ബിഹാ വ അൻവാറൻ യഅ്രിഫൂന ബിഹാ വർഹം അലയ്ഹിം-വഅ്ഫു അമ്മാ യഖൂലൂന ഫ ഇന്നഹും ഖൗമുൻ ലാ യഅ്ലമൂൻ-റബ്ബി ബിവജ്ഹിൽ മുസ്തഫാ വ ദറജത്തിഹിൽഉൽയാ വൽഖാഇമീന ഫീ ആനാഇല്ലയ്‌ലി വൽഗാസീന ഫീ ഔഇൽ ളുഹാ വ രികാബിൻല്ലക്ക തുഅദ്ദു ലിസ്സുറാ വ രിഹാലിൻ തുശദ്ദു ഇലാ ഉമ്മിൽഖുറാ-അസ്‌ലിഹ് ബയ്നനാ വ ബയ്ന ഇഖ്‌വാനിനാ-വഫ്ത്തഹ് അബ്സ്വാറഹും വ നവ്വിർ ഖുലൂബഹും വ ഫഹ്ഹിംഹും മാ ഫഹ്ഹംതനീ വ അല്ലിംഹും ത്വുറുഖത്തഖ്‌വാ-വഅ്ഫു അമ്മാ മളാ-വ ആഖിറു ദഅ്‌വാനാ അനിൽഹംദു ലില്ലാഹ് റബ്ബിസ്സമാവാത്തിൽഉലാ-(ആയിനയെ കമാലാത്തെ ഇസ്‌ലാം റൂഹാനീ ഖസാഇൻവാല്യം 5, പേജ് 22-23)

ഓ എന്റെ രക്ഷിതാവേ, എന്റെ സമുദായത്തിനു വേണ്ടിയുള്ള എന്റെ ദുആയും എന്റെ സഹോദരന്മാർക്കു വേണ്ടിയുള്ള എന്റെ നിലവിളിയും കേൾക്കേണമേ. ഖാത്തമുന്നബിയ്യീനും പാപികളുടെ ശിപാർശകനുമായ നിന്റെ നബിയെ-ആ മഹാത്മാവിന്റെ ശിപാർശ സ്വീകരിക്കപ്പെടുന്നതാണ്-ഇടനിലക്കാരനാക്കിക്കൊണ്ട് നിന്നോട് തേടുന്നു; അല്ലയോ എന്റെ രക്ഷിതാവേ! അവരെ അന്ധകാരത്തിൽനിന്ന് നിന്റെ പ്രകാശത്തിലേക്ക് എടുത്തുകൊണ്ടുവരേണമേ. അകൽച്ചയുടെ മരുഭൂമിയിൽനിന്ന് നിന്റെ തിരുസന്നിധിയിൽ കൊണ്ടുവന്നാലും. എന്റെ നാഥാ! എന്റെമേൽ ശാപം ചൊല്ലുന്നവരുടെ മേലും, എന്റെ കൈകൾ മുറിക്കുന്നവരുടെമേലും നീ കരുണ ചൊരിയേണമേ. ഈ സമുദായത്തെ നാശത്തിൽനിന്ന് രക്ഷിക്കുകയും നിന്റെ ഹിദായത്ത് അവരുടെ ഹൃദയങ്ങളിൽ പ്രവേശിപ്പിക്കുകയും അവരുടെ തെറ്റുകളും പാപങ്ങളും മാപ്പാക്കുകയും അവർക്ക് പൊറുത്തുകൊടുക്കുകയും അവർക്ക് സൗഖ്യം നൽകുകയും അവരെ പരിഷ്കരിക്കുകയും പരിശുദ്ധീകരിക്കുകയും ചെയ്യേണമേ. അവർക്ക് കാണാൻ കഴിവുള്ള നയനങ്ങൾ പ്രദാനം ചെയ്യേണമേ. അവർക്ക് കേൾക്കാൻ കഴിവുള്ള കാതുകൾ പ്രദാനം ചെയ്യേണമേ. അവർക്ക് മനസിലാക്കാൻ കഴിയുന്ന ഹൃദയം നീ നൽകേണമേ. അവർക്ക് മനസിലാക്കാൻ കഴിയുന്ന പ്രകാശങ്ങൾ പ്രദാനം ചെയ്യേണമേ. അവരിൽ കരുണ ചൊരിയേണമേ. അവർ എന്തൊന്ന് പറയുന്നുവോ നീ അവർക്ക് പൊറുത്തുകൊടുക്കേണമേ. കാരണം അവർ അറിവില്ലാത്ത ജനതയാണ്.

എന്റെ നാഥാ! ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടേയും അവിടത്തെ ഉന്നതസ്ഥാനത്തിന്റേയും പുണ്യധർമംകൊണ്ട്, രാത്രികളിൽ എഴുന്നേറ്റ് ആരാധനയിൽ മുഴുകുകയും പ്രഭാതത്തിൽ യുദ്ധം ചെയ്യുകയും ചെയ്യുന്നവരുടെ പുണ്യധർമം കൊണ്ട്, നിനക്കുവേണ്ടി(നിന്റെ തൃപ്തിക്കുവേണ്ടി) രാത്രികളിൽ യാത്ര ചെയ്യുന്നതിന് തയ്യാറാക്കപ്പെടുന്ന യാത്രാവാഹനങ്ങളുടേയും ഉമ്മുൽഖുറായിലേക്ക് ചെയ്യുന്ന യാത്രയുടേയും പുണ്യധർമംകൊണ്ട് ഞങ്ങളുടേയും ഞങ്ങളുടെ സഹോദരങ്ങളുടേയുമിടയിൽ രഞ്ജിപ്പിനുവേണ്ടുന്ന സംവിധാനം ചെയ്യേണമേ. അവരുടെ കണ്ണുകൾ തുറപ്പിക്കേണമേ. അവരുടെ ഹൃദയങ്ങളെ പ്രകാശപൂരിതമാക്കേണമേ. എന്തൊന്നാണോ നീ എനിക്കു മനസിലാക്കിതന്നിരിക്കുന്നത് അവർക്കും മനസിലാക്കികൊടുക്കേണമേ. അവർക്ക് തഖ്‌വയുടെ മാർഗം പഠിപ്പിക്കേണമേ. കഴിഞ്ഞുപോയതിൽ നിന്ന് പൊറുക്കേണമേ. നമ്മുടെ അവസാന ദുആ ഇതാണ്. ഉന്നതമായ ആകാശങ്ങളുടെ നാഥനായ അല്ലാഹുവിനാണ് സർവ സ്തുതികളും.

ഖുത്ബയുടെ അവസാനം ഹുദൂർ പറഞ്ഞു: "അല്ലാഹു മുസ്‌ലിം ഉമ്മത്തിന്റെ കണ്ണുകൾ തുറപ്പിക്കു മാറാകട്ടെ. അല്ലാഹു അയച്ച ആളെ എതിർക്കുന്നതിൽനിന്ന് അവർ പിന്തിരിയുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹായികളും പിന്തുണയ്ക്കുന്നവരുമായിത്തീരുകയും ചെയ്യുമാറാകട്ടെ. അല്ലാഹു നമ്മളേയും ദുആയോടുള്ള കടമപൂർത്തിയാക്കുന്നവരാക്കുമാറാകട്ടെ. ഖാദിയാനിൽ ജൽസയിൽ പങ്കെടുക്കുന്നവർ ദുആകളിൽ പ്രത്യേകം ശ്രദ്ധിക്കുക. ഈ ജൽസയിലെ പങ്കാളിത്തം അവരിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. അല്ലാഹുതആല നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.



## ഖുത്ബ ജുമുഅ

**ധനത്യാഗത്തിലേക്ക് സത്യവിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും കാണാം. ഒരു സ്ഥലത്ത് പറയുന്നു: വമാ തുൻഫിഖൂ മിൻ ഖയ്റിൻ ഫലി അൻഫുസിക്കും എന്തൊന്ന് നിങ്ങൾ ധനത്തിൽനിന്ന് ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കുതന്നെയായിരിക്കും(2:273). അതിനോടൊപ്പംതന്നെ സത്യവിശ്വാസിയുടെ അടയാളമായി പറഞ്ഞത് അവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായിമാത്രം ചെലവഴിക്കുന്നുവെന്നാണ്. പറയുന്നു: വമാ തുൻഫിഖൂന ഇല്ലബ്തിഗാഅ വജ്ഹില്ലാഹ് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നുമില്ല. ഈ ചിന്താഗതിയോടുകൂടി തങ്ങളുടെ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർ എത്രമാത്രം ഭാഗ്യവാന്മാരാണ്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ധനത്യാഗം ചെയ്യണമെന്ന ചിന്താഗതി ഉൾക്കൊള്ളുന്നവർ അഹ്മദികളല്ലാതെ മറ്റാരും ഭൂമുഖത്തില്ല. ഒരുപക്ഷേ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലെങ്കിൽ തങ്ങളുടെ കഴിവിന്നനുസരിച്ച് ചെലവഴിക്കുന്ന കുറച്ചാളുകൾ വേറെയും ലോകത്തുണ്ടാകും. പക്ഷേ, ഒരു ജമാഅത്തെന്ന നിലയിൽ അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനും ദരിദ്രരേയും ആവശ്യക്കാരേയും സഹായിക്കുന്നതിനും പുറമെ ദീനിന്റെ പ്രചാരണത്തിനും ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ലോകത്തിനു കാണിച്ചുകൊടുക്കുന്നതിനുംവേണ്ടി സ്വയം ഭാരംവഹിച്ചുകൊണ്ട് ധനത്യാഗം ചെയ്യുന്നവർ അഹ്മദിയ്യാ ജമാഅത്തു മാത്രമാണ്.**

**ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ആദരണീയരായ സ്വഹാബാക്കളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടേയും ധനത്യാഗങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച**

**ധനത്യാഗങ്ങളുടെ ഈ പരമ്പര അല്ലാഹുവിന്റെ കല്പനയനുസരിച്ചുള്ളതാണ്. അല്ലാഹുവിന്റെ കൃപയാൽ ഇന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഇതു കാണുന്നു. അല്ലാഹു ഞാൻ പറഞ്ഞതുപോലെ ലോകത്ത് ത്യാഗങ്ങളുടെ മറ്റാർക്കും നല്കിയിട്ടില്ലാത്ത ഗ്രാഹ്യമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് നല്കിയിട്ടുള്ളത്. അതിന്റെ നിരവധി മാതൃകകൾ ഓരോവർഷവും നമ്മൾ കാണുന്നു. ഇന്ന് മുൻസമ്പ്രദായമനുസരിച്ച് ജനുവരിയിലെ ആദ്യത്തെ ഖുത്ബയിൽ വഖ്ഫെ ജദീദിന്റെ പുതുവർഷാരംഭ വിളംബരം നടത്താറുള്ളതാണ്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ വഖ്ഫെ ജദീദിൽ ധനത്യാഗം ചെയ്യുന്നവരുടെ ചില ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ വിവരിക്കുന്നതാണ്.**

**വഖ്ഫെ ജദീദിന്റെ ധനത്യാഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ, ധനത്യാഗത്തിനുള്ള ജമാഅത്തംഗങ്ങളുടെ അഭിനിവേശവും ഉത്സാഹവും, ചന്ദയുടെ അനുഗ്രഹത്താൽ അവരുടെ ബുദ്ധിമുട്ടുകൾ നീങ്ങിപ്പോകൽ, ധനപരമായ സമൃദ്ധിയും മനസ്സമാധാനവും, അവരുടെ സമ്പത്തിലും ആയുസ്സിലും അനുഗ്രഹം തുടങ്ങിയ സംഭവങ്ങളുടെ ചർച്ച.**

**വഖ്ഫെ ജദീദിന്റെ 61–ാമത് സാമ്പത്തിക വർഷത്തിന്റെ വിളംബരം. കഴിഞ്ഞവർഷം (2017ൽ) ആഗോള അഹ്മദിയ്യാ ജമാഅത്ത് വഖ്ഫെ ജദീദിൽ 88,62000 പൗണ്ടിന്റെ ത്യാഗം സമർപ്പിച്ചു. മൊത്തത്തിൽ പാക്കിസ്താൻ ഒന്നാം സ്ഥനത്താണ്. രണ്ട് ബ്രിട്ടൻ മൂന്ന് ജർമനി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം വഖ്ഫെ ജദീദിൽ പതിനാറുലക്ഷത്തിലധികം ചന്ദ കൊടുക്കുന്നവർ പങ്കെടുത്തു. പുതിയതായി ചേർന്നവരുടെ എണ്ണം 2,68000(രണ്ടുലക്ഷത്തി അറുപത്തിയെട്ടായിരം)ആണ്. വിവിധ വശങ്ങളിലൂടെ ചന്ദ വഖ്ഫെ ജദീദിൽ വ്യക്തമായ ത്യാഗം ചെയ്ത രാജ്യങ്ങളുടേയും ജമാഅത്തുകളുടേയും വിലയിരുത്തൽ.**

**അല്ലാഹു ത്യാഗങ്ങൾ ചെയ്യുന്ന എല്ലാവരുടേയും സമ്പത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ ഈമാനിലും ഇഖ്‌ലാസിലും വർധന ഉണ്ടാക്കുമാറാകട്ടെ. ഓരോരുത്തരും അവരുടെ വാക്കിലും പ്രവൃത്തിയിലും അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകട്ടെ.**

**വജീഹ് മുനവ്വർ സാഹിബിന്റെ മകൻ അസീസം അലി ഗോഹർ മുനവ്വർ സാഹിബിന്റെ അപകടമരണം. പരേതന്റെ ജനാസ ഹാജർ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 2018 ജനുവരി 5/1397 സ്വുൽഹ് 5**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ധനത്യാഗത്തിലേക്ക് സത്യവിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലും കാണാം. ഒരു സ്ഥലത്ത് പറയുന്നു: വമാ തുൻഫിഖൂ മിൻ ഖയ്‌രിൻ ഫലി അൻഫുസിക്കും എന്തൊന്ന് നിങ്ങൾ ധനത്തിൽനിന്ന് ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കു തന്നെയായിരിക്കും(2:273). അതിനോടൊപ്പംതന്നെ സത്യവിശ്വാസിയുടെ അടയാളമായി പറഞ്ഞത് അവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായിമാത്രം ചെലവഴിക്കുന്നുവെന്നാണ്. പറയുന്നു: വമാ തുൻഫിഖൂന ഇല്ലബ്തിഗാഅ വജ്ഹില്ലാഹ് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നുമില്ല. ഈ ചിന്താഗതിയോടുകൂടി തങ്ങളുടെ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർ എത്രമാത്രം ഭാഗ്യവാന്മാരാണ്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ധനത്യാഗം ചെയ്യണമെന്ന ചിന്താഗതി ഉൾക്കൊള്ളുന്നവർ അഹ്മദികളല്ലാതെ മറ്റാരും ഭൂമുഖത്തില്ല. ഒരുപക്ഷേ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലെങ്കിൽ തങ്ങളുടെ കഴിവിന്നനുസരിച്ച് ചെലവഴിക്കുന്ന കുറച്ചാളുകൾ വേറെയും ലോകത്തുണ്ടാകും. പക്ഷേ, ഒരു ജമാഅത്തെന്ന നിലയിൽ അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുന്നതിനും ദരിദ്രരേയും ആവശ്യക്കാരേയും സഹായിക്കുന്നതിനും പുറമെ ദീനിന്റെ പ്രചാരണത്തിനും ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ലോകത്തിനു കാണിച്ചുകൊടുക്കുന്നതിനുംവേണ്ടി സ്വയം ഭാരംവഹിച്ചുകൊണ്ട് ധനത്യാഗം ചെയ്യുന്നവർ അഹ്മദിയ്യാ ജമാഅത്തു മാത്രമാണ്. വാസ്തവത്തിൽ ഈ ചെലവഴിക്കുന്നതെല്ലാം അത് ഏതെങ്കിലും മനുഷ്യനെ സഹായിക്കുന്നതിനാണെങ്കിലും അല്ലെങ്കിൽ ദീനിനുവേണ്ടിയാണെങ്കിലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിത്തന്നെയാണ്. അല്ലാഹുവിന് ഒരു ധനത്തിന്റേയും ആവശ്യമില്ല. അവനുവേണ്ടി ചെലവഴിക്കുക എന്നതിന്റെ ഉദ്ദേശ്യം തന്നെ അവന്റെ സൃഷ്ടികളുടെ ഉന്നമനത്തിനും അവന്റെ ദീനിന്റെ ഉന്നമനത്തിനുംവേണ്ടി ചെലവഴിക്കുക എന്നാണ്.

നബി(സ)തിരുമേനി പറഞ്ഞതായി വന്നിരിക്കുന്നു, ഖുദ്സിയായ ഹദീഥാണ്, അല്ലാഹു പറയുന്നു:'അല്ലയോ ആദമിന്റെ മകനേ! നീ നിന്റെ ഖജനാവ് എന്റെ അടുക്കൽ നിക്ഷേപിച്ച് സമാധാനിയാകുക. തീ പിടിക്കുമെന്നുള്ള ഭയം വേണ്ട! വെള്ളത്തിൽ മുങ്ങിപ്പോകുമെന്നുള്ള പേടിവേണ്ട! കള്ളൻ കട്ടുകൊണ്ടു പോകുമെന്നുള്ള ആശങ്കയുംവേണ്ട! എന്റെയടുക്കൽ വെച്ചിട്ടുള്ള ഖജനാവ് മുഴുവനും നീ ഏറ്റവുമധികം അതിന് ആശ്രിതനായിരിക്കുമ്പോൾ ഞാൻ നിനക്ക് മടക്കിത്തരുന്നതാണ്.'(കൻസുൽ ഉമ്മാൽ വാള്യം 6 പേജ് 352 ഹദീഥ് 16021)

അതിനാൽ നമ്മൾ ചെലവഴിക്കുന്നുവെന്ന് ബാഹ്യമായി മനസ്സിലാക്കുന്നതും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെലവഴിക്കുന്നതും വാസ്തവത്തിൽ ചെലവഴിക്കലല്ലെന്നും മറിച്ച് തന്റെ തൃപ്തി പിടിച്ചുപറ്റുന്നതിന്, താൻ പറഞ്ഞിട്ടുള്ള ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് നിങ്ങൾ ചെലവഴിച്ചത് യഥാർഥത്തിൽ ചെലവഴിക്കലല്ല പ്രത്യുത നിങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിരിക്കുകയാണെന്നും നിങ്ങൾക്ക് ആവശ്യം വരുമ്പോൾ അത് മടക്കിത്തരുന്നതാണെന്നും അല്ലാഹു പറയുന്നു.

ഇപ്രകാരംതന്നെ ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു, 'പുനരുത്ഥാനനാളിൽ കണക്കെടുപ്പുകൾ തീരുന്നതുവരെ

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച തങ്ങളുടെ ധനത്തിന്റെ തണലിൽ ആയിരിക്കുന്നതാണ്.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 5 പേജ് 895 ഹദീഥ് 17466)

പക്ഷേ, ഇതിനോടൊപ്പം അല്ലാഹുവിന് വൃത്തികെട്ട ധനം ഇഷ്ടമല്ലെന്നും, തെറ്റായമാർഗത്തിലൂടെ സമ്പാദിച്ച ധനം ഇഷ്ടമല്ലെന്നും മറിച്ച് പരിശുദ്ധമായി സമ്പാദിച്ചതും അധ്വാനിച്ചുണ്ടാക്കിയതുമായ ധനം അവന്റെ മാർഗത്തിൽ ചെലവഴിക്കുകയാണെങ്കിൽ സ്വീകരിക്കുന്നതാണെന്നുമുള്ള നിബന്ധനയും ഒരു സ്ഥലത്ത് അവിടന്ന് വെച്ചിട്ടുണ്ട്.(സ്വഹീഹുൽബുഖാരി കിതാബുത്തൗഹീദ് ഹദീഥ് 7430)

അതിനാൽ ഇക്കാര്യം എപ്പോഴും നമ്മൾ നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. നമ്മുടെ ധനം എപ്പോഴും പരിശുദ്ധമായിരിക്കണം.

നബി(സ)തിരുമേനിയുടെ സ്വഹാബത്ത് എത്രമാത്രം പരിശ്രമിച്ചും അധ്വാനിച്ചുമാണ് കേവലം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും നബി(സ)തിരുമേനിയുടെ ഏതെങ്കിലും സാമ്പത്തിക ത്യാഗത്തിനുള്ള ആഹ്വാനത്തിൽ പങ്കെടുക്കുന്നതിനുംവേണ്ടി പണിയെടുക്കുകയും ചന്ദകൾ കൊടുക്കുകയും ദാനധർമങ്ങൾ നല്കുകയും ചെയ്തിരുന്നതെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹദ്റത്ത് അബു മസ്ഊദ് അൻസ്വാരി പറയുന്നു: 'നബി(സ)തിരുമേനി സ്വദഖ കൊടുക്കാനും ധനത്യാഗം ചെയ്യാനും പറയുമ്പോൾ ഞങ്ങളിൽ ചിലർ ചന്തയിൽപോകുകയും അവിടെ പണിയെടുക്കുകയും അങ്ങനെ വേതനമായി ആർക്കെങ്കിലും ഒരു മുദ്ദാണ് കിട്ടുന്നതെങ്കിലും അയാളത് അതിൽ ചെലവഴിക്കുകയും ചെയ്യുമായിരുന്നു.'

മുദ്ദ് ഒരു അളവാണ്. ധാന്യങ്ങൾ അളക്കുന്നതിന് ഉപയോഗിക്കുന്നു. അത് കിലോയെക്കാൾ കുറവോ അല്ലെങ്കിൽ അതിന് തുല്യമോ ആകാം. എന്തായാലും ആ സ്വഹാബി പറയുന്നു, ആ ത്യാഗത്തിൽ അല്പമെങ്കിലുമിട്ട് പങ്കെടുക്കുന്നതിന് അവർ ചന്തയിൽ പോകുകയും പണിയെടുക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അവരിൽ ചിലരെ അല്ലാഹു ഈ ലോകത്ത് എത്രമാത്രം അനുഗ്രഹിച്ചുവെന്നാൽ അവരിൽ ചിലരുടെ പക്കൽ ഓരോരോ ലക്ഷം ദിർഹമോ ദീനാറോ ഉണ്ട്.' (സ്വഹീഹുൽബുഖാരി കിതാബുസ്സക്കാത്ത് ഹദീഥ് 1416)

ഹദ്റത്ത് അബൂബക്കർ(റ)നെ സംബന്ധിച്ച് ഒരു നിവേദനമുണ്ട്. അദ്ദേഹം മുസ്ലിമായപ്പോൾ അദ്ദേഹത്തിന്റെ പക്കൽ സ്വരുക്കൂട്ടിവച്ച 40,000(നാല്പതിനായിരം) അശ്റഫി ഉണ്ടായിരുന്നു. അതിനുപുറമെ അദ്ദേഹത്തിന് വ്യാപാരവും ഭൂസ്വത്തുക്കളുമുണ്ടായിരുന്നു. ഇതെല്ലാം താൻ ദീനിനുവേണ്ടി ചെലവഴിക്കുമെന്ന് അദ്ദേഹം തീരുമാനിച്ചു. അങ്ങനെ ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഹിജറത്തിന്റെ നേരത്ത് അദ്ദേഹത്തിന്റെ കൈയിൽ അതിൽ വെറും അഞ്ഞൂറ് അശ്റഫിയെ ഉണ്ടായിരുന്നുള്ളൂ.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅദ് വാല്യം 3പേജ് 91) അക്കാലത്തെ സ്വർണത്തിന്റെ അശ്റഫിയുടെ വില ഇന്ന് കണക്കുകൂട്ടുകയാണെങ്കിൽ ഒരുപക്ഷേ, പതിനൊന്ന് പന്ത്രണ്ട് മില്യൺ പൗണ്ടായിരിക്കും. ഇത് നമ്മുടെ വഖ്ഫെ ജദീദിന്റെ മുഴുവൻ ബജറ്റിനെക്കാളും അധികമാണ്. ഇതായിരുന്നു സ്വഹാബാക്കളുടെ അവസ്ഥ. കൈയിലൊന്നുമില്ലാത്തവർ അധ്വാനിച്ച്, കുറച്ച് പെനി(Penny)യാകട്ടെ, സെന്റോ(cent) കട്ടെ, രൂപയാകട്ടെ എന്തായാലും നല്കി. അത് നല്കാൻ ശ്രമിച്ചു. കൈയിലുണ്ടായിരുന്നവർ ദാരിദ്ര്യമൊന്നും വകവെക്കാതെ അല്ലാഹുവിന്റെ വഴിയിൽ കണക്കില്ലാതെ ചെലവഴിച്ചു.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബത്തിലും നമ്മൾ ഇതു കാണുന്നു. ഹദ്റത്ത് ഖലീഫ അവ്വൽ(റ)ന്റെ ത്യാഗങ്ങളുടെ കഥകൾ നമ്മൾ കേൾക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞപ്പോഴെല്ലാം അവിടന്ന് അതിരില്ലാതെ ത്യാഗം ചെയ്തു. ഇപ്രകാരംതന്നെ ഹദ്റത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബുണ്ടായിരുന്നു. അദ്ദേഹം ഉമ്മുനാസിറിന്റെ പിതാവായിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ കുറിച്ച് കേട്ടപ്പോൾ, ക്ഷണത്തിൽ പറഞ്ഞത്, ഇത്രവലിയ വാദം ഉന്നയിക്കുന്നയാൾ കള്ളവാദിയാകുകയില്ലെന്നാണ്. ഉടനെ ബയ്അത്തും ചെയ്തു. പിന്നീട് ധനത്യാഗത്തിലും മുൻപന്തിയിൽ നിന്നു. അദ്ദേഹം ഡോക്ടറായിരുന്നു. സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. വലിയ സമൃദ്ധിയായിരുന്നു. നല്ലവണ്ണം സമ്പാദിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ തന്റെ പന്ത്രണ്ട് ഹവാരീംകളിൽ എഴുതിയിരിക്കുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറഞ്ഞു: 'അദ്ദേഹത്തിന്റെ ത്യാഗങ്ങൾ എത്രമാത്രം വർധിച്ചിരുന്നുവെന്നാൽ, 'ഇനി ത്യാഗത്തിന്റെ ആവശ്യമില്ലാത്തവിധം താങ്കൾ ജമാഅത്തിനുവേണ്ടി ധനത്യാഗം ചെയ്തിരിക്കുന്നു' എന്ന അംഗീകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തിന് നല്കി. എന്തായാലും ഇക്കൂട്ടർ ത്യാഗങ്ങൾ ചെയ്തിരുന്നു. പക്ഷേ, ഈ അംഗീകാരത്തിനുശേഷവും അവർ ത്യാഗങ്ങൾ ഉപേക്ഷിച്ചില്ല. ത്യാഗങ്ങൾ ചെയ്തുകൊണ്ടേയിരുന്നു. ഗുരുദാസ്പൂരിൽ കേസു നടന്നുകൊണ്ടിരിക്കുമ്പോൾ ചെലവുകൾ കൂടുന്നുവെന്നും കേസിനും ചെലവുകളുണ്ടെന്നും പ്രത്യേകിച്ചും ലങ്കർഖാനയുടെ ചെലവുകളും വർധിക്കുകയാണെന്നും – ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിൽ താമസിച്ച കാരണത്താൽ അവിടേയും ലങ്കർ (ധർമഭോജനശാല)നടത്തേണ്ടിവന്നു, ഖാദിയാനിലും അത് നടക്കുന്നുണ്ടായിരുന്നു– അറിയിച്ചുകൊണ്ട് സ്നേഹിതന്മാരോടു ധനത്യാഗത്തിനുവേണ്ടി ആഹ്വാനം ചെയ്തു. യാദൃച്ഛികമായി ഈ ആഹ്വാനത്തെ കുറിച്ച് അറിഞ്ഞ ദിവസമായിരുന്നു ഹദ്റത്ത് ഖലീഫ റശീദുദ്ദീൻ സാഹിബിന് ശമ്പളം കിട്ടിയത്. അങ്ങനെ അദ്ദേഹം തന്റെ ശമ്പളം മുഴുവനും അക്കാലത്തെ 450 രൂപ, ഇന്നത് ലക്ഷക്കണക്കിനു രൂപയ്ക്ക് തുല്യമാണ്– ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുത്തു. താങ്കളുടെ വീട്ടാവശ്യങ്ങൾക്കുവേണ്ടി കുറച്ചെന്തങ്കിലും മാറ്റി വെക്കാൻ ഏതോ സുഹൃത്ത് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:'ദീനിന് ആവശ്യമുണ്ടെന്ന് അല്ലാഹുവിന്റെ മസീഹ് പറയുമ്പോൾ, ആർക്കുവേണ്ടി എന്ത് മാറ്റിവെക്കാനാണ്.'(തഖാരീർ ജൽസസാലാനാ 1926, അൻവാറുൽ ഉലൂം വാല്യം 9 പേജ് 403)അതിനാൽ ദീനിന് ആവശ്യമുള്ളപ്പോൾ ദീനിനുതന്നെയായിരിക്കും എല്ലാം പോകുന്നത്.

ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ സ്നേഹത്തോടെ തന്റെ ചില ദരിദ്രരായ അഹ് മദികളെ കുറിച്ചും പറയുകയുണ്ടായി. അവരുടെ ത്യാഗങ്ങളെ സ്മരിച്ചു. അവിടന്ന് പറയുന്നു: 'ഞാൻ എന്റെ ജമാഅത്തിന്റെ സ്നേഹത്തിലും ആത്മാർഥതയിലും അത്ഭുതപ്പെടുകയാണ്. അവരിൽ എന്റെ ഗ്രാമത്തിന്നടുത്ത് താമസിക്കുന്ന സഹോദരന്മാരായ മിയാ ജമാലുദ്ദീനേയും ഖയ്റുദ്ദീനേയും ഇമാമുദ്ദീൻ കശ്മീരിയേയും പോലെ മൂന്നണയ്ക്കും നാലണയ്ക്കും കൂലിവേല ചെയ്യുന്ന, വളരെ തുച്ഛമായ വരുമാനമുള്ളവർ അത്യുത്സാഹത്തോടെ മാസന്തോറുമുള്ള ചന്ദയിൽ ചേർന്നിട്ടുള്ളവരാണ്, കൃത്യമായി ചന്ദ നല്കുന്നവരാണ്.'

അവിടന്ന് പറഞ്ഞു: 'അവരുടെ സുഹൃത്ത് വില്ലേജ് രജിസ്ട്രാറായ മിയാൻ അബ്ദുൽ അസീസിന്റെ ആത്മാർഥതയിലും ഞാൻ അത്ഭുതപ്പെടുകയാണ്. വളരെ കുറഞ്ഞ വരുമാനമായിരുന്നിട്ടും ഒരു ദിവസം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കപ്പെടണമെന്ന് താൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് നൂറുരൂപ നല്കി.' അവിടന്ന് പറയുന്നു: 'ഈ നൂറ് രൂപ ഒരുപക്ഷേ, ആ പാവം വർഷങ്ങളായി സ്വരുക്കൂട്ടിവച്ചതായിരിക്കും. എന്നാൽ, അല്ലാഹുവിനുവേണ്ടിയുള്ള ആവേശം അവന്റെ പ്രീതിക്കുവേണ്ടി ഉത്സാഹിപ്പിച്ചു.'(ദ്ദമീമരിസാല അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ വാല്യം 11 പേജ് 313–314)

നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ രണ്ടു സംഭവങ്ങൾ ഞാൻ കേൾപിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ രണ്ടു സംഭവങ്ങളും വിവരിച്ചു. ധനത്യാഗങ്ങളുടെ ഈ പരമ്പര അല്ലാഹുവിന്റെ കല്പനയനുസരിച്ചുള്ളതാണ്. അല്ലാഹുവിന്റെ കൃപയാൽ ഇന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഇതു കാണുന്നു. അല്ലാഹു ഞാൻ പറഞ്ഞതു പോലെ ലോകത്ത് ത്യാഗങ്ങളുടെ മറ്റാർക്കും നല്കിയിട്ടില്ലാത്ത ഗ്രാഹ്യമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് നല്കിയിട്ടുള്ളത്. അതിന്റെ നിരവധി മാതൃകകൾ ഓരോ വർഷവും നമ്മൾ കാണുന്നു. ഇന്ന് മുൻസമ്പ്രദായമനുസരിച്ച് ജനുവരിയിലെ ആദ്യത്തെ ഖുത്ബയിൽ വഖ്ഫെ ജദീദിന്റെ പുതുവർഷാരംഭ വിളംബരം നടത്താറുള്ളതാണ്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ വഖ്ഫെ ജദീദിൽ ധനത്യാഗം ചെയ്യുന്നവരുടെ ചില ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ വിവരിക്കുന്നതാണ്. അല്ലാഹു അവരുടെ ത്യാഗങ്ങൾ കാരണത്താൽ അവരെ ഈ ലോകത്തും അനുഗ്രഹിക്കുന്നു. അത് അവരുടെ ഈമാനിന്റെ കരുത്തിന് നിമിത്തമാകുന്നു.

ധനത്യാഗം എത്ര ഉത്സാഹത്തോടെയാണ് ആളുകൾ ചെയ്യുന്നത്. സ്വഹാബാക്കളുടെ മാതൃക അനുസരിച്ചാണ് അവർ അത് ചെയ്യുന്നത്. അതിനെകുറിച്ച്ഞാൻപറയുകയുണ്ടായി.ധനത്യാഗത്തെ കുറിച്ച് പറയുമ്പോൾ സ്വഹാബാക്കൾ ചന്തയിൽ പോകുമായിരുന്നു. ചെറിയ വേതനം ലഭിച്ചിരുന്നു. അതുകൊണ്ടുവന്ന് നബി(സ) തിരുമേനിയുടെ സന്നിധിയിൽ സമർപിക്കുമായിരുന്നു. അത്തരം മാതൃകകൾ നമ്മളിൽ ഇന്നും ലഭിക്കുന്നു.

**കലാമുൽ ഇമാം:–**

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

**കലാമുൽ ഇമാം:–**

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

ബുർക്കിനാ ഫാസോ(Burkina Faso)യിലെ അമീർ സാഹിബ് എഴുതുന്നു: 'വദ്ഗൂ റീജ്യണിൽ നമ്മുടെ ഒരു ജമാഅത്താണ് കാരി (Kari). അതിനടുത്ത് സർക്കാർ ഫൈബർ ഓപ്ടിക്(Fibre Optic) കമ്പി ഭൂമിക്കടിയിലൂടെ വലിച്ചുകൊണ്ടിരിക്കുകയാണ്. കാരി ജമാഅത്തിന്നടുത്തുള്ള ഖുദ്ദാം ഒരു കിലോമീറ്റർ കുഴിയെടുക്കാനുള്ള ജോലി തങ്ങൾക്കു തരണമെന്ന് കരാറുകാരനോടു സംസാരിച്ചു. അനുമതി കിട്ടിയപ്പോൾ ജമാഅത്തിലെ എല്ലാ ഖുദ്ദാമും ചേർന്ന് ജോലി ചെയ്തു. അതിനു പകരം കിട്ടിയ ഒരു മില്യൺ ഫ്രാങ്ക് സീഫ ഏകദേശം 1250 പൗണ്ട് വഖ്ഫ് ജദീദിന്റെ ചന്ദയിൽ കൊടുത്തു. ഈ വികാരമാണ് നമ്മളിലുള്ളത്. ഞാൻ പറഞ്ഞതുപോലെ ഇന്ന് അഹ്മദിയ്യാ ജമാഅത്തിലല്ലാതെ മറ്റെങ്ങും ഇതു കാണാൻ കഴിയുകയില്ല.

അല്ലാഹു എങ്ങനെയാണ് യുവാക്കളുടേയും കുട്ടികളുടേയും ഈമാനിലും ചന്ദയുടെ അനുഗ്രഹംകൊണ്ട് ശക്തി പ്രദാനം ചെയ്യുന്നത്. അതിന് ഒരു ഉദാഹരണം നല്കുകയാണ്. 'ബുർക്കിനാ ഫാസോ രാജ്യത്തെ പെൻഫൂറാ റീജ്യണിൽ ഒരു ജമാഅത്തുണ്ട്. അവിടെത്തെ ഒരു അംഗം തന്റെ ഒരു സംഭവം വിവരിക്കുന്നു. പറയുന്നു: എനിക്ക് ഒരു യാത്ര ചെയ്യേണ്ടിയിരുന്നു. വഖ്ഫെ ജദീദിന്റെ വർഷം അവസാനിക്കുകയുമായിരുന്നു. മറുഭാഗത്ത് വയലിൽ കൊയ്ത്തു നടക്കുകയായിരുന്നു. ഞാൻ പോകുന്നതിനു മുമ്പേ കൊയ്ത്തു മുഴുവൻ കഴിഞ്ഞാൽ അതിന്റെ പത്തിലൊന്ന് ചന്ദ കൊടുത്തേക്കണമെന്ന് ഞാനെന്റെ മക്കളോടു പറഞ്ഞു. ഇതും പറഞ്ഞ് ഞാൻ യാത്ര പോയി. കൊയ്ത്തു കഴിഞ്ഞപ്പോൾ ധാന്യങ്ങളെല്ലാം മക്കൾ വീട്ടിൽ കൊണ്ടുവന്നു. ചന്ദ കൊടുത്തതുമില്ല.' പറയുന്നു:'ഞാൻ യാത്ര കഴിഞ്ഞ് വന്ന് ചോദിച്ചപ്പോൾ കുട്ടികൾ ധാന്യങ്ങളെല്ലാം വീട്ടിൽകൊണ്ടുവന്ന് വെച്ചിട്ടുണ്ടെന്ന് മനസ്സിലായി. അപ്പോൾ ധാന്യങ്ങളെല്ലാം വീടിന്നുവെളിയിൽകൊണ്ടുവരാനും ചന്ദയുടെ ഭാഗം മാറ്റിവെക്കാനും ഞാൻ കുട്ടികളോടു പറഞ്ഞു. അങ്ങനെ കുട്ടികൾ ആ ധാന്യങ്ങളെല്ലാം വെളിയിൽ കൊണ്ടുവരികയും ചന്ദയുടെ ഭാഗം കഴിച്ച് ബാക്കിയുള്ളത് ആ സ്ഥലത്ത് തിരിച്ചു വെക്കുകയും ചെയ്തു. പറയുന്നു, അതിൽ ഒരു കുറവും ഉണ്ടായില്ല. ചന്ദയുടെ ഭാഗം നീക്കിവച്ചിട്ടും ധാന്യം ഒരുകുറവും വരാതെ അത്രതന്നെയെന്ന് കണ്ട് കുട്ടികൾ അത്ഭുതപ്പെട്ടു. അപ്പോൾ ഞാൻ അവരോടു പറഞ്ഞു, 'അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതുകൊണ്ട് ധനം ഒരിക്കലും കുറയുകയില്ലെന്നും മറിച്ച് കൂടുകയാണ് ചെയ്യുകയെന്നും അല്ലാഹു നിങ്ങൾക്ക് കാണിച്ചു തരികയായിരുന്നു.' ആയിരക്കണക്കിന് മൈലുകൾ ദൂരത്തിരിക്കുന്നവരുടെ ഈമാനാണിത്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്തു. ശരിയായ ഇസ്ലാമികാധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരാണവർ.

ചന്ദയുടെ അനുഗ്രഹത്താൽ ബുദ്ധിമുട്ടുകൾ അകലുന്നതിനും ഈമാൻ ദൃഢീകരിക്കുന്നതിനുമുള്ള ഒരു സംഭവമുണ്ട്. ഐവറികോസ്റ്റ്(Ivory coast)ലെ ജമാഅത്താണ് വെങ്കോർ. അവിടവുമായി ബന്ധം വെക്കുന്ന ഒരു അഹ്മദി സുഹൃത്ത് യഅ്ഖൂബ് സാഹിബ് പറയുന്നു: 'ഞാൻ വളരെ മുമ്പേ അഹ്മദിയായതാണ്. പക്ഷേ, ചന്ദ വ്യവസ്ഥിതിയിൽ പങ്കെടുത്തിരുന്നില്ല. ആദ്യം എന്റെ ജീവിതം എപ്പോഴും പ്രശ്നങ്ങളിൽ കുടുങ്ങിക്കിടന്നിരുന്നു. ചിലപ്പോൾ കുട്ടികൾക്ക് രോഗമുണ്ടാകും. ചിലപ്പോൾ വയലിലെ വിളവ് കാരണത്താൽ ബുദ്ധിമുട്ടുണ്ടാകും. പക്ഷേ, കഴിഞ്ഞ മൂന്നുവർഷമായി ഞാൻ വഖ്ഫെ ജദീദിന്റെ അനുഗൃഹീത വ്യവസ്ഥിതിയിൽ അംഗമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തിക വ്യവസ്ഥിതിയുടെ സ്ഥിരമായ ഭാഗമായതിനുശേഷം അല്ലാഹു ജീവിതം മാറ്റിത്തന്നു. ഇപ്പോൾ എന്റെ കുട്ടികൾ മുമ്പത്തെക്കാൾ ആരോഗ്യമുള്ളവരാണ്. വിളവും കൂടുതലുണ്ടാകുന്നു.

പുതിയതായി ബയ്അത്തു ചെയ്യുന്നവരിലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയുള്ള ത്യാഗത്തിന്റെ ആത്മാവ് എങ്ങനെയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഐവറികോസ്റ്റ്(Ivory coast)ലെ ഒരു സുഹൃത്ത് സെബ്ലോർ സാഹിബിന് കുറച്ചുകാലം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് തൗഫീഖ് കിട്ടി. തന്റെ നഗരത്തിൽ തനിച്ച് അഹ്മദിയാണ്. മുടങ്ങാതെ എന്റെ ഖുത്ബകളും കേൾക്കാറുണ്ട്. ജമാഅത്തിന്റെ ഒരുപാട് പരിപാടികളും കേട്ടുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൽ വളരെ ആത്മാർഥതയുണ്ട്. വിശ്വാസത്തിലും ആത്മാർഥതയിലും അദ്ദേഹം വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ബയ്അത്തിനുശേഷം ഫ്രഞ്ചുഭാഷയിലുള്ള ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിച്ചു. ഇപ്പോൾ വളരെ നല്ലൊരു ദാഈ ഇലല്ലായും ആയിക്കഴിഞ്ഞിട്ടുണ്ട്. തബ്ലീഗ് ചെയ്യുന്നു. ഇസ്ലാമിനെ സംബന്ധിച്ച് കൂടുതൽ പഠിക്കുന്നതിനുവേണ്ടി അദ്ദേഹം തന്റെ ഗ്രാമം ഉപേക്ഷിച്ച് നമ്മുടെ ജമാഅത്ത് സെന്ററിന്റെ അടുത്ത് താമസം തുടങ്ങി. ഇതിന്നിടയിൽ അദ്ദേഹത്തിന് പണിയൊന്നുമുണ്ടായിരുന്നില്ല. സ്ഥലം വിട്ടപ്പോൾ ജോലിയെ അത് ബാധിച്ചു. ജോലി അന്വേഷിച്ചു നടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് അല്പം വരുമാനമുണ്ടായിരുന്നു. അതുകൊണ്ടാണ് കുടുംബം കഴിഞ്ഞുപോന്നത്. അദ്ദേഹത്തോടു ചന്ദയെ കുറിച്ച് പറഞ്ഞപ്പോൾ കഠിനമായ അവസ്ഥകളായിരുന്നിട്ടും 5000 ഫ്രാങ്ക് സീഫ ചന്ദ കൊടുത്തു. പറഞ്ഞു:'ഇതെന്റേയും എന്റെ കുടുംബത്തിന്റേയും ചന്ദയാണ്. അവസ്ഥകൾ മോശമാണെന്നത് ശരിയാണ്. പക്ഷേ, ചന്ദയുടെ ബർക്കത്ത് നിഷേധിക്കപ്പെട്ടവനായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'

ചന്ദ നല്കുന്നവർക്ക് അല്ലാഹുവിൽനിന്ന് എങ്ങനെയാണ് മനഃസമാധാനം ലഭിക്കുന്നത്. ഇതുസംബന്ധമായി ഐവറികോസ്റ്റ്(Ivory coast)ലെ നമ്മുടെ ഒരു മുബല്ലിഗ് എഴുതുന്നു:'ബന്ദോഖോ നഗരം ഐവറികോസ്റ്റ്(Ivory coast)ലെ ഇസ്ലാമിന്റെ കോട്ടയായി മനസ്സിലാക്കപ്പെടുന്നു. ഇവിടെ മൗലവിമാരുടെ ആധിക്യമാണ്. ഇവിടെ നമ്മുടെ ഒരു അനുകൂലിയായ അബ്ദുർറഹ്മാൻ സാഹിബ് ബയ്അത്ത് ചെയ്തിരുന്നു. ഒരു ലഘുലേഖയിലൂടെയാണ് അദ്ദേഹം ജമാഅത്തിനെ പരിചയപ്പെട്ടത്. അദ്ദേഹം പറയുന്നു:'ഞാൻ നാലു വർഷം മുമ്പേ കുടുംബത്തോടൊപ്പം ക്രിസ്തുമതത്തിൽനിന്ന് മുസ്ലിമായതാണ്. എന്നാൽ, എന്റെ മനസ്സിന് സമാധാനമുണ്ടായിരുന്നില്ല. പക്ഷേ, ജമാഅത്തിനെക്കുറിച്ചറിയുകയും മിഷൻ ഹൗസിൽ ചെന്ന് ചില ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തപ്പോൾ എനിക്കെന്റെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിച്ചു. ഞാൻ ബയ്അത്ത് ചെയ്തു.' പറയുന്നു:'ഞാൻ ബയ്അത്ത് ചെയ്തത് ഡിസംബർ മാസത്തിലായിരുന്നു. മുബല്ലിഗ് സാഹിബ് മസ്ജിദിൽ ചന്ദ വഖ്ഫെ ജദീദിന്റെ പ്രാധാന്യം വിവരിക്കുകയും ചന്ദ നല്കണമെന്ന് പറയുകയും ചെയ്തു. എന്റെ പോക്കറ്റിൽ അപ്പോൾ 2000 ഫ്രാങ്ക് സീഫ ഉണ്ടായിരുന്നു. അതിൽ ആയിരം ഞാൻ അപ്പോൾത്തന്നെ വഖ്ഫെ ജദീദ് ചന്ദ കൊടുത്തു.' പറയുന്നു: 'അൽഹംദുലില്ലാഹ് ആ ദിവസം മുതൽ അല്ലാഹു എന്റെ ജീവിതംതന്നെ മാറ്റി മറിച്ചു. അല്ലാഹു എന്റെ ജോലിയിൽ ബർക്കത്തിട്ടു. ഞാൻ ജോലിചെയ്യുന്ന സ്ഥലത്തെ ഓഫീസർമാർ ഉൾപ്പടെ എല്ലാവരും എന്നെ ആദരിക്കുന്നു. പരിമിതമായ വരുമാനത്തിലും ബർക്കത്ത് എത്രമാത്രമാണെന്നാൽ സുഖകരമായ നിലയിൽ ജീവിതം കഴിഞ്ഞുപോകുന്നു.' അദ്ദേഹം ബയ്അത്തു ചെയ്തതിനുശേഷം ആദ്യ ദിവസംമുതൽത്തന്നെ ചന്ദ വ്യവസ്ഥിതിയുടെ സ്ഥിരം ഭാഗമായിത്തീർന്നു.

ടാൻസനിയാ(Tanzania)യിലെ ഒരു ഗ്രാമത്തിലെ ഒരു പുതുവിശ്വാസി Jinai Paulo സാഹിബിന്റെ ഉദാഹരണമാണ്. ഗ്രാമത്തിന്റെ പേര് Shatimba എന്നാണ്. അദ്ദേഹം വിവരിക്കുന്നു: ഞാൻ ചന്ദ കൊടുക്കുന്നതിൽ ഒരുപാട് പിശുക്ക് കാണിച്ചിരുന്നു. എന്നോടു ചന്ദയെ കുറിച്ച് പറയുമ്പോൾ ഞാനെന്തെങ്കിലുമൊക്കെ ഒഴികഴിവ് പറയുമായിരുന്നു. ഞാൻ കൽക്കരി തയ്യാറാക്കുന്ന ജോലിയാണ് ചെയ്തിരുന്നത്. എന്റെ സാമ്പത്തികാവസ്ഥയും നല്ലതായിരുന്നില്ല. അതുകൊണ്ടും ചന്ദ കൊടുക്കാറുണ്ടായിരുന്നില്ല. പക്ഷേ, എനിക്ക് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതിന്റെ വിഷയം മനസ്സിലാകാൻ തുടങ്ങിയപ്പോൾ എന്റെ ജീവിതംതന്നെ മാറിപ്പോയി. ഈ വർഷം ഞാൻ കൃഷി ഇറക്കിയപ്പോൾ ആദ്യം 8 അല്ലെങ്കിൽ 10 ചാക്കു കിട്ടിയിരുന്ന സ്ഥാനത്ത് നെല്ലിന്റെ 56 ചാക്ക് വിളവ് എനിക്കു കിട്ടി. അദ്ദേഹം പറയുന്നു: ഇതെല്ലാം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചതിന്റെ ഫലമാണ്. ഞാൻ ചന്ദകൊടുക്കാൻ തുടങ്ങിയതുമുതൽ എന്റെ ജീവിതം മാറി. എന്റെ സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടു. ഇപ്പോൾ ഞാൻ ആറു മുറിയുള്ള പുതിയ വീട് നിർമിക്കുകയാണ്. വലിയ വീടുണ്ടാക്കാൻ കാരണം ജമാഅത്തിന്റെ അതിഥികൾ നമ്മുടെ ഗ്രാമത്തിൽ വരുമ്പോൾ അവർ എന്റെ വീട്ടിൽ താമസിക്കണം എന്നതാണ്. എനിക്ക് ആതിഥ്യത്തിന് അവസരം കിട്ടണം.' ഇപ്പോൾ വീടു വെക്കുന്നതിലും അദ്ദേഹത്തിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയാണ്. അവന്റെ ദീനിന്റെ തൃപ്തി മുന്തിച്ചു. അവന്റെ ദീനിനു വേണ്ടി ചെലവഴിക്കുന്നതിനാണ് മുൻഗണന.

മാലീ മുബല്ലിഗ് എഴുതുന്നു: 'ഒരു ദിവസം നമ്മുടെ മിഷൻ ഹൗസിൽ അബ്ദുർ റഹ്മാൻ എന്ന ഒരു സുഹൃത്ത് വന്നു. താൻ ബയ്അത്തുചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. എന്തുകൊണ്ടാണ് ബയ്അത്തുചെയ്യാൻ ആഗ്രഹിക്കുന്നതെന്ന് ചോദിച്ചപ്പോൾ പറഞ്ഞു:'എന്റെ പിതാമഹൻ വളരെ വലിയൊരു മഹാത്മാവായിരുന്നു. ഇമാം മഹ്ദി(അ) വന്നു കഴിഞ്ഞുവെന്ന് അദ്ദേഹം ഞങ്ങളോടു പറഞ്ഞിരുന്നു. ഇമാം മഹ്ദിയുടെ അനുയായികൾ ഇസ്ലാമിക പ്രചാരണ പ്രവർത്തനത്തിൽ അദ്ദേഹത്തെ സാമ്പത്തികമായി സഹായിക്കും എന്ന ഒരു അടയാളവും പറഞ്ഞിരുന്നു. ഞാൻ നിങ്ങളുടെ റേഡിയോ പരിപാടി കേട്ടു. റേഡിയോയിൽ ഇമാം മഹ്ദി(അ)വന്നിരിക്കുന്നുവെന്ന വിളംബരം കേട്ടു. അതിനോടൊപ്പം ഖലീഫത്തുൽമസീഹിന്റെ ഖുത്ബകളും കേട്ടു. അതിൽ അദ്ദേഹം സാമ്പത്തിക ത്യാ ഗത്തിന്റെ സംഭവങ്ങൾ കേൾപ്പിച്ചു. അപ്പോൾ എനിക്ക് ഞങ്ങളുടെ പിതാമഹൻ പറഞ്ഞ ആ ഇമാം മഹ്ദി ഇതുതന്നെയാണെന്ന് ഉറപ്പായി. അതുകൊണ്ട് ഞാൻ ബയ്അത്തു ചെയ്യാനാഗ്രഹിക്കുന്നു. അങ്ങനെ അദ്ദേഹം ബയ്അത്തുചെയ്തു. പതിവായി ചന്ദയും കൊടുത്തുവരുന്നു. സാമ്പത്തികവ്യവസ്ഥിതിയിൽ ചേർന്നിരിക്കുന്നു.

അങ്ങേയറ്റം പട്ടിണി കിടക്കുന്ന ആളുകളും ധനത്യാഗം ചെയ്തുവരുന്നു. അല്ലാഹു അവർക്ക് അത്ഭുതകരമായ നിലയിൽ നല്കുകയും ചെയ്യുന്നു. അവരുടെ വിശ്വാസം പ്രബലപ്പെടുത്തുന്നു.

ഗാംബിയാ(Gambia)യിലെ അമീർ സാഹിബ് എഴുതുന്നു: '49 വയസുള്ള ഫാതിമ ജാലൂ സാഹിബ നയാമീനാ വെസ്റ്റിൽ, കുണ്ട (Kunda) എന്നുപേരുള്ള ഗ്രാമത്തിൽ താമസിക്കുകയാണ്. അവരോടു ചന്ദ വഖ്ഫെ ജദീദിനെ കുറിച്ച് പറഞ്ഞപ്പോൾ പറഞ്ഞു:'എന്റെ കൈയിൽ കാശൊന്നുമില്ല. പക്ഷേ, എന്റെ കൂട്ടുകാരി കുറച്ചുദിവസംമുമ്പേ എനിക്ക് ഒരു കോഴി സമ്മാനമായി തന്നിരുന്നു. ജമാഅത്ത് അത് സ്വീകരിക്കുകയാണെങ്കിൽ അത് വഖ്ഫെ ജദീദ് ചന്ദയായി തരാം. ഇതും ഖാദിയാനിലെ ഒരു സ്ത്രീ കോഴിമുട്ടയും കോഴിയും കൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊ

ദ്(റ)ന്റെ പക്കൽ ചെന്ന അതേ സംഭവമാണ്. അങ്ങനെ അവർ കോഴിയെ ചന്ദവകയിൽ നല്കി. ചന്ദ നല്കിയതിനുശേഷം പറഞ്ഞു:ഞാൻ എന്റെ പിതൃസഹോദരന്റെ കാര്യത്തിൽ വളരെ വിഷമത്തിലാണ്. അദ്ദേഹം കുടുംബത്തിലെ ഒരേയൊരു സംരക്ഷകൻ ആയിരുന്നു. 4 മാസം മുമ്പേ സമാധാനഭംഗമുണ്ടാക്കിയതിന് സെനഗളി(Senegal)ൽ അദ്ദേഹത്തിന് 7 വർഷം തടവ് വിധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം ജയിലിലാണ്. എനിക്ക് അവർ ദുആയ്ക്കുവേണ്ടി കത്തും എഴുതിയിരുന്നു. അതിനുശേഷം പറയുന്നു: ചന്ദയും നല്കി. എന്തായാലും ചന്ദയുടെ അനുഗ്രഹമായിരുന്നു, രണ്ടു മാസത്തിനുശേഷം അവരുടെ പിതൃസഹോദരനെ സർക്കാർ മോചിപ്പിച്ചിരിക്കുന്നുവെന്ന വാർത്ത അവർക്കു കിട്ടി. ജയിൽമോചിതനായിരിക്കുന്നു. അദ്ദേഹത്തിന്റെ മോചനത്തെ കുറിച്ച് കേട്ടവരെല്ലാം പറയുന്നത്, ഇതെന്തോ ദിവ്യദൃഷ്ടാന്തമാണെന്നാണ്. ഇല്ലെങ്കിൽ ഈ കുറ്റത്തിന് മോചിതനാകാൻ ഒരു തരവുമില്ല. ആ സ്ത്രീയുടെ പിതൃസഹോദരൻ ലാമീൻ ജാലു സാഹിബാണ്. അദ്ദേഹം ഈ സംഭവം അറിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ സഹോദരപുത്രി ഇങ്ങനെ ചന്ദകൊടുക്കുകയും ദുആയ്ക്കുവേണ്ടി എനിക്ക് കത്തെഴുതുകയും അതിനുശേഷമാണ് തന്റെ മോചനമുണ്ടായതെന്നും അറിഞ്ഞപ്പോൾ അതിൽ ആകർഷിതനായി. അദ്ദേഹവും അഹ്മദിയ്യത്ത് സ്വീകരിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഫാതിമ സാഹിബ മുടങ്ങാതെ ചന്ദ കൊടുക്കുന്നു. തബ്‌ലീഗും ചെയ്യുന്നു. ചന്ദയുടെ ബർക്കത്തുകൊണ്ടാണ് തന്റെ പിതൃസഹോദരൻ മോചിതനായതെന്ന് പറയുകയും ചെയ്യുന്നു.

വെറും ആഫ്രിക്കയിലല്ല. അഹ്മദി അല്ലാഹുവിന്റെ അനുഗ്രഹത്താൽ വികസ്വരരാഷ്ട്രങ്ങളിലും വിശ്വാസത്തിന്റേയും ആത്മാർഥതയുടേയും മാതൃകകൾ കാഴ്ച വെക്കുന്നു.

ഓസ്ത്രേലിയായി(Australia)ലെ മുബല്ലിഗ് സയ്യിദ് വുദൂദ് അഹ്മദ് സാഹിബ് എഴുതുന്നു: 'മേൽബരണിൽ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ഒരു യുവാവ് വാഗ്ദാനമനുസരിച്ച് തന്റെ ചന്ദ അടച്ചു കഴിഞ്ഞിരുന്നു. പക്ഷേ, ജുമുഅ ദിവസം ധനത്യാഗത്തിലേക്ക് വീണ്ടും ശ്രദ്ധ തിരിച്ചു. അപ്പോൾ ആ ഖാദിം കൂടുതലായി 550 ഡോളർ വാഗ്ദാനം എഴുതിച്ചു. അടുത്ത ദിവസം അത് അടയ്ക്കുകയും ചെയ്തു. ഈ ഖാദിം പഠിത്തത്തോടൊപ്പം പാർട്ട് ടൈം ജോലിയും ചെയ്യുന്നുണ്ട്. അദ്ദേഹത്തിന് എല്ലാ 15 ദിവസത്തിനുശേഷവും 530 ഡോളർ കിട്ടുന്നുണ്ട്. പക്ഷേ, ഈ ആഴ്ച അദ്ദേഹം പറയുന്നു, 1232 ഡോളർ കിട്ടി. അത് അദ്ദേഹം പ്രതീക്ഷിച്ചതുപോലുമില്ല. പറയുന്നു: ഇത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചതിന്റെ ഫലം മാത്രമാണ്.

ഫിജിയിലെ അമീർ നസർവാങ്ക ജമാഅത്തുമായി ബന്ധം വെക്കുന്ന ഒരു യുവാവിനെ കുറിച്ച് പറയുന്നു: വളരെ ആത്മാർഥതയുള്ളയാളാണ്. സെക്രട്ടറിമാർ എന്ന നിലയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം ചന്ദ കൊടുക്കാൻ തുടങ്ങിയപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ തൊഴിലിൽ ധാരാളം അനുഗ്രഹം നല്കി. അദ്ദേഹത്തിന്റെ ഭാര്യ ഒരു ക്രൈസ്തവ കുടുംബത്തിൽനിന്നു വന്നതാണ്. അവർ പറയുന്നു, ഇതെല്ലാം ദീനീസേവനത്തിന്റേയും ധനത്യാഗത്തിന്റേയും ഫലമാണ്. അല്ലെങ്കിൽ ഞങ്ങളുടെ കടം ഒരിക്കലും തീരുന്നുണ്ടായിരുന്നില്ല.

ബെനിനി(Benin)ലെ പാരാക്കൊ റീജ്യണിലെ ഒരു പഴയ ജമാഅത്താണ് 'ഇനാ'. അവിടെത്തെ മുഅല്ലിം ഹമീദ് സാഹിബ് എഴുതുന്നു: ഇവിടെത്തെ തദ്ദേശിയർ അധികവും കൃഷിചെയ്യുന്നവരാണ്. പഞ്ഞികൃഷിയാണ് ചെയ്യുന്നത്. ഈ വർഷം തൊഴിലാളികൾ ഫാക്ട്രിയിലേക്ക് കയറ്റി അയക്കുന്നതിനുവേണ്ടി നല്ലയിനം പഞ്ഞി തിരഞ്ഞെടുത്ത് ഗ്രാമത്തിന്നടുത്തുള്ള ഒരു സ്ഥലത്ത് കൂട്ടിയിട്ടു. പക്ഷേ, ഒരു ദിവസം പെട്ടെന്ന് പഞ്ഞിക്ക് തീ പിടിച്ചു. കോടിക്കണക്കിന് രൂപയുടെ പഞ്ഞി കത്തിച്ചാമ്പലായി. അവിടെ ഒരാളുടെ പഞ്ഞിമാത്രമേ അവശേഷിച്ചുള്ളു അദ്ദേഹം ജമാഅത്തിലെ ആത്മാർഥനായ അംഗമാണ്. തദ്ദേശീയർ അദ്ദേഹത്തോടു ഇതൊരു ദിവ്യാത്ഭുതമാണെന്ന് പറഞ്ഞു. അല്ലാഹു താങ്കളുടെ പഞ്ഞി രക്ഷിച്ചിരിക്കുന്നു. അപ്പോൾ ആ അഹ്മദി സുഹൃത്ത് പറഞ്ഞു: 'അല്ലാഹു എന്റെ ധനത്തെ രക്ഷിച്ചത് ഞാൻ അഹ്മദിയായതുകൊണ്ടാണെന്നും എല്ലാ മാസവും അല്ലാഹുവിന്റെ വഴിയിൽ ചന്ദ കൊടുക്കുന്നതുകൊണ്ടാണെന്നും എനിക്ക് ദൃഢവിശ്വാസമുണ്ട്.'

കോംഗോ(Congo)ബ്രാസവിലിലെ മുബല്ലിഗ് എഴുതുന്നു: ഒരു സ്ത്രീ മാദാമ ആയിശ സർക്കാർ സ്കൂളിൽ പഠിപ്പിക്കുന്നു. ഒരു ദിവസം ഇവർ തന്റെ മകനോടൊപ്പം മിഷൻ ഹൗസിൽ വന്നു. തന്റെ കഠിനമായ സാമ്പത്തിക ബുദ്ധിമുട്ടു പറഞ്ഞു. ഭർത്താവ് ചെലവിനൊന്നും കൊടുക്കാത്തതുകൊണ്ടും സർക്കാർ തന്റെ ശമ്പളത്തിന്റെ പകുതി കടം തിരിച്ചുപിടിക്കുന്നതുകൊണ്ടുമാണെന്ന് പറഞ്ഞു. അവർ കടം എടുത്തിട്ടുണ്ടായിരുന്നു, പകുതി ശമ്പളമേ കിട്ടിയിരുന്നുള്ളു. ഭർത്താവ് ഒന്നും കൊടുക്കുന്നുണ്ടായിരുന്നില്ല. അതുകൊണ്ട് സാമ്പത്തികമായി ഞെരുക്കമായിരുന്നു. ഇദ്ദേഹം പറയുന്നു, ഇവരുടെ ബുദ്ധിമുട്ടു കണ്ട് ഒന്ന് എനിക്ക് ദുആയ്ക്ക് അപേക്ഷിച്ച് കത്തെഴുതാൻ പറഞ്ഞു. രണ്ടാമത് പറഞ്ഞത് നിങ്ങളുടെ കഴിവനുസരിച്ച് മുടങ്ങാതെ ചന്ദ കൊടുക്കാനാണ്. അവർ ഉടനെ കത്തെഴുതി. ചന്ദയും മുടങ്ങാതെ കൊടുക്കാൻ തുടങ്ങി. കുടുംബത്തിനുവേണ്ടിയും ചന്ദ കൊടുത്തു. കുറച്ചു ദിവസം കഴിഞ്ഞതേയുള്ളു, ഭർത്താവ് സ്വയം വീട്ടുവാടകയും കുട്ടികളുടെ സ്കൂൾ ഫീസും കൊടുക്കാൻ തുടങ്ങി. മറുഭാഗത്ത് അവരുടെ മൂത്ത സഹോദരി–അവർ പിതാവിൽനിന്നുള്ള സ്വത്തെല്ലാം കൈയടക്കി വെച്ചിരിക്കുകയായിരുന്നു– ആദ്യമായി ഈ സഹോദരിക്ക് ഒരു ലക്ഷം ഫ്രാങ്ക് സീഫെ അയച്ചു കൊടുത്തു. ആ അഹ്മദി സ്ത്രീ ഉടനെ മിഷൻ ഹൗസിൽ ഫോൺ ചെയ്ത് ചന്ദയുടെ ബർക്കത്തുകൊണ്ട് തന്റെ എല്ലാ വിഷമങ്ങളും അകന്നു വെന്ന് പറഞ്ഞു. പിന്നീട് നേരിട്ട് മിഷൻഹൗസിൽ വന്ന് പത്തായിരം ഫ്രാങ്ക് സീഫെ അധികം ചന്ദ കൊടുത്തു.

കനഡ സ്വദർ ലജ്ന എഴുതുന്നു: യൂണിവേഴ്സിറ്റിയിലെ ഒരു പെൺകുട്ടി പറഞ്ഞു: ഒരിക്കൽ എന്റെ ലോക്കൽ വഖ്ഫ് ജദീദ് സെക്രട്ടറി പറഞ്ഞു: നീ ചന്ദ വഖ്ഫെ ജദീദ് തീർച്ചയായും നല്കുക. അല്ലാഹു ഈ രീതിയിൽ നിന്റെ ബുദ്ധിമുട്ടുകൾ അകറ്റുന്നതാണ്. ആ പെൺകുട്ടി പറഞ്ഞു: എന്റെ കൈയിൽ അപ്പോൾ 50 ഡോളർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു വിദ്യാർഥി എന്ന നിലയിൽ അതെനിക്ക് വലിയ തുകയായിരുന്നു. പക്ഷേ, ഞാൻ അത് ചന്ദ വഖ്ഫെ ജദീദിൽ കൊടുത്തു. അല്ലാഹുവിന്റെ വഴിയിൽ ഈ തുക കൊടുത്തതിനു കുറച്ചു കാലത്തിനുശേഷം എനിക്ക് യൂണിവേഴ്സിറ്റിയിൽനിന്ന് 800 ഡോളർ സ്കോളർഷിപ്പു കിട്ടി. അല്ലാഹു എന്റെ ത്യാഗത്തെ വർധിപ്പിച്ച് എനിക്കു നല്കി.'

ഈജിപ്ത്(Egypt)ലെ നമ്മുടെ ഒരു അഹ്മദിയാണ് അബ്ദുർറഹ്മാൻ സാഹിബ്. ജൂണിലാണ് അദ്ദേഹം ഇതെഴുതിയതെന്ന് തോന്നുന്നു. പറയുന്നു: കഴിഞ്ഞ ജുമുഅ ദിവസം എന്റെ കൈയിൽ വെറും 100 ഈജിപ്ഷ്യൻ പൗണ്ടാണ് ഉണ്ടായിരുന്നത്. അതിൽനിന്ന് 50 പൗണ്ട് ഞാൻ ജമാഅത്തിനു കൊടുത്തു. 50 യാത്രാചെലവിനും മറ്റു ആവശ്യങ്ങൾക്കും വേണ്ടി നീക്കിവച്ചു. ഞാൻ എന്റെ വീട്ടിൽനിന്നും പ്രദേശത്തുനിന്നും അകലെയാണ് താമസിക്കുന്നത്. അവിടെ അല്ലാഹുവല്ലാതെ മറ്റാരും എനിക്കുണ്ടായിരുന്നില്ല. സാധാരണ താമസിച്ചുവരാറുള്ള ശമ്പളം ഇപ്രാവശ്യം നേരത്തെ വന്നിട്ടുണ്ടെന്ന് അടുത്ത ദിവസം അറിയാൻ കഴിഞ്ഞു. ആ ദിവസംതന്നെ എനിക്ക് തുക വസൂൽ ചെയ്യേണ്ടതായിരുന്നെങ്കിലും ഞാൻ രണ്ടു ദിവസം കഴിഞ്ഞാണ് പോയത്. അവിടെ ചെന്നപ്പോൾ ശമ്പളം സർക്കാർ 60% വർധിപ്പിച്ചിരിക്കുന്നതാണ് കണ്ടത്. അടുത്ത് ജുമുഅയ്ക്ക് ഇതിന്റെ പകുതിയും അല്ലാഹുവിന്റെ വഴിയിൽ കൊടുക്കണമെന്നാണ് ഞാൻ തീരുമാനിച്ചിട്ടുള്ളത്. അല്ലാഹു തന്റെ വഴിയിൽ ചെലവഴിക്കുന്നവർക്കു നല്കുന്ന നിർവൃതി പ്രദാനം ചെയ്യുന്നതിനുവേണ്ടി ദുആ ചെയ്യുക.'

അടുത്തത് ഇന്ത്യയാണ്. നമ്മുടെ ഇൻസ്പെക്ടർ സലീം ഖാൻ സാഹിബ് എഴുതുന്നു: ഗുജറാത്ത് സംസ്ഥാനത്തിലെ സമ്പദ്യാല ജമാഅത്തിൽ പര്യടനത്തിനു പോയി. അവിടെത്തെ ഒരു സുഹൃത്തുമായി ഫോണിൽ ബന്ധപ്പെട്ടു. ഞങ്ങൾ ഒരു മണിക്കൂറിനുള്ളിൽ അവിടെ എത്തുമെന്ന് അദ്ദേഹത്തോടു പറഞ്ഞു. ഒരു മണിക്കൂറിനുശേഷം ചെന്നപ്പോൾ സംസാരിക്കുന്നതിന്നിടയിൽ പെട്ടെന്ന് രണ്ടുപേർ വരികയും അവരുമായി അദ്ദേഹം സംസാരിക്കുകയും അതിനുശേഷം അവരുടെ റെഫ്രിജറേറ്റർ അവർ എടുത്തുകൊണ്ടു പോകുകയും ചെയ്തു. ഇതെന്താണെന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ വരുന്നുവെന്ന് പറഞ്ഞു. ഇന്നാണെങ്കിൽ ഞങ്ങളുടെ കൈയിൽ ഒരു പൈസയുമില്ലായിരുന്നു. റെഫ്രിജറേറ്റർ വീട്ടിലുണ്ടായിരുന്നു. ഞാൻ അത് വിറ്റു.' അപ്പോൾ ഇതിത്ര വേഗം വേണ്ടിയിരുന്നില്ലെന്നും ഉടനെ അത് തിരിച്ചുവാങ്ങുക എന്നും ഞങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞു:'അത് നടക്കുകയില്ല. മർക്കസിൽനിന്ന് ആരെങ്കിലും വരികയോ അല്ലെങ്കിൽ മർക്കസിന്റെ പ്രാതിനിധ്യത്തിൽ ആരെങ്കിലും വരികയോ ചെയ്താൽ അവരെ വെറുംകൈയോടെ ഞങ്ങൾ മടക്കിവിടുകയില്ല. റെഫ്രിജറേറ്റർ എന്താണ്? ഫ്രിഡ്ജ് ഞങ്ങൾ വീണ്ടും വാങ്ങുന്നതാണ്. ഇൻശാഅല്ലാഹ്.' അല്ലാഹു അവരുടെ ധനത്തിൽ ബർക്കത്തിടുമാറാകട്ടെ. വാടകവീട്ടിലാണ് അദ്ദേഹം താമസിക്കുന്നത്. മെക്കാനിക്കാണ്. പക്ഷേ, ഞെരുക്കമുണ്ടായിട്ടും അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്യാൻ മടിച്ചുനിന്നില്ല.

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ഇപ്രകാരംതന്നെ ഇന്ത്യയിൽനിന്ന് വഖ്ഫെ ജദീദ് ഇൻസ്പെക്ടർ മുനവ്വർ സാഹിബ് എഴുതുന്നു: 'ഉത്തരപ്രദേശ സംസ്ഥാനത്തിലെ പര്യടനത്തിന്നിടയിൽ സാന്ദൻജമാഅത്തിലെ ഒരു സ്നേഹിതന്റെ അടുക്കൽ വഖ്ഫെ ജദീദ് ചന്ദ വസൂൽ ചെയ്യുന്നതിനുവേണ്ടിപോയി. അദ്ദേഹം തന്റെ ബുദ്ധിമുട്ട് പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഇപ്പോൾ അവസ്ഥകൾ ശരിയല്ല. താങ്കൾ നാളെ രാവിലെ വരിക. അപ്പോൾ നോക്കാം.' പറയുന്നു: അടുത്ത ദിവസം ഞാൻ വീണ്ടും അദ്ദേഹത്തിന്റെ വീട്ടിൽ പോയി. പൈസയുടെ ഏർപാടൊന്നുമായിട്ടില്ലെന്ന് അപ്പോൾ അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ചെറിയ മകൾ അടുത്തുനിന്ന് ഈ സംസാരം കേൾക്കുന്നുണ്ടായിരുന്നു.' നോക്കുക!കുട്ടികളിൽ ത്യാഗത്തിന്റെ ആത്മാവ് എത്ര മാത്രമാണ് ഉള്ളതെന്ന്. പറയുന്നു: 'അവൾ തന്റെ പിതാവിന്റെ അടുക്കൽവന്ന് പറഞ്ഞു: 'തണുപ്പ് കൂടുകയാണ്, അതിനാൽ ഷൂ വാങ്ങിത്തരാമെന്ന് എന്നോടു നിങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. എന്റെ ഷൂ വാങ്ങാൻ വെച്ചിരിക്കുന്ന ആ തുക എനിക്കു തരിക. കുട്ടി വാശി പിടിച്ച് പിതാവിൽ നിന്ന് ആ തുക വാങ്ങി. മുഴുവനും വഖ്ഫെ ജദീദിൽ ചന്ദ കൊടുത്തു.' പറഞ്ഞു: 'ഷൂ ഇനിയും വാങ്ങാം. ആദ്യം ചന്ദ വാങ്ങിക്കൊള്ളുക.'

ഇന്ത്യയിലെ വഖ്ഫെ ജദീദ് ഇൻസ്പേക്ടർ ഫരീദ് സാഹിബ് പറയുന്നു: 'നവംബർ മാസത്തിൽ യു.പി.യിൽ വഖ്ഫെ ജദീദിന്റെ സാമ്പത്തികപരമായ പര്യടനത്തിനായി പോയി. അപ്പോൾ മീററ്റിലും ഒരു അഹ്മദി വീടുണ്ടെന്നും അവർക്ക് വർഷങ്ങളായി ജമാഅത്തുമായി ബന്ധമൊന്നുമില്ലെന്നും അറിയാൻ കഴിഞ്ഞു. അങ്ങനെ അവരുടെ വീട്ടിലെത്തുകയും സാമ്പത്തിക ത്യാഗത്തെ കുറിച്ച് പറയുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു,'ഞങ്ങൾ കേവലം വഖ്ഫെ ജദീദിൽ മാത്രമല്ല, മറിച്ച് എല്ലാ ചന്ദകളിലും പങ്കെടുക്കാൻ ആഗ്രഹിക്കുന്നു.' അങ്ങനെ അദ്ദേഹം നിർബന്ധ ചന്ദയുടെ ബജറ്റ് എഴുതിച്ചു. അതിനോടൊപ്പം വഖ്ഫെ ജദീദിന്റേയും തഹ്‌രീക്കെ ജദീദിന്റേയും ഉപസംഘടനകളുടേയും ചന്ദകളുടെ ബജറ്റ് എഴുതിച്ചു. 15000 രൂപ ആ നേരംതന്നെ ചന്ദ വഖ്ഫെ ജദീദ് നല്കുകയും ചെയ്തു. ഇപ്രകാരം അല്ലാഹു വഖ്ഫെ ജദീദിന്റെ അനുഗൃഹീതമായ ആഹ്വാനത്തിന്റെ സമൃദ്ധി കൊണ്ട് ഒരു കുടുംബത്തെ അഹ്മദിയ്യാ ജമാഅത്തുമായി വീണ്ടും ബന്ധിപ്പിച്ചു. അതിനാൽ ഇതിനുമുമ്പേയും പലതവണ ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ് നമ്മളിൽനിന്നും നമ്മുടെ ഉദ്യോഗസ്ഥരിൽനിന്നും അലസമനോഭാവമുണ്ടാകും. ജമാഅത്തുമായി ബന്ധം വെക്കുകയില്ല. ചിലപ്പോൾ ദീർഘകാലമായി ബന്ധമുണ്ടാകുകയില്ല. അതുകൊണ്ട് ജനങ്ങൾവരെ എത്തിച്ചേരുന്നതിന് വ്യവസ്ഥിതിയേയും പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ചില സംഭവങ്ങളാണ് ഞാൻ വിവരിച്ചത്. ഇത് ദീനിനുവേണ്ടി ധനത്യാഗം ചെയ്യുന്നതിനെ സംബന്ധിച്ച് നമുക്ക് അറിവു നല്കുന്നതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതയുടേയും അത് അല്ലാഹുവിൽനിന്ന് സ്ഥാപിതമായതാണ് എന്നതിന്റേയും ഒരു തെളിവും കൂടിയാണ്. ജമാഅത്തംഗങ്ങളുടെ ഈമാനിലും യഖീനിലും അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

അല്ലാഹുവിന്റെ കൃപയാൽ വഖ്ഫ് ജദീദിന്റെ 60-ാംവർഷം ഡിസംബർ 31 ന് അവസാനിച്ചിരിക്കുന്നു. ജനുവരി ഒന്നുമുതൽ 61-ാം വർഷം ആരംഭിച്ചിരിക്കുന്നു. അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നടപ്പുവർഷം വഖ്ഫെ ജദീദിൽ 88,62000(എൺപത്തിയെട്ട് ലക്ഷത്തി അറുപത്തിരണ്ടായിരം)പൗണ്ടിന്റെ ത്യാഗം സമർപിച്ചു. കഴിഞ്ഞ വർഷത്തെക്കാൾ 8,42000(എട്ട് ലക്ഷത്തി നാല്പത്തി രണ്ടായിരം) പൗണ്ട് അധികമാണിത്. അൽഹംദുലില്ലാഹ്. പാക്കിസ്താനു പുറമെ-അവർ മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്തുതന്നെയാണ് ഉണ്ടാകാറുള്ളത്-ലോകത്തെ മറ്റു ജമാഅത്തുകളുടെ വഖ്ഫെ ജദീദിലെ നിലകൾ ഇപ്രകാരമാണ്.

മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ വിദേശ രാജ്യങ്ങളിലെ ആദ്യസ്ഥാനത്ത് നില്ക്കുന്ന പത്തു ജമാഅത്തുകൾ ഇവയാണ്. ഒന്നാം സ്ഥാനം യു.കെ(U.K), രണ്ട് ജർമനി (Germany), തഹ്‌രീക്കെ ജദീദിൽ ഇത് നേരെ മറിച്ചായിരുന്നു. മൂന്ന് അമേരിക്ക(America), നാല് കനഡ (Canada), അഞ്ച് ഇന്ത്യ(India), ആറ് ഓസ്ത്രേലിയ(Australia), ഏഴ് മിഡിൽ ഈസ്റ്റിലെ ജമാഅത്ത്, എട്ട് ഇന്തൊനീഷ്യ (Indonesia), ഒമ്പത് മിഡിൽ ഈസ്റ്റിലെ ജമാഅത്ത്, പത്ത് ഘാന(Ghana). ഘാനയും ഇപ്രാവശ്യം വേണ്ടുവോളം അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

തദ്ദേശ കറൻസിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് വ്യക്തമായ വർധന ഉണ്ടാക്കിയ രാജ്യങ്ങളിൽ കനഡ ഒന്നാം സ്ഥാനത്താണ്. അവർ വേണ്ടുവോളം അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. ഇതിനുപുറമെ ആഫ്രിക്കൻ രാജ്യങ്ങളിൽ നൈജീരിയ വേണ്ടത്ര അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. 83% വർധന ഉണ്ടാക്കി. മാലി 55 ശതമാനവും സിയറ ലിയോൺ (Sierra Leone) 45 ശതമാനവും കാമറൂൺ(Cameroon)45 ശതമാനവും ഘാന(Ghana) 24 ശതമാനവും വർധന ഉണ്ടാക്കി. അതായത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കൂടുതൽ തുക വസൂൽ ചെയ്തു.

വഖ്ഫെ ജദീദിൽ ചേരുന്നവരുടെ സംഖ്യ വർധിക്കേണ്ടതാണ്. യഥാർഥകാര്യം അതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം വഖ്ഫെ ജദീദിൽ പതിനാറുലക്ഷത്തിലധികം ചന്ദകൊടുക്കുന്നവർ പങ്കെടുത്തു. പുതിയതായി ചേർന്നവരുടെ എണ്ണം 2,68000 (രണ്ടുലക്ഷത്തി അറുപത്തിയെട്ടായിരം) ആണ്. അംഗവർധനവിന്റെ അടിസ്ഥാനത്തിൽ നൈജീരിയ (Nigeria) ഒന്നാം സ്ഥാനത്താണ്. പിന്നീട് സിയറ ലിയോൺ (Sierra Leone), നൈജർ(Niger), ബെനിൻ (Benin), മാലി (Mali), കാമറൂൺ(Cameroon), ഐവറികോസ്റ്റ് (Ivory coast), സെനഗൽ (Senegal), ബുർക്കിനാ ഫാസോ (Burkina Faso), ഗാംബിയാ(Gambia),ഗിനി-ബിസോ(Guinea-Bissau), കെനിയ(Kenya), ടാൻസനിയാ (Tanzania), സിംബാബ്‌വെ(Zimbabwe). ഇവർ നല്ലവണ്ണം പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിൽ ഒന്ന് കേരളം, രണ്ട് ജമ്മു കശ്മീർ, മൂന്ന് തെലുങ്കാന, നാല് കർണാടക, അഞ്ച് തമിഴ് നാട്, ആറ് ഒഡീഷ, ഏഴ് വെസ്റ്റ് ബംഗാൾ, എട്ട് പഞ്ചാബ്, ഒമ്പത് ഉത്തർപ്രദേശ്, പത്ത് മഹാരാഷ്ട്ര.

അടവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പത്ത് ജമാഅത്തുകൾ ഇപ്രകാരമാണ്. കോഴിക്കോട്, ഹൈദരബാദ്, പത്തപ്പിരിയം, ഖാദിയാൻ, കൊൽക്കത്ത, ബാംഗ്ലൂർ, കണ്ണൂർ ടൗൺ, പഴയങ്ങാടി, കരുളായ്, കരുന്നാഗപ്പള്ളി.

ഖുത്ബയുടെ അവസാനം ഹുദൂർ പറഞ്ഞു: അല്ലാഹു ത്യാഗങ്ങൾ ചെയ്യുന്ന എല്ലാവരുടേയും സമ്പത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ ഈമാനിലും ഇഖ്‌ലാസിലും വർധന ഉണ്ടാക്കുമാറാകട്ടെ. ഓരോരുത്തരും അവരുടെ വാക്കിലും പ്രവൃത്തിയിലും അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഒരു ജനാസ നമസ്കരിപ്പിക്കുന്നതാണ്. വജീഹ് മുനവ്വർ സാഹിബിന്റെ മകൻ അസീസം അലി ഗോഹർ മുനവ്വർ സാഹിബിന്റെ ജനാസയാണിത്. യൂ.കെ യിലെ ഓൾഡ് റഷാട്ടിലാണ് താമസിക്കുന്നത്. 2017 ഡിസംബർ 23ന് തന്റെ കുടുംബത്തോടൊപ്പം ജർമനിയിലേക്ക് പോകുമ്പോൾ കോലൻ നഗരത്തിന് അടുത്ത് കാർ അപകടത്തിൽപ്പെട്ടു. ടയർ പൊട്ടിപ്പോകുകയായിരുന്നു. ആ കുട്ടിയുടെ മാതാവായിരുന്നു ഡ്രൈവ് ചെയ്തിരുന്നത്. 5-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അലി ഗോഹർ വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്നു. അവന്റെ പിതാമഹൻ ചൗദരി മുനവ്വർ അഹ്മദ് സാഹിബിന്റെ ബന്ധം നാറോവാളുമായിട്ടായിരുന്നു. അദ്ദേഹം കുട്ടിയ്ക്ക് അലി എന്ന് പേരിട്ടത് തന്റെ പ്രപിതാമഹനായ ഹദ്റത്ത് അലി ഗോഹർ സാഹിബിന്റെ സ്മരണയക്കായിട്ടായിരുന്നു. അദ്ദേഹമായിരുന്നു കുടുംബത്തിലെ ആദ്യ അഹ്മദി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അസീസം അലിയുടെ മാതാമഹൻ മുഹമ്മദ് ഇദ്‌രീസ് സാഹിബിന്റെ ബന്ധം ഹൈദരബാദ് ദക്കണുമായിട്ടാണ്. അലിയുടെ മാതാവ് നുസ്റത്ത് ജഹാൻ നമ്മുടെ ഓഫീസിലെ ഇംഗ്ലീഷ് പോസ്റ്റ് ടീമിൽ ജോലി ചെയ്തു വരുന്നു. അപകടത്തിൽ ഞാൻ പറഞ്ഞതുപോലെ മാതാവ് വണ്ടി ഓടിക്കുകയായിരുന്നു. നുസ്റത്ത് ജഹാന്റെ മാതാവ് അതായത് കുട്ടിയുടെ മാതാമഹി അടുത്തിരിപ്പുണ്ടായിരുന്നു. അവർക്കും സാരമായ പരിക്കേറ്റു. ആശുപത്രിയിൽ ചികിത്സയിലാണ്. അല്ലാഹു അവർക്കും ആരോഗ്യത്തോടുകൂടിയുള്ള ദീർഘായുസ് നല്കുമാറാകട്ടെ; കുട്ടിയുടെ മാതാപിതാക്കൾക്കും. കുട്ടികളുടെ മാതാപിതാക്കൾക്ക് ക്ഷമയും സഹനവും നല്കുമാറാകട്ടെ. അല്ലാഹുവിന്റെ കൃപയാൽ മാതാവ് വളരെയേറെ ക്ഷമകൈക്കൊണ്ടു. കുട്ടി നിഷ്കളങ്കനാണ്. അല്ലാഹു ഉടനെ അവനെ സ്വർഗത്തിലെടുക്കുന്നതായിരിക്കും. അല്ലാഹു അവന്റെ മാതാപിതാക്കൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. നിഅ്മുൽബദ്ൽ നല്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഞാൻ പറഞ്ഞതുപോലെ ജനാസ നമ്സകരിപ്പിക്കുന്നതാണ്. ഹാജർ ജനാസയാണ്. അതുകൊണ്ട് ഞാൻ വെളിയിൽ പോകുന്നതായിരിക്കും. നിങ്ങൾ ഇവിടെ നിന്ന് ജനാസയിൽ പങ്കെടുക്കുക.

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

**കലാമുൽ ഇമാം:-**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

*(തുടർച്ച)*

**2017 ആഗസ്ത് 28(തിങ്കളാഴ്ച)**

### വിവിധ രാജ്യങ്ങളിൽനിന്ന് വന്ന സംഘങ്ങളുമായി ഹുദൂറിന്റെ കൂടിക്കാഴ്ച:

മസിഡോണിയ(Macedonia): പരിപാടിയനുസരിച്ച് മസിഡോണിയായിൽനിന്നു വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ വർഷം മസിഡോണിയായിൽനിന്ന് 65 പേരടങ്ങിയ സംഘമാണ് ജർമൻ ജൽസയിൽ പങ്കെടുത്തത്. അവരിൽ 32 ക്രൈസ്തവ സുഹൃത്തുക്കളും 23 അഹ്മദികളും 10 അനഹ്മദികളുമായിരുന്നു. അവരിൽ ഒരു സുഹൃത്ത് അവസാന ദിവസം ബയ്അത്തുചെയ്യാനുള്ള ഭാഗ്യവും കരസ്ഥമാക്കി. അവരിൽ വലിയൊരു വിഭാഗം മസിഡോണിയായിൽനിന്ന് ജർമനിവരെ ഏകദേശം 2000 കിലോമീറ്റർ 42 മണിക്കൂർ ബസിൽ യാത്ര ചെയ്താണ് വന്നത്. ഈ സംഘത്തിൽ 4 ടി.വി ചാനലുകളുടെ 5 പത്രപ്രവർത്തകരും പങ്കെടുത്തിരുന്നു. അവരിൽ മൂന്നുപേർ വിവിധ ദേശീയ ടെലിവിഷൻ ചാനലുകളുടെ പത്രപ്രവർത്തകരായിരുന്നു. അവർ ഹുദൂറിന്റെ പത്രസമ്മേളനത്തിൽ ചോദ്യങ്ങളും ചോദിച്ചിരുന്നു. ഈ പത്രപ്രവർത്തകർ ജൽസയ്ക്കിടയിൽ പരിപാടികൾ റെക്കോർഡിംഗും ചെയ്തു. ആഗസ്റ്റ് 28 ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ ആ ദൃശ്യങ്ങളും ക്യാമറയിൽ പകർത്തിയിരുന്നു. അത് അവർ ഡോക്യുമെന്ററിയിൽ കാണിക്കുന്നതാണ്.

സംഘത്തിൽ ഉണ്ടായിരുന്ന ഒരു സ്ത്രീ ചോദിച്ചു: ഭീകരവാദികൾ ആക്രമണം നടത്തുമ്പോൾ ദൈവത്തിന്റെ നാമം പറയുന്നതെന്തിനാണ്?

ഹുദൂർ പറഞ്ഞു: അവർ തെറ്റാണ് ചെയ്യുന്നത്. തെറ്റായ പ്രവർത്തനത്തിന് ദൈവത്തിന്റെ നാമം ഉപയോഗിക്കുന്നു. അങ്ങനെ ചെയ്യുന്നവരെ ശിക്ഷിക്കുമെന്ന് അല്ലാഹു പറയുന്നു. ഈ ലോകത്തല്ലെങ്കിൽ പരലോകത്ത് ശിക്ഷ നല്കുന്നതാണ്. സ്വർഗത്തിനുപകരം നരകത്തിലായിരിക്കും അവരുടെ സങ്കേതം. ജനങ്ങളുടെ ജീവൻ അന്യായമായി നഷ്ടപ്പെടുത്തിക്കളയരുത്. കുട്ടികളുടെ തലയ്ക്കുമീതെ നിന്ന് അവരുടെ മാതാപിതാക്കളുടെ തണൽ തട്ടിപ്പറിച്ചെടുക്കരുത്. നിരപരാധികളെ വധിക്കരുത്. അതിനാൽ അല്ലാഹു അത്തരം അക്രമം ആഗ്രഹിക്കുന്നില്ല. ആരാണോ അങ്ങനെ ആഗ്രഹിക്കുന്നത് അങ്ങനെ ചെയ്യുന്നത് അവന് ശിക്ഷ ലഭിക്കുന്നതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഒരു ഫ്രഞ്ച് ജേർണലിസ്റ്റ് ഭീകരവാദസംഘടനകളുടെ ഒരംഗത്തോട് നിങ്ങളിത് ചെയ്യുന്നത് ഇസ്‌ലാം പറഞ്ഞിട്ടാണോ എന്ന് ചോദിച്ചു. അയാൾ പറഞ്ഞു ഞാൻ വിശുദ്ധഖുർആൻ പഠിച്ചിട്ടില്ല. എനിക്കറിയില്ല ഇസ്‌ലാമികാധ്യാപനം എന്താണെന്ന്. ഞങ്ങളുടെ നേതാക്കൾ പറയുന്നതാണ് ഞങ്ങൾ ചെയ്യുന്നത്. അല്ലാതെ ഇസ്‌ലാമികാധ്യാപനങ്ങൾ എന്താണെന്നൊന്നും ഞങ്ങൾക്കറിയില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതാണവരുടെ ഇസ്‌ലാം. ഇതാണവരുടെ അറിവ്. മുസ്‌ലിംകൾക്ക് രണ്ട് കാര്യങ്ങൾ അനിവാര്യമാണ്. ഒന്ന് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുക. രണ്ട് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക. ഈ രണ്ട് കാര്യങ്ങളുമുണ്ടെങ്കിലേ സമാധാനം നിലനില്ക്കുകയുള്ളൂ.

● മസിഡോണിയായിലെ ബെറാവോ(Beravo) നഗരത്തിൽനിന്ന് വന്ന അതിഥി ബലാഗസ്ത ഫ്രഞ്ചോസഗ വക്കീലാണ്. അവർ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ഈ ജൽസയിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. എല്ലാ ഒരുക്കങ്ങളും വളരെ നല്ലതായിരുന്നു. ഒരു കുറവുമുണ്ടായിരുന്നില്ല. ഹുദൂറിന്റെ പ്രസംഗങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. ഇസ്‌ലാമിന്റെ യഥാർഥ ഉദ്ദേശ്യം സമാധാനമാണെന്നും യുദ്ധമല്ലെന്നും ആ പ്രസംഗങ്ങളിൽനിന്ന് എനിക്ക് മനസ്സിലായി. വാസ്തവത്തിൽ ഇസ്‌ലാം ജനങ്ങളെ ജീവിതത്തിന്റെ സുപ്രധാനവും അടിസ്ഥാനപരവുമായ കാര്യങ്ങൾ പഠിപ്പിക്കുന്നു. എങ്ങനെ ഒരു ആരോഗ്യമുള്ള സമൂഹം വാർത്തെടുക്കാൻ കഴിയുമെന്ന്. ഇസ്‌ലാം എല്ലാ അവസ്ഥയിലും പഠിപ്പിക്കുന്നത് നന്മ വിജയിക്കണമെന്നും തിന്മ പരാജയപ്പെടണമെന്നുമാണ്. നമ്മളെല്ലാവരും ഹുദൂറിന്റെ വാക്കുകളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഈ ലോകം യുദ്ധമുണ്ടാകാതെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കളിത്തൊട്ടിലായി തീരുന്നതാണ്. യഥാർഥത്തിൽ എല്ലാ മതത്തിന്റേയും അടിസ്ഥാനപരമായ സിദ്ധാന്തം ഇതുതന്നെയാണ്.

ഹുദൂർ തന്റെ പ്രസംഗത്തിൽ പറഞ്ഞു: പാത്രം മാത്രം വൃത്തിയാക്കിയാൽ പോരാ. മറിച്ച്, ആ പാത്രത്തി ലുണ്ടാകേണ്ട ഭക്ഷണവും ആരോഗ്യമുള്ളതായിരിക്ക ണം. ഞാൻ ധരിക്കുന്നത്, നമ്മുടെ കർമം വെറും കർമമായി പോകരുതെന്നും മറിച്ച് സൽകർമമായിരിക്കണമെന്നും ഹുദൂർ നമുക്ക് മനസ്സിലാക്കിത്തരാൻ ആഗ്രഹിക്കുന്നു. ഇപ്രകാരംതന്നെ ഹുദൂർ പറഞ്ഞു: ഇസ്‌ലാമിൽ ഭർത്താവിനും ഭാര്യക്കും തുല്യമായ അവകാശമാണുള്ളത്. ഇതിനു മുമ്പേ ഞാൻ മനസ്സിലാക്കിയിരുന്നത് ഇസ്‌ലാം സ്ത്രീകൾക്ക് ഒരു അവകാശവും കൊടുക്കുന്നില്ലെന്നാണ്. ഞാൻ ഹുദൂറിൽനിന്ന് ഇത് പഠിച്ചു. സ്ത്രീ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും കാര്യത്തിൽ ഉത്തരവാദിയാണ്. അവരുടെ പങ്കാണ് ഇക്കാര്യത്തിൽ സുപ്രധാനമായിട്ടുള്ളത്. ചുരുക്കിപ്പറയാം സ്ത്രീ പക്ഷിക്കൂടിന്റെ ചിന്താഗതിയുള്ളവളാണ്. ഭർത്താവ് ആ കിളിക്കൂടിനെ സംരക്ഷിക്കുന്നവനാണ്. ഞാൻ മനസ്സിലാക്കുന്നത് ഭർത്താവ് കുടുംബത്തിന്റെ തലയാണെന്നും ഭാര്യ കഴുത്താണെന്നുമാണ്. ഒരാൾ മറ്റൊരാളെ കൂടാതെ ഇരുവരും നിലനില്ക്കുകയില്ല. അവർ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ നമസ്കാരവും എന്നെ ഹഠാദാകർഷിച്ചു. ബയ്അത്തും അഗാധമായ സ്വാധീനമുണ്ടാക്കി. സമയം നിശ്ചലമായതുപോലെ അനുഭവപ്പെട്ടു. നാലുഭാഗത്തും ആളുകളാണ്. അവർ ആ നിമിഷങ്ങളിൽനിന്ന് പിന്തള്ളപ്പെടാൻ ആഗ്രഹിക്കുന്നില്ല. എല്ലാ വഴികളും ഒരേയൊരു ദിശയിലേക്ക് പോയിക്കൊണ്ടിരുന്നു; അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുള്ള സ്ഥലത്തേക്ക്! ആ സമയത്ത് ജൽസാഗാഹിനു വെളിയിൽ സമുദ്രംപോലെയായിരുന്നു. ആരും വെളിയിലുണ്ടായിരുന്നില്ല. ഞാൻ ജൽസാവേളയിൽ എന്റെ ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവ് വളരെ വിശാലമാക്കി. വാക്കുകൾ മാഞ്ഞുപോയേക്കാം. പക്ഷേ, ഇപ്പോൾ ഇസ്‌ലാമിനെക്കുറിച്ചുണ്ടായിട്ടുള്ള ചിത്രം എന്നെന്നും നിലനില്ക്കുന്നതാണ്. ഹുദൂറുമായി ഞങ്ങളുടെ കൂടിക്കാഴ്ച നടന്നപ്പോൾ, അതെനിക്ക് ഹുദൂറിനെ അടുത്തുനിന്ന് നോക്കിക്കാണാൻ കിട്ടിയ ആദ്യ അവസരമായിരുന്നു. ആ കൂടിക്കാഴ്ച ജൽസാസാലാനയുടെ ചിത്രത്തിൽ ചായംപൂശി. എനിക്ക് ആ മഹത്തായ വ്യക്തിത്വത്തെ പരിചയപ്പെടാനുള്ള അവസരം ലഭിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം എല്ലാ ആളുകളും ഈ ദിനങ്ങളിൽ ആത്മാവിന്റെ അഗാധതയിൽ താഴ്ന്നുകൊണ്ട് കേട്ടതാണ്. എന്നിൽ ഏറ്റവും കൂടുതൽ സ്വാധീനമുണ്ടാക്കിയത് ഖലീഫത്തുൽ മസീഹിന്റെ സാധാരണരീതിയിലുള്ള വിവരണമാണ്. അതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് അദ്ദേഹം പൊതുജനങ്ങളുടെ അടുത്തുവരാൻ ആഗ്രഹിക്കുന്നുവെന്നാണ്. അവരുമായി കൂടിക്കലരാൻ ആഗ്രഹിക്കുന്നു. എല്ലാ ആളുകൾക്കും ഈ സന്ദേശം നല്കാൻ ആഗ്രഹിക്കുന്നു. തന്നെ നോക്കാനും നിങ്ങളെപോലുള്ള ഒരു സാധാരണമനുഷ്യനാണ് താനെന്നും അദ്ദേഹം കർമത്തിലൂടെ പറയുകയാണ്. ഞാൻ ആ വ്യക്തിത്വത്തെ വീണ്ടും കാണാൻ ആഗ്രഹിക്കുന്നു.”

● മസിഡോണിയായിലെ സംഘത്തിൽ രണ്ട് സഹോദരിമാർ നദാശ തറാജ് ഖൊസാക്ക അരീനിയ തറാജാ ഖൊസാക്ക പങ്കെടുത്തിരുന്നു. ഇരുവരും മനശാസ്ത്രരംഗത്തെ പ്രൊഫസർമാരാണ്. അവർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ‘ജൽസ എന്നു പറയുന്നത് ഞങ്ങൾക്ക് ഒരുപാട് പഠിക്കാനുള്ള അവസരമായിരുന്നു. ഇതിന്റെ ഓർമ എന്നെന്നും ബാക്കിയാകുന്നതാണ്. ഞങ്ങളിൽ ഹുദൂറിന്റെ വ്യക്തിത്വവും അവിടത്തെ പ്രസംഗങ്ങളും പ്രത്യേക സ്വാധീനം ചെലുത്തിയിരിക്കുന്നു. മനുഷ്യൻ സംതൃപ്തനായിത്തീരുന്നു. ആ അവസരത്തിൽ ഞങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് വളരെയധികം പഠിച്ചു. ഞങ്ങൾ സന്തോഷിക്കുന്നു. ഞങ്ങൾക്ക് ആ മഹാനായ വ്യക്തിയുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം ലഭിച്ചു. ഞങ്ങൾക്ക് ഹുദൂറിന്റെ വിനയവും വളരെ നല്ലതായിതോന്നി. ഇപ്രകാരംതന്നെ ആ മഹാത്മാവിന്റെ സാധാരണക്കാരന്റെ അടുത്താകലും ആഴത്തിൽ ചെന്നുകൊണ്ടും കാര്യങ്ങളുടെ എല്ലാ വശങ്ങളും മനസ്സിലാക്കിക്കൊണ്ടും ജനങ്ങളോട് സംസാരിക്കുന്നതും ഞങ്ങൾ കണ്ടു. അവർക്ക് മാർഗനിർദ്ദേശം നല്കുന്നു. ഇതെല്ലാം പ്രശംസനീയമാണ്. ഖലീഫത്തുൽ മസീഹിന്റെ അടുത്തുനിന്ന് ഞങ്ങൾ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷം മനസ്സിലാക്കി.

● മസിഡോണിയായിൽനിന്ന് വന്ന ഒരു അതിഥി ഗോർത്തോ സോസഖി പറഞ്ഞു: ഞാൻ ഇപ്രകാരമുള്ള മീറ്റിംഗിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. നമ്മുടെ ചുറ്റുപാടുമുള്ള എല്ലാ ആളുകളും സ്നേഹം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ അനുഭവം കൊണ്ട് എനിക്ക് ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവിൽ വർധനയുണ്ടായി. ഹുദൂറിന്റെ പ്രസംഗത്തിൽ വളരെ ആകർഷിതയായിരിക്കുന്നു. അവിടത്തെ വാക്കുകൾ എന്റെ ആത്മാവിന് സമാധാനം പ്രദാനം ചെയ്തിരിക്കുന്നു. പ്രത്യേകിച്ച് ഞാൻ ഇക്കാര്യത്തിൽ വളരെ സ്വാധീനയും അത്ഭുതപ്പെടുകയും ചെയ്തു. ഹുദൂർ ഹാളിൽ വന്നപ്പോൾ ജനങ്ങൾ മുദ്രാവാക്യങ്ങൾ മുഴക്കി. ഹുദൂറിന് സലാം പറഞ്ഞു. ഞാൻ ആ മൂന്നു ദിവസങ്ങളിൽ എന്തൊന്നാണോ കണ്ടത് അത് എനിക്ക് പരിചയമുള്ളവരോട് പറയുന്നതാണ്. അവരോട് ഞാൻ പറയും, അവരും അത്ഭുതകരമായ ദൃശ്യങ്ങൾ കാണുന്നതിനുവേണ്ടി ജൽസയിൽ വരാൻ! ഹുദൂറുമായിട്ടുള്ള കൂടിക്കാഴ്ച എന്നെ വല്ലാതെ സ്വാധീനിച്ചു. ഞങ്ങൾ അദ്ദേഹത്തെ ഹാളിൽ കണ്ടപ്പോൾ വിചാരിച്ചത് ആർക്കും അദ്ദേഹത്തിന്റെടുത്ത് എത്താൻ കഴിയില്ലെന്നാണ്. കൂടിക്കാഴ്ചയുടെ അവസരത്തിൽ ഞാൻ അദ്ദേഹത്തിന്റെ കൈ സ്പർശിച്ചു. അദ്ദേഹത്തിന് കൈ കൊടുത്തു. അവസരം കിട്ടിയാൽ വീണ്ടും വരുമെന്ന് പറഞ്ഞു.’

● ഒരു വനിത പറഞ്ഞു: ഹുദൂർ തന്റെ സ്ത്രീകളോടുള്ള പ്രസംഗത്തിൽ പറഞ്ഞിരുന്നു സ്ത്രീകൾ ജോലിയെടുക്കരുതെന്ന്. സ്ത്രീകളുടെ കടമകൾ എന്താണ്? അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ പറഞ്ഞത് നിങ്ങളുടെ കുട്ടികളുടെ ശിക്ഷണത്തിനുവേണ്ടി ജോ ലിക്ക് പോകാതിരിക്കുന്നതാണ് നല്ലതെന്നാണ്. കുട്ടികൾക്ക് തർബിയ്യത്ത് കൊടുക്കുക. അവരെ പരിപാലിക്കുക. ഹുദൂർ പറഞ്ഞു, ചില സ്ത്രീകൾ തങ്ങളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനും അവരുടെ തർബിയ്യത്തിനും വേണ്ടി ജോലി ഉപേക്ഷിച്ചിട്ടുള്ളത് എനിക്കറിയാം. കുട്ടികൾ പ്രായമെത്തിക്കഴിഞ്ഞപ്പോൾ വീണ്ടും അവർ ജോലിക്ക് പോയി. ഹുദൂർ പറഞ്ഞു: സ്ത്രീകൾ തങ്ങളുടെ നിർബന്ധകാര്യങ്ങൾ നിറവേറ്റേണ്ടതാണ്. രണ്ട് ഓപ്ഷനുണ്ടോ എന്ന് നോക്കുക. അതിൽ ഏതാണ് നല്ലതെന്ന് നോക്കുക. ആ ഓപ്ഷൻ സ്വീകരിക്കുക.

● ഒരു സ്ത്രീ പറഞ്ഞു ഹുദൂർ തന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നു സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ അവകാശങ്ങൾ നല്കപ്പെട്ടിരിക്കുന്നുവെന്ന്. രണ്ടുപേരും ജോലിയെടുത്തുകൊണ്ടിരിക്കുന്നു. സ്ത്രീകൾ അവരുടെ ജോലിയെടുക്കുന്നു. പുരുഷന്മാർ അവരുടെ ജോലികളെടുക്കുന്നു. ഞങ്ങൾക്കിത് വളരെ നന്നായിതോന്നി. അപ്പോൾ ഹുദൂർ പറഞ്ഞു: ജമാഅത്തിലെ സ്ത്രീകൾ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്. വീട്ടിലിരിക്കുന്ന സ്ത്രീകളുടെ കുട്ടികൾ ശിക്ഷണപരമായ കാര്യത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ടവരാണ്. അവരുടെ വളരെ നല്ല പരിപാലനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ശിക്ഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. അവർ അവരുടെ വൃത്തത്തിനുള്ളിൽനിന്ന് ഇരുവരും ജോലി ചെയ്യുന്നു. ഹുദൂർ പറഞ്ഞു: ‘ഒരു കാര്യം നിങ്ങൾ നോക്കിയില്ല. അത് മറഞ്ഞിരിക്കുകയായിരുന്നു. ജൽസയിൽ പുരുഷന്മാർ സ്ത്രീകൾക്കുവേണ്ടി ഭക്ഷണം പാചകം ചെയ്തുകൊണ്ടിരുന്നു. എന്നാൽ, വീടുകളിൽ ഭാര്യമാർ ഭർത്താക്കന്മാർക്കു വേണ്ടി ഭക്ഷണം പാകം ചെയ്യുന്നു.’

* മസിഡോണിയായിൽനിന്നു വന്ന ഒരു വനിതാ

അതിഥി ധാൻജെആസ്മാ നൗദാ ടിവിയുടെ പ്രവർത്തകയാണ്. പറഞ്ഞു ജൽസ എനിക്ക് ഇസ്‌ലാമിന്റെ പുതിയ വശങ്ങളിലേക്ക് മാർഗദർശനം നല്കി. ഇസ്‌ലാം എന്ന പദം എന്നിൽ നിഷിദ്ധമാക്കപ്പെട്ടിരുന്ന ഒരു സമയവും എനിക്ക് ഉണ്ടായിരുന്നു. അതായത് ഇപ്പോൾ എനിക്ക് ഇസ്‌ലാമിന്റെ പുതിയ രീതിയിലുള്ള പരിചയം കരസ്ഥമായി. ഞാൻ പത്രപ്രവർത്തക എന്ന നിലയിൽ പുതിയ അനുഭവം കരസ്ഥമാക്കിയതിൽ നിങ്ങളോട് നന്ദിയുള്ളവളാണ്. ഈ പ്രതികരണങ്ങൾ ഞാൻ എന്റെ കൂടെ മസിഡോണിയായിൽ കൊണ്ടുപോകുകയാണ്. ഹുദൂറുമായിട്ട് ഞങ്ങളുടെ കൂടിക്കാഴ്ച നടന്നു. അദ്ദേഹം ഞങ്ങളിൽ വളരെ പോസിറ്റീവായിട്ടുള്ള പ്രതികരണമാണുണ്ടാക്കിയത്. ഇത് ഞങ്ങൾക്ക് പുതിയ അനുഭവമായിരുന്നു. ഈ കൂടിക്കാഴ്ച എപ്പോഴും ഓർമവെക്കുന്നതാണ്. ഹുദൂറിന്റെ ഹൃദയഹാരിയായ വിവരണവും സ്നേഹവും ഞങ്ങളെ വൻതോതിൽ ആകർഷിച്ചു. ഇത് ഞങ്ങൾക്ക് വളരെ ബഹുമതിയായ കാര്യമാണ്. ഹുദൂറിനോടൊപ്പം ഞങ്ങൾ ഫോട്ടോയും എടുത്തു. അതെനിക്ക് ഓർമയാണ്. ഹുദൂറിനെ കണ്ടുകൊണ്ട് ഇസ്‌ലാമിന്റെ സത്യസന്ധത ഓർമവന്നുകൊണ്ടേയിരിക്കും. ഇസ്‌ലാമിനെ മനസ്സിലാക്കണമെങ്കിൽ അത് വിശുദ്ധഖുർആനിൽനിന്ന് നേരിട്ട് പഠിക്കേണ്ടതാണ്. യഥാർഥ ഇസ്‌ലാമിനെ യാഥാസ്ഥിതിക ഇസ്‌ലാമിനോടൊപ്പം കൂട്ടിക്കലർത്തരുത്. അവസാനം ഞാൻ പറയുന്നത് ഹുദൂറിന്റെ എല്ലാ മറുപടികളിലും ഞാൻ സംതൃപ്തയാണെന്നാണ്. ഹുദൂറിനോട് നന്ദിയും രേഖപ്പെടുത്തുന്നു. താങ്കൾ എനിക്ക് പുതിയ വശങ്ങളിലേക്ക് മാർഗദർശനം നല്കി. പുതിയ ചക്രവാളത്തിലേക്ക് മാർഗദർശനം നല്കി. ഹുദൂറിൽനിന്നാണ് ഞാൻ യഥാർഥ ഇസ്‌ലാമിന്റെ ചിത്രം കണ്ടത്.

● Cale Ristekski സാഹിബ് മസിഡോണിയായിൽ ടിവി പ്രവർത്തകനാണ്. അദ്ദേഹം തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ഇപ്രകാരമുള്ള മീറ്റിംഗിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. ഇതെല്ലാം എന്നെ സംബന്ധിച്ചിടത്തോളം പുതിയതായിരുന്നു. ഞാൻ മുസ്‌ലിംകളെ കുറിച്ച് ഒരുപാട് പഠിച്ചു. ജൽസയിൽ ജോലി ചെയ്യുന്നവർ, ക്ഷീണിതരാണെന്ന് തോന്നിയിരുന്നില്ല. ഇക്കാര്യം എനിക്ക് വളരെ അത്ഭുതകരമായിരുന്നു. അതായത് ഇത്രയുമധികം ആളുകൾ അവരെല്ലാം ഒരിടത്ത് സംഘടിച്ചിരിക്കുന്നു. ഓരോരുത്തരും അവരവരുടെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. ആർക്കും ആരേയും കുറിച്ച് ഒരു പ്രശ്നവുമില്ല. എനിക്ക് ഇക്കാര്യത്തിൽ സന്തോഷമുണ്ട്. ഞാൻ ഈ ആളുകളുടെയിടയിൽ ഇരിക്കുമ്പോൾ എനിക്ക് സന്തോഷമുണ്ട്. അവരിൽ ചിലർ എന്റെ സുഹൃത്തുക്കളായിത്തീരും. സുഹൃത്ത് എന്ന് പറയുന്നത് സമ്പത്താണ്. ഈ ജൽസയ്ക്കുശേഷം ഞാൻ എന്നെ അമീർ എന്ന് മനസ്സിലാക്കുന്നതായിരിക്കും. ഹുദൂറുമായിട്ടുള്ള മുലാക്കാത്തും വളരെ പോസിറ്റീവായിട്ടുള്ള സ്വാധീനം ചെലുത്തുകയുണ്ടായി. ഹുദൂർ എല്ലാ ചോദ്യത്തിന്റേയും മറുപടി നല്കുന്നതിന് എപ്പോഴും തയ്യാറായിരിക്കുന്നു. അദ്ദേഹം നല്കിയ മറുപടികൾ അദ്ദേഹത്തിന് ചോദ്യങ്ങൾ മുമ്പേ അറിയാമായിരുന്നു എന്ന നിലയ്ക്കുള്ളതായിരുന്നു. അവസാനം ഞങ്ങൾ ഹുദൂറുമായി ഫോട്ടോകൾ എടുത്തു. ഇതെല്ലാവരും ചെയ്യുകയില്ല. ഇതും അദ്ദേഹം മഹത്തായ വ്യക്തിത്വത്തിന്റെ ഉടമയാണെന്നുള്ളതിന് മറ്റൊരു തെളിവാണ്.

● മസിഡോണിയായിൽനിന്ന് വന്ന ഒരു അതിഥി Rodne Deolska, അവർ ടിവിയുടെ പ്രവർത്തകയാണ്. അവർ പറയുന്നു ജൽസ എനിക്ക് ഒരു ടിവി പ്രവർത്തക എന്ന നിലയിൽ പുതിയ അനുഭവമായിരുന്നു. പത്രപ്രതിനിധികൾക്ക് ആഗോളപരമായ നിലയിൽ എന്തെങ്കിലും പുതിയ സംഭവം അല്ലെങ്കിൽ കാര്യം ഉണ്ടാവുകയാണെങ്കിൽ അത് വളരെ പ്രധാനപ്പെട്ടതായിരിക്കും. ഞാൻ എന്നെ വളരെ ഭാഗ്യവതിയായി മനസ്സിലാക്കുന്നു. ഞാൻ ഈ ജൽസ നേരിട്ട് കണ്ടു. അതിനെ പരിചയപ്പെട്ടു. ജൽസയുടെ മുഴുവൻ ഒരുക്കങ്ങളും എന്നിൽ പ്രത്യേക സ്വാധീനം ചെലുത്തി. ഈ ജൽസയിൽനിന്ന് ഞാൻ ഇസ്‌ലാമിനെക്കുറിച്ച് പല കാര്യങ്ങളും പഠിക്കുകയുണ്ടായി. ആരാണോ ഇസ്‌ലാം സ്വീകരിച്ചത് ഞാൻ ആ കൂട്ടരിൽനിന്ന് ഇന്റർവ്യൂ എടുത്തു. ഞാൻ മസിഡോണിയായിൽ തിരിച്ചെത്തിക്കഴിഞ്ഞാൽ ഈ എല്ലാ റെക്കോർഡിംഗുകളിൽനിന്നും ഒരു ഡോക്യുമെന്ററി ഉണ്ടാക്കുന്നതാണ്. ഈ സന്ദേശം മസിഡോണിയൻ ജനതവരെ എത്തിക്കുന്നതാണ്. പറഞ്ഞു: ഹുദൂറിന്റെ വ്യക്തിത്വം വളരെ അഭിമാനമുണ്ടാക്കുന്നതായിരുന്നു. എങ്ങനെയുള്ള വ്യക്തിത്വമാണെന്നാൽ അദ്ദേഹത്തിന്റെ കൈയിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയുണ്ട്. എല്ലാ ചോദ്യോത്തരവും വളരെ സമാധാനത്തോടും ക്ഷമയോടും കൂടി നല്കിക്കൊണ്ടിരിക്കുന്നു. ഇത് തെളിയിക്കുന്നത് അദ്ദേഹം സാധാരണക്കാരോട് എത്ര അടുത്താണെന്നാണ്. എന്റെ കൈയിൽ ഒരുപാട് ചോദ്യങ്ങളുണ്ട്. ഞാൻ അത് ഹുദൂറിനോട് ചോദിക്കാൻ ആഗ്രഹിച്ചതാണ്. ഞാൻ എന്നെ വളരെ ഭാഗ്യവതിയായി മനസ്സിലാക്കുന്നു. ഞാൻ ഹുദൂറിന്റെ വളരെ അടുത്തായിരിക്കുന്നു. അടുത്തവർഷം വീണ്ടും വരുമെന്ന് പ്രതീക്ഷിക്കുകയാണ്.

● ഒരാൾ മിഅ്റാജിനെ സംബന്ധിച്ച് ചോദിച്ചു. മറ്റു മുസ്‌ലിംകൾ വിശ്വസിക്കുന്നത് നബി(സ) തിരുമേനി ജഡികശരീരത്തോടെ ആകാശത്ത് പോയെന്നാണ്. ഹുദൂർ പറഞ്ഞു, 'ഞങ്ങളുടെ വിശ്വാസം മിഅ്റാജ് ആത്മീയപരമായ നിലയിലുള്ള ഒരു ദൃശ്യമായിരുന്നു എന്നാണ്. പ്രകൃതിനിയമമനുസരിച്ച് ഒരു മനുഷ്യനും ഇപ്രകാരം ജഡികശരീരത്തോടുകൂടി ആകാശത്തുപോകാൻ സാധ്യമല്ല. മാനുഷികമായ നിയമം അവിടെ നടപ്പിൽവരുന്നതാണ്. ഹുദൂർ പറഞ്ഞു: മിഅ്റാജ് രാവിൽ നബി(സ) രണ്ടാനാകാശത്ത് ഹദ്റത്ത് ഈസായെ കണ്ടു. മറ്റു നബിമാരേയും കണ്ടു. ഇതനുസരിച്ച് മറ്റു നബിമാരും ഹദ്റത്ത് ഈസാ(അ)യോടൊപ്പം ജീവിച്ചിരിക്കുന്നുവെന്ന് പറയേണ്ടിവരും. കാര്യം അങ്ങനെയല്ല. ഈസാ ജീവിച്ചിരിപ്പില്ല. മറ്റു നബിമാരും ജീവിച്ചിരിപ്പില്ല. മിഅ്റാജ് സംഭവം ഒരു ആത്മീയമായ ദൃശ്യമായിരുന്നുവെന്നതാണ് യാഥാർഥ്യം.

● മസിഡോണിയായിലെ ഒരു സോഷ്യൽ വെൽഫെയറിന്റെ സംഘടനയിൽ ജോലി ചെയ്യുന്ന മൂന്ന് സ്ത്രീകൾ, നദാലിയ സാഹിബ, ഔലാകിക് ലേബാ സാഹിബ, മാരിജാ സാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. ഈ സ്ത്രീകൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞങ്ങളുടെ നാട്ടിൽ ഞങ്ങളുടെ ചുറ്റും ധാരാളം മുസ്‌ലിംകൾ താമസിക്കുന്നുണ്ട്. എന്നാൽ, ഇസ്‌ലാമിന്റെ ഈ തരവും അതിന്റെ ഇത്തരം സാമൂഹികമായ പ്രകടനവും ഞങ്ങൾക്ക് തികച്ചും അപ്രതീക്ഷിതമായി സ്ഥാപിക്കപ്പെട്ടു. ഞങ്ങൾ നിങ്ങളുടെ ആളുകളേയും അധ്യാപനങ്ങളേയും നിങ്ങളുടെ ലീഡർഷിപ്പിനേയും കണ്ടു. ഞങ്ങൾ ഇനി തിരിച്ചുപോകുന്നത് അവിടെത്തെ മുസ്‌ലിംകൾക്ക് നിങ്ങളുടെ ജമാഅത്തിനെ പരിചയപ്പെടുത്തണമെന്ന ചിന്താഗതിയോടെയാണ്. ഈ ജമാഅത്ത്, അതിന്റെ ജൽസ മറ്റു മുസ്‌ലിംകൾക്കും മാതൃകയാണ്. ഇത്തരം സമാധാനപരമായ അധ്യാപനവും ഇത്തരം ചിട്ടയോടെയുള്ള ജമാഅത്തും അന്താരാഷ്ട്രതലത്തിൽ മുസ്‌ലിംകൾക്ക് പ്രാതിനിധ്യം വഹിക്കാൻ അർഹരാണ്. ഇപ്രാവശ്യം ആരോ ക്ഷണിച്ചിട്ടാണ് ഞങ്ങൾ ഇവിടെ വന്നത്. എന്നാൽ, ഭാവിയിൽ അതിഥികളേയും കൂട്ടി ഞങ്ങൾ വരുന്നതാണ്. നിങ്ങളുടെ ജമാഅത്തനെ മസിഡോണിയൻ മുസ്‌ലിംകൾക്ക് ഞങ്ങൾ ചെന്ന് സ്വയം പരിചയപ്പെടുത്തിക്കൊടുക്കുന്നതാണ്.

ഒരു വനിതാ അതിഥി വാസ്ക ജോലേവാ സാഹിബ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ജൽസയുടെ ഒരുക്കം വളരെ ഉന്നതമായിരുന്നു. നിങ്ങളുടെ ആതിഥ്യ സൽക്കാരത്തിൽ ഞാൻ വളരെ ആകർഷിതയായി. ഞങ്ങൾക്ക് താമസിക്കാനുള്ള സൗകര്യവും വളരെ നല്ലതായിരുന്നു. ഈ ജൽസയിൽ പങ്കെടുക്കുക എന്നത് എനിക്ക് ബഹുമതിയാണ്. ഹുദൂറിന്റെ അറിവുകൾ നിറഞ്ഞ പ്രസംഗങ്ങൾ സമാധാനത്തിന്റെ സന്ദേശവും ഹുദൂറിന്റെ ചിന്താഗതികളും വളരെ നല്ലതാകുന്നു. അവിടന്ന് ഇസ്‌ലാമിനെ ഏതുരീതിയിലാണോ ഞങ്ങൾക്ക് പരിചയപ്പെടുത്തിയത് അത് വളരെ നല്ലതായിരുന്നു. ഇക്കാര്യങ്ങളെല്ലാം എന്നെ വല്ലാതെ സ്വാധീനിച്ചു. അവർ പറഞ്ഞു: ഞങ്ങൾക്ക് ഇന്ന് ഹുദൂറിന്റെ അടുത്തുനില്ക്കുക എന്ന ബഹുമതിയും കരസ്ഥമായിരിക്കുന്നു. ഞാൻ ഹുദൂറിന്റെ വിനയവും ഹുദൂറിന് ആളുകളുമായിട്ടുള്ള ബന്ധത്തിലും സംസാരശൈലിയിലും വളരെ ആകർഷിതയായി. ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു. നിങ്ങൾ ഞങ്ങൾക്ക് അവസരം നല്കി. ഇനി അവസരം കിട്ടിയാൽ വീണ്ടും തീർച്ചയായും വരുന്നതായിരിക്കും.

● ആനിഥാ ഗോന്ദ്രോമാ സാഹിബ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ ജൽസയുടെ നടത്തിപ്പിനുവേണ്ടി ഒരുക്കങ്ങൾ ചെയ്ത എല്ലാ ആളുകൾക്കും നന്ദി രേഖപ്പെടുത്തുകയാണ്. ആദ്യമായി ഈ ജൽസയിൽ പങ്കെടുത്തതിൽ സന്തോഷിക്കുന്നു. ഈ ജൽസയെക്കുറിച്ച് എന്റെ ചിന്താഗതികൾ അങ്ങേയറ്റം പോസിറ്റീവായിട്ടുള്ളതാണ്. എന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ ആതിഥ്യം വളരെ സ്വാധീനിച്ചു. ഹുദൂർ അൻവറിന്റെ പ്രസംഗങ്ങളും വളരെ ഇഷ്ടപ്പെട്ടു. അവിടത്തെ സന്ദേശം എന്നെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ മനുഷ്യകുലത്തിന് നന്മയ്ക്കുവേണ്ടിയുള്ള സന്ദേശം ആ മഹാത്മാവിന്റെ സമാധാനഭരിതമായ അസ്തിത്വം എല്ലാ കാര്യങ്ങളും വളരെ ആഴത്തിലുള്ള സ്വാധീനമാണുണ്ടാക്കിയിട്ടുള്ളത്. കൂടിക്കാഴ്ചയ്ക്കുശേഷം അവർ പറഞ്ഞു: ഞാൻ ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം വളരെ പോസിറ്റീവായിട്ടുള്ളതും സന്തോഷകരമായിട്ടുള്ളതും പ്രതികരണങ്ങൾ കൊണ്ടാണ് പോകുന്നത്. ഭീകരവാദത്തെക്കുറിച്ചുള്ള ഖലീഫയുടെ സ്പഷ്ടവും വ്യക്തവുമായ ചിന്താഗതികളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹം സ്ത്രീകളുടെ സ്ഥാനത്തെക്കുറിച്ച് പറഞ്ഞ ഇസ്‌ലാമികമായ അധ്യാപനം അതിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് നല്കിയ മറുപടികൾ എന്നിവയിലും ഞാൻ ആകർഷിതയായി. ഞാൻ നിങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

● മാരിയ തോദോർ റവാ സാഹിബ പറഞ്ഞു: ഞാൻ ആദ്യമായാണ് ഇത്ര വലിയ ജൽസയിൽ പങ്കെടുക്കുന്നത്. ജൽസയുടെ എല്ലാ ഏർപ്പാടുകളും വളരെ നന്നായിരുന്നു. ജൽസയിലെ ഭക്ഷണം വളരെ സ്വാദിഷ്ടമായിരുന്നു. ആളുകൾ വളരെ നല്ല ആതിഥ്യം നല്കി, ഞങ്ങളെ ഒരുപാട് സേവിച്ചു. എപ്പോഴും ഞങ്ങളെ ശ്രദ്ധിച്ചിരുന്നു. എല്ലാ ഓരോ ആവശ്യവും പൂർത്തിയാക്കുന്നതിനുവേണ്ടി തയ്യാറായിട്ടാണ് കാണാൻ കഴിഞ്ഞത്. ഇതിനു പുറമെ ഞാൻ പ്രസംഗകരുടെ പ്രസംഗങ്ങളിലും വളരെ ആകർഷിതയാണ്. മുസ്‌ലിംകളെ കുറിച്ച് പല കാര്യങ്ങളും അറിയാൻ കഴിഞ്ഞു. അതെല്ലാം എന്നിൽ പോസിറ്റീവായിട്ടുള്ള സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. ഞാൻ ഈ അനുഭവങ്ങൾ മസിഡോണിയായിലെ എനിക്കറിയാവുന്ന എല്ലാവരുംവരെ എത്തിക്കുന്നതായിരിക്കും. അവസരം കിട്ടിയാൽ വീണ്ടും ജൽസയിൽ പങ്കെടുക്കുന്നതാണ്. വ്യക്തിപരമായ നിലയിൽ ഹുദൂറിനെ കാണുക എന്ന ബഹുമതിയും എനിക്ക് ലഭിച്ചു. ഹുദൂർ ഞങ്ങൾക്ക് മതിയാവോളം സമയം നല്കി. അതിലും ഞാൻ ആകർഷിതയാണ്. മതത്തെക്കുറിച്ചും മതത്തിന്റെ പല ഭാഗങ്ങളെക്കുറിച്ചുമുള്ള എല്ലാ ചോദ്യങ്ങൾക്കും ഖലീഫത്തുൽ മസീഹിന്റെ മറുപടി വളരെ വ്യക്തവും നല്ല ശൈലിയിലുമുള്ളതായിരുന്നു. വളരെ സാത്വികനും പരിശുദ്ധനുമായ ഖലീഫയുടെ അതിഥിയായി എന്നത് എന്നെ സംബന്ധിച്ചിടത്തോളം വളരെ വലിയ ബഹുമതിയാണ്. മസിഡോണിയായിലെ ഈ സംഘത്തിന്റെ കൂടിക്കാഴ്ച 7.10 വരെ തുടർന്നു. സംഘത്തിലെ എല്ലാ അംഗങ്ങളും അവരവരുടെ ഊഴമനുസരിച്ച് ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു. ഹുദൂർ അങ്ങേയറ്റം വാത്സല്യത്തോടെ കുട്ടികൾക്ക് ചോക്ലേറ്റും കൊടുത്തു.

## ബൽഗേറിയ(Bulgaria):

ബൽഗേറിയായിൽനിന്ന് വന്ന സംഘം അതിനുശേഷം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. ഈ വർഷം ബൽഗേറിയായിൽനിന്ന് 52 പേരടങ്ങുന്ന സംഘമാണ് ജർമൻ ജൽസാ സാലാനയിൽ പങ്കെടുത്തത്. അതിൽ 20 പേർ അഹ്മദികളായിരുന്നു. 32 പേർ അനഹ്മദികളും. അവരിൽ 43 അംഗങ്ങൾ ബസ്സ് മുഖേന 30 മണിക്കൂർ യാത്ര ചെയ്താണ് ജർമനിയിൽ എത്തിയത്. ബൽഗേറിയൻ സംഘത്തിൽ ബിസിനസ്കാരും വക്കീൽമാരും ലക്ചർമാരും, വിദ്യാർഥികളും, സാധാരണക്കാരും ഉണ്ടായിരുന്നു.

● ബൽഗേറിയായിൽനിന്നു വന്ന ഒരു വനിതാ അതിഥി Acenova പറഞ്ഞു: ഞാൻ ആദ്യമായാണ് ഈ ജൽസയിൽ പങ്കെടുക്കുന്നത്. ബൽഗേറിയായിലെ അഹ്മദികളിൽനിന്ന് ജൽസയെക്കുറിച്ച് ഒരുപാട് കേട്ടിട്ടുണ്ട്. അവിടെ പല ജനതകളിലുമുള്ള ആളുകൾ ഒരിടത്ത് സംഘടിക്കുന്നു. ഓരോരുത്തരും പരസ്പരം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. മനുഷ്യൻ തന്റെ ജീവിതത്തിൽ മാറ്റമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ജൽസയിൽ വരേണ്ടതാണ്. ഞാൻ ഇവിടെനിന്ന് ധാരാളം പഠിച്ചു. രണ്ടുകാര്യങ്ങൾ തീർച്ചയായും പറയാനാഗ്രഹിക്കുകയാണ്. ഒന്ന് ഇവിടെനിന്ന് അല്ലാഹുവിനോടുള്ള സ്നേഹം പഠിപ്പിക്കുന്നു. രണ്ടാമത്തേത് ജനങ്ങളിൽ പരസ്പര സ്നേഹവും ആദരവും പഠിപ്പിക്കുന്നു.

● ബൽഗേറിയൻ സംഘത്തിൽ ഒരു അതിഥി Pyifko Anev സാഹിബ് പറഞ്ഞു: ഞാൻ ആദ്യമായാണ് ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നത്. അനുഭവങ്ങൾ വാക്കുകളിൽ പറയുക പ്രയാസമാണ്. ഇവിടെ ഞാൻ പഠിച്ചതിൽനിന്ന് മനസ്സിലാകുന്നത് യഥാർഥത്തിൽ സമാധാനം പഠിപ്പിക്കുന്നവർ അഹ്

മദികൾ മാത്രമാണെന്നാണ്. അവർ ആദരിക്കുന്നു, ലോകത്തെ സ്വർഗമാക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ നിന്ന് യഥാർഥത്തിൽ ജീവിതത്തിന്റെ പ്രകാശം ലഭിക്കുന്നു. മനുഷ്യന് ജീവൻ പ്രദാനം ചെയ്യുന്ന വെളിച്ചമാണത്. ഞാൻ ഇനി എന്റെ ജീവിതം മുഴുവൻ എല്ലാ ആളുകളോടും പറയുന്നത് യഥാർഥ ഇസ്‌ലാം അഹ്മദിയ്യത്താണെന്നായിരിക്കും. അവർ ലോകത്ത് സമാധാനത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു. എനിക്കുവേണ്ടി ദുആക്ക് അപേക്ഷിക്കുന്നു.

● ബൾഗേറിയൻ സംഘത്തിലെ ഒരു അതിഥി Pdemirov സാഹിബ് പറയുന്നു: മനുഷ്യനെ സ്നേഹിക്കുന്നതിനെ കുറിച്ചുള്ള ഹുദൂറിന്റെ പ്രസംഗം എന്നെ വളരെ ആകർഷിച്ചു. ഇതുപോലെ വെള്ളം വിതരണം ചെയ്യുന്നതിന് നടക്കുന്ന കുട്ടികൾ വളരെ സ്നേഹത്തോടെ സംസാരിച്ചിരുന്നു. അത് എനിക്ക് ഏറെ ഇഷ്ടമായി. ഏതൊരു ജനതയിലെ കുട്ടികളാണോ ഇപ്രകാരമുള്ളത് ആ ജനതയുടെ ഭാവി സുരക്ഷിതമാണ്.

●ബൾഗേറിയൻ സംഘത്തിലെ ഒരു സ്ത്രീ അവർ ഓർത്തഡോക്സ് ക്രിസ്ത്യാനിയാണ്, പങ്കെടുത്തിരുന്നു. അവർ പറയുന്നു: ജൽസയിൽ പങ്കെടുത്ത് എനിക്ക് സമാധാനം കിട്ടി. ശാന്തിയുടേയും സ്നേഹത്തിന്റേയും പരസ്പരം ആദരിക്കുന്നതിന്റേയും സ്വന്തം ബലഹീനതകൾ അകറ്റുന്നതിനേയും കുറിച്ചുള്ള ഇവിടെനിന്ന് കിട്ടിയ പാഠം ലോകത്തിലെ എല്ലാ മതങ്ങളും ഇവിടെനിന്ന് പഠിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ. ഞാൻ എനിക്കുവേണ്ടി ദുആക്ക് അപേക്ഷിക്കുകയാണ്.

* ബൾഗേറിയൻ സംഘത്തിലെ ഒരു സുഹൃത്ത് Malinസാഹിബ് രണ്ടാംവട്ടമാണ് തന്റെ രണ്ട് ആൺമക്കളേയുംകൊണ്ട് ജൽസയിൽ വന്നത്. അദ്ദേഹത്തിന്റെ ഒരു മകൻ യൂസുഫ് സാഹിബ് പറഞ്ഞു: 'ഞാൻ ഇപ്പോൾ ഉർദു പഠിച്ചുകൊണ്ടിരിക്കുകയാണ്.' മാലിൻ സാഹിബ് പറയുന്നു: ഞാൻ രണ്ടാംവട്ടമാണ് ജൽസയിൽ വന്നിട്ടുള്ളത്. പക്ഷേ, നൂറു വർഷം ജീവിച്ചിരുന്നാലും എല്ലാ വർഷവും ഇതിൽ പങ്കെടുക്കണമെന്നാണ് ആഗ്രഹം. ഈ ജൽസയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടിയുള്ള എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കണം. കഴിഞ്ഞവർഷം ഞാൻ തനിച്ചാണ് വന്നത്. ഈ പ്രാവശ്യം രണ്ട് ആൺമക്കളേയും കൂട്ടിവന്നിരിക്കുകയാണ്. ഞങ്ങൾ എന്തൊന്ന് പഠിച്ചുവോ അത് വിവരണാതീതമാണ്. എങ്ങനെയാണ് പരസ്പരം ആദരിക്കേണ്ടതും ബഹുമാനിക്കേണ്ടതുമെന്നും ഞാൻ എന്റെ കുട്ടികളെ കാണിക്കാൻ ആഗ്രഹിച്ചിരുന്നു; എങ്ങനെയാണ് ലോകത്തിലെ വിവിധ ജനതകളിലെ ആളുകൾ കൂടിച്ചേർന്ന് സന്തോഷത്തോടും പ്രീതിയോടുംകൂടി ഒരു സ്ഥലത്ത് താമസിക്കാൻ കഴിയുക എന്നും. എന്റെ കുട്ടികൾക്കും ഈ ജൽസയും ഒരുക്കങ്ങളും വളരെ നന്നായി അനുഭവപ്പെട്ടു.

● ബൾഗേറിയയിൽനിന്നുള്ള ഒരു ക്രൈസ്തവ വനിത Desislaya സാഹിബ അവർ സൈക്കോളജി ലക്ചററാണ്. ജൽസയിൽ പങ്കെടുത്തു. അവർ പറയുന്നു: ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഈ ജൽസ ഒരു ദിവ്യദൃഷ്ടാന്തമാണ്. ഇവിടെ സ്നേഹം, ശാന്തി, ബഹുമാനം ലഭിക്കുന്നു. ഞാൻ ഇവിടെ ഒരു കലഹവും കണ്ടില്ല. ഓരോരുത്തരും പരസ്പരം സേവിക്കുന്നു. ചിരിക്കുന്ന മുഖത്തോടെ കാണുന്നു. ഞാൻ പഥ്യാഹാരമാണ് കഴിക്കുന്നത്. ആയിരക്കണക്കിന് ആളുകളിൽ എനിക്ക് എന്റെ പഥ്യത്തിലുള്ള ഭക്ഷണം തന്നുകൊണ്ടിരുന്നു. രോഗിയായപ്പോൾ ഉടനെ മരുന്നുകൾ നല്കി. ഒരു വി.ഐ.പിയും ഉണ്ടായിരുന്നില്ല. എല്ലാവരും തുല്യരായിരുന്നു. ഹുദൂറിന്റെ ഖുത്ബ ജുമുഅ എന്നെ ആകർഷിച്ചിരിക്കുന്നു. മനുഷ്യരോടുള്ള സ്നേഹം, തെറ്റുകൾ മറച്ചുവെക്കൽ, പരസ്പരം സഹായിക്കൽ, പരസ്പരമുള്ള തെറ്റുകുറ്റങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ പ്രകടിപ്പിക്കാതിരിക്കൽ എന്നല്ല അവർക്കുവേണ്ടി ദുആ ചെയ്യൽ. അവിടന്ന് നല്കിയ അധ്യാപനങ്ങൾ ഞാൻ അതിനെക്കുറിച്ച് ഓർത്തുകൊണ്ടിരുന്നു. അഹോ കഷ്ടം! ഇന്ന് ലോകം മുഴുവനുമുള്ളവർ അദ്ദേഹത്തിന്റെ ശബ്ദം കേട്ടിരുന്നെങ്കിൽ. ലോകം നേരായ മാർഗത്തിൽ വരാൻ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് അവിടത്തെ വ്യക്തിത്വത്തിലേക്കും ശബ്ദത്തിലേക്കും വരേണ്ടിവരും.അദ്ദേഹത്തിന്റെ അധ്യാപനങ്ങളെ അംഗീകരിക്കേണ്ടിവരും.

● ഒരു യുവാവ് തന്റെ മോതിരം ഹുദൂറിന് കൊടുത്തു. ഹുദൂർ അങ്ങേയറ്റം വാത്സല്യത്തോടെ ആ മോതിരം തന്റെ വിരലിലിടുകയും പിന്നീടത് അദ്ദേഹത്തിന് മടക്കികൊടുക്കുകയും ചെയ്തു. ബൾഗേറിയൻ സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 7.30 വരെ തുടർന്നു. അവസാനം സംഘത്തിലുള്ള എല്ലാ അംഗങ്ങളും ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി. സംഘത്തിലുണ്ടായിരുന്ന കുട്ടികൾക്ക് ഹുദൂർ ചോക്ലേറ്റ് വിതരണം ചെയ്തു.

## ഇറ്റലി(Italy) :

അതിനുശേഷം ഹുദൂർ തന്റെ ഓഫിസിൽ വന്നു. അവിടെ ഇറ്റലിയിൽനിന്നുള്ള സംഘം ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്തി. ഇറ്റലിയിൽനിന്ന് ഏഴ് പേരടങ്ങുന്ന സംഘമാണ് വന്നത്.

● ഒരു പിഎച്ച്ഡി വനിതാഡോക്ടറും ഈ സംഘത്തിലുണ്ടായിരുന്നു. അവരുടെ ബന്ധം ക്രിസ്തുമതവുമായിട്ടാണ്. ഹുദൂർ അവരോട് പറഞ്ഞു: നിങ്ങൾ ഒരു മുസൽമാനെ പോലെയുണ്ടല്ലോ. നിങ്ങൾ സ്വയം ഒന്നുംതന്നെ ചെയ്യുന്നില്ല. എന്തൊന്നാണോ ഉണ്ടാകുന്നത് അല്ലാഹുവിന്റെ ഇഷ്ടത്തിനു വിധേയമായിട്ടാണുണ്ടാകുന്നത്. ഹുദൂർ തിരക്കിയപ്പോൾ അവർ പറഞ്ഞു: എന്റെ ജൽസാസാലനയുടെ അനുഭവം വളരെ നല്ലതായിരുന്നു. ജൽസയിൽ എല്ലായിടത്തും സമാധാനത്തിന്റേയും സ്നേഹത്തിന്റെയും സന്ദേശമായിരുന്നു ഉണ്ടായിരുന്നത്. ഞാൻ തിരിച്ചുപോകുമ്പോൾ ജനങ്ങളോട് പറയും, എങ്ങനെയാണ് 40,000 ആളുകൾ ഒരുതരത്തിലുള്ള ബുദ്ധിമുട്ടുകളും കൂടാതെ സ്നേഹത്തോടും സമാധാനത്തോടും കൂടി ഉണ്ടായിരുന്നതെന്ന്. ഒരു വഴക്കോ കലഹമോ ഇല്ല. അടിപിടിയുമില്ല. എല്ലാവരും പുറത്തേക്കും അകത്തേക്കുമുള്ള വഴിയിൽ വളരെ ശാന്തിയോടുകൂടി കടന്നുപോയിക്കൊണ്ടിരുന്നു. ഉന്തും തള്ളുമൊന്നുമുണ്ടായില്ല. അവർ പറഞ്ഞു: ഞാൻ സ്ത്രീകളുടെ ഭാഗത്തും പോയിരുന്നു. അവിടേയും സ്ത്രീകളും കുട്ടികളും സ്വാതന്ത്ര്യത്തോടുകൂടി തങ്ങളുടെ പരിപാടികൾ ചെയ്യുന്നുണ്ടായിരുന്നു.

ഒരു സ്ത്രീ അവർ തന്റെ ഭർത്താവിനോടൊപ്പം വന്നിരുന്നതാണ്. അവർ പറഞ്ഞു: ഞാൻ കഴിഞ്ഞ വർഷം ബയ്അത്ത് ചെയ്തിരുന്നു. ഞാൻ കഴിഞ്ഞവർഷം ബയ്അത്ത് ചെയ്തിരുന്നു. പിന്നീടാണ് എന്റെ വിവാഹം ഉണ്ടായത്. ഹുദൂർ അവരോട് പറഞ്ഞു: നിങ്ങളുടെ ദീനീപരമായ അറിവ് വർധിപ്പിക്കുക. അവർ ഹുദൂറിന്റെ സന്നിധിയിൽ തന്റെ മാതാപിതാക്കൾക്കുവേണ്ടി ദുആയ്ക്കപേക്ഷിച്ചു. അല്ലാഹു അവർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് നല്കട്ടെ. അപ്പോൾ ഹുദൂർ പറഞ്ഞു: അല്ലാഹു ഹിദായത്ത് നല്കട്ടെ. പിന്നീട് ഈ സംഘത്തിലെ അംഗങ്ങൾ ഹുദൂറിനോടൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി. ഇറ്റലിയിലെ സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 7.35 വരെ തുടർന്നു.

### ബുർക്കിനാ ഫാസോ (ആഫ്രിക്ക) :

അതിനുശേഷം ബുർക്കിനാ ഫാസോയിൽനിന്നുവന്ന സംഘത്തിലെ അംഗങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ബുർക്കിനാ ഫാസോയിൽനിന്ന് അവിടെത്തെ അമീറിനു പുറമെ നാഷണൽ സെക്രട്ടറി തഅ്‌ലീമും –അദ്ദേഹം അവിടെ ഹൈസ്കൂളിലെ പ്രിൻസിപ്പലുമാണ്– ഒരു തദ്ദേശ മുഅല്ലിമും വന്നിരുന്നു. മുഅല്ലിം സാഹിബ് പറഞ്ഞു: അദ്ദേഹം 1994 മുതൽ 1997 വരെ ജാമിഅത്തുൽ മുബശ്ശിരീൻ ഘാനയിൽ വിദ്യാഭ്യാസം കരസ്ഥമാക്കി. ഹുദൂർ നാഷണൽ സെക്രട്ടറി തഅ്‌ലിമിനോടു ചോദിച്ചു: നിങ്ങൾക്ക് ഇവിടെത്തെ ജൽസസാലാന എങ്ങനെ അനുഭവപ്പെട്ടു? അദ്ദേഹം പറഞ്ഞു: ഇവിടെനിന്ന് ഞങ്ങൾ വളരെയധികം പഠിച്ചു. ജൽസയുടെ ഏർപ്പാടുകൾ ഉന്നതനിലയിലുള്ളതായിരുന്നു. ഹുദൂർ പറഞ്ഞു: മാശാ അല്ലാഹ് ബുർക്കിനാ ഫാസോയിലെ ജമാഅത്ത് ആത്മാർഥ ജമാഅത്താണ്. വ്യവസ്ഥിതിയെ വളരെ നല്ലനിലയിൽ ഏീഹഹീ ചെയ്തുകൊണ്ടിരിക്കുന്നു. ആഫ്രിക്കയിലെ ഒരുപാട് ജമാഅത്തുകൾക്ക് മുമ്പിലാണുള്ളത്. അല്ലാഹു അവരെ ആത്മാർഥതയിൽ വർധിപ്പിച്ചുകൊണ്ടുപോകുമാറാകട്ടെ. സെക്രട്ടറി തഅ്‌ലീമും ഹൈസ്കൂൾ പ്രിൻസിപ്പലും പറഞ്ഞു: ബുർക്കിനാ ഫാസോയിൽ ജമാഅത്തിന്റെ ഹൈസ്കൂൾ ഇല്ല. ഒരേയൊരു ഹൈസ്കൂൾ മാത്രമേയുള്ളൂ. ഇപ്പോൾ കൂടുതൽ ഹൈസ്ക്കൂൾ ആവശ്യമുണ്ടെന്ന് തോന്നിത്തുടങ്ങി. സർക്കാർ സ്കൂളുകളുടെ നിലവാരം നല്ലതല്ല. ഹുദൂർ പറഞ്ഞു: പ്രൈമറി സ്കൂളുകൾ തുടങ്ങാൻ ഞാൻ നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ നിങ്ങളുടെ പക്കൽ അഞ്ച് പ്രൈമറി സ്കൂളുകളുണ്ട്. ഇനി ഓരോ വർഷവും മൂന്നുനാല് പ്രൈമറി സ്കൂളുകൾ തുറക്കാനുള്ള പരിപാടികൾ ചെയ്യാം. ആദ്യം പ്രൈമറി സ്കൂളുകൾ ഉണ്ടാക്കുക. ഹുദൂർ പറഞ്ഞു: ഒരു ഹൈസ്കൂളിന്റെ പ്ലാൻ തയ്യാറാക്കുകയും പ്രോഗ്രാം ഉണ്ടാക്കി അയക്കുകയും ചെയ്യുക. ആദ്യംഎലമശെയശഹശ്യേറിപ്പോർട്ട് തയ്യാർ ചെയ്ത് അയക്കുക.

എവിടെയാണ് നിർമിക്കേണ്ടതെന്ന് ആലോചിക്കുക. പറഞ്ഞു: സ്കൂളും വിവിധ Phases ൽ നിർമിക്കാവുന്നതാണ്. പിന്നീട് ആവശ്യത്തിന് വർഷത്തിലോ രണ്ടുവർഷത്തിനുശേഷമോ ഒന്നോ രണ്ടോ മുറി കൂട്ടാവുന്നതാണ്. ഇപ്രകാരം നിങ്ങളുടെ കഴിവിനുള്ളിൽനിന്നുകൊണ്ട് സ്കൂളിന്റെ നിർമാണ പ്രവർത്തനം നടത്താവുന്നതാണ്. സാഹചര്യത്തിനനുസരിച്ച് വിപുലപ്പെടുത്തിക്കൊണ്ട് പോകുകയും ചെയ്യാം. ഹുദൂർ പറഞ്ഞു: പ്രൈമറി സ്കൂൾ തിരഞ്ഞെടുത്ത് അതിൽ മൂന്ന് മുറികൾ ഉണ്ടാക്കുക. പ്രൈമറി സ്കൂളിനോടൊപ്പം ഹൈസ്കൂളും ആരംഭിക്കാവുന്നതാണ്. ഇപ്രകാരം ആദ്യം ഒരു സ്കൂളിനെ പ്രൈമറിയിൽനിന്ന് ഹൈവരെ കൊണ്ടുപോകാം. രണ്ടാമത്തേത് രണ്ട് സ്ഥലങ്ങളിൽ പ്രൈമറി സ്കൂൾ തുറക്കുക. ഹൈസ്കൂൾ തുറക്കുന്നതിന് നിർബന്ധമായിട്ടുള്ളത് ആദ്യം ക്വാളിഫൈഡ് ടീച്ചേഴ്സിനെ കിട്ടുമോ എന്നതാണ്. അതിനുശേഷം സ്കൂൾ തുറക്കാൻ കൂടുതൽ നടപടി സ്വീകരിക്കാം. ബുർക്കിനാ ഫാസോയിലെ സംഘത്തിന്റെ ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച 7.50 വരെ നീണ്ടുനിന്നു.

കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച പിന്നീട് നടന്നു. അഞ്ച് കുടുംബങ്ങളിൽനിന്നുള്ള 20 അംഗങ്ങളും വ്യക്തിപരമായ നിലയിൽ രണ്ടുപേരും തങ്ങളുടെ പ്രിയങ്കരനായ ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ച നടത്തിയവരിൽ ജർമനിയിലെ ജമാഅത്തുകളായ Mannheim, ഞൗലൈഹവെലശാ,ണമഘേഹല്യ എന്നിവയ്ക്കു പുറമെ വിദേശരാജ്യങ്ങളിൽ ഘാന, ടോഗോ, ആസർബൈജാനിൽനിന്നുള്ള അതിഥികളും പങ്കെടുത്തിരുന്നു. ഈ പരിപാടി 8 മണിവരെ നീണ്ടുനിന്നു. അതു കഴിഞ്ഞ് ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

## *ആമീൻ പരിപാടി:*

9 മണിക്ക് ഹുദൂർ മസ്ജിദിന്റെ ഹാളിലെത്തി. പരിപാടിയനുസരിച്ച് ആമീൻ പരിപാടി നടന്നു. ഹുദൂർ താഴെപറയുന്ന ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 25 പേരിൽനിന്ന് ഓരോരോ ആയത്തുകൾ കേൾക്കുകയും അവസാനം ദുആ ചെയ്യിക്കുകയും ചെയ്യിച്ചു.

അസീസം മുബാറക് മഹ്മൂദ്, സർബാസ് അലി ചൗദരി, സബൂർ അഹ്മദ് ഗോറി, തഹ്സീൻ മഹ്മൂദ്, നഫീസ് അഹ്മദ്, ഉവൈസ് അഹ്മദ്, ഇബ്തിസാം അഹ്മദ്, ബാസിൽ അഹ്മദ് തോർ, കാമറാൻ ഹമീദ്, ആകിഫ് അഹ്മദ്, നജീബ് അഹ്മദ്, അസീസ ഐമൻഖാൻ, ബാസിമാ സിദ്ദീഖ്, മനാഹിൽ മഹ്മൂദ്, ആഫിയ കിരൺ അഹ്മദ്, ഫായിസ അഹ്മദ്, ഫരീഹാ നദീൻ, ആഫ്‌രീൻ ബശീർ, മലീഹ മഹ്മൂദ്, അമ്മാറാ അഹ്മദ്, സാറാ നാസിർ, തഹ്‌രീം ബാജ്‌വ, അംറസിശ് അശ്ഹർ, സബാഹ ളഫർ, ഐശ അഹ്മദ്.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്‌രിബ്, ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹൈദരലി സഫർ സാഹിബ് മുബല്ലിഗ് ഇൻ ചാർജ് ജർമനി ഹുദൂറിന്റെ അനുവാദത്തോടെ പതിനാല് നിക്കാഹുകളുടെ വിളംബരം ചെയ്തു. ഹുദൂർ ആ സമയത്ത് സന്നിഹിതനായിരുന്നു. അവസാനം ഹുദൂർ ദുആ ചെയ്യിച്ചു. ശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

(അടുത്ത ലക്കത്തിൽ അവസാനിക്കും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 08 February 2018 Issue-6

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

ക്കുന്നു. നമ്മൾ ആദ്യം മനുഷ്യരാണ്. പിന്നീട് ഹിന്ദുവാണ്. അല്ലെങ്കിൽ സിഖാണ്. അല്ലെങ്കിൽ മുസൽമാനാണ്. ലോകത്തെ പല പല രാജ്യങ്ങളിൽനിന്ന് ഇവിടെയെത്തിയിട്ടുള്ള അതിഥികൾക്ക് സ്വാഗതം പറയുന്നു.'

3. ആർതുറാസ് ഗീൻ ബായു സാഹിബ് കിർഗിസ്ഥാ(Kyrgyzstan)ൻ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇതിന്റെ തർജ്ജമ കേൾപ്പിച്ചത് നാഇബ് നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർകസിയ്യ ത്വാഹിർ അഹ്മദ് താരിഖ് സാഹിബാണ്. അദ്ദേഹം പറഞ്ഞു: ഞാൻ എന്റെയും ജ മാഅത്ത് കിർഗിസ്ഥാ(Kyrgyzstan)ന്റേയും പേരിൽ നിങ്ങൾക്കെല്ലാവർക്കും അസ്സലാമു അലയ്ക്കും എന്ന സമ്മാനം സമർപ്പിക്കുകയാണ്. 2009ലാണ് എനിക്ക് അഹ്മദിയ്യാ ജമാഅത്തിൽ ചേരാൻ ഭാഗ്യം കിട്ടിയത്. അല്ലാഹു ഈ വിനീതന് കാലത്തിന്റെ ഇമാമിനേയും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിനേയും വിശ്വസിക്കാൻ ഭാഗ്യം നല്കിയിരിക്കുകയാണ്. ഈ വർഷം കിർഗിസ്ഥാ(Kyrgyzstan)ൻ അഹ്മദിയ്യാ ജമാഅത്തിൽനിന്ന് 6 ആളുകൾക്ക് ഖാദിയാനിലെ ജൽസയിൽ പങ്കെടുക്കാൻ ഭാഗ്യം കിട്ടി. കഴിഞ്ഞ ഏഴ് വർഷങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് കിർഗിസ്ഥാ(Kyrgyzstan)ൻ ഖാദിയാനിലെ സാലാനാ ജൽസയിൽ പങ്കെടുത്തുകൊണ്ട് അനുഗൃഹീതരായിക്കൊണ്ടിരിക്കുന്നു. കാലത്തിന്റെ ഇമാമിന്റെ അനുഗൃഹീതനാടായ ഖാദിയാനെ സന്ദർശിക്കുന്നത് ജമാഅത്തംഗങ്ങളുടെ വിശ്വാസദൃഢീകരണത്തിന് നിമിത്തമായിക്കൊണ്ടിരിക്കുകയാണ്.

കിർഗിസ്ഥാ(Kyrgyzstan)ൻ 1991 വരെ സോവിയറ്റ്‌യൂണിയന്റെ ഭാഗമായിരുന്നു. അതായത് റഷ്യൻ സംസ്ഥാനങ്ങളിലൊന്നായി കണക്കാക്കപ്പെട്ടിരുന്നു. സോവിയറ്റ്‌യൂണിയന്റെ അധഃപതനത്തോടെ കിർഗിസ്ഥാ(Kyrgyzstan)ൻ ഒരു സ്വതന്ത്രരാജ്യമെന്ന നിലയിൽ അറിയപ്പെടുന്നു. ഇവിടെ അഹ്മദിയ്യത്ത് തുടങ്ങിയത് 1906ലാണ്. ഈ വർഷം കിർഗിസ്ഥാ(Kyrgyzstan)നിൽ ജമാഅത്ത് സ്ഥാപിതമായിട്ട് 21 വർഷം കഴിഞ്ഞിട്ടുണ്ട്. അൽഹംദുലില്ലാഹ്. പല തടസ്സങ്ങളും ഉണ്ടായിട്ടും ജമാഅത്ത് വളർന്നുകൊണ്ടിരിക്കുകയാണ്. തബ്‌ലീഗിന്റെ വഴികളിൽ തടസ്സങ്ങളുണ്ടാക്കുന്നു. പക്ഷേ, അല്ലാഹു സ്വപ്നങ്ങൾ മുഖേന മാർഗദർശനം നല്കുന്നു. നമുക്ക് ഇക്കാര്യം ഈമാനിൽ ദൃഢതയ്ക്കുള്ള നിമിത്തമായിത്തീരുന്നു. തടസങ്ങളുണ്ടായിട്ടും അല്ലാഹു എങ്ങനെയാണ് ജനങ്ങളെ സത്യത്തിലേക്ക് കൊണ്ടുവരുന്നത്. 2015ൽ നമ്മുടെ ഒരു അഹ്മദീ സഹോദരൻ യൂനിസ് ജാൻ സാഹിബ് ശഹീദായി. ഇത് ഇപ്പോഴുള്ള കിർഗിസ്ഥാ(Kyrgyzstan)നും മുൻസോവിയറ്റ് യൂണിയനും അതായത് റഷ്യയുടെ ഭൂമിയിൽ ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും വഴിയിൽ തങ്ങളുടെ രക്തം സമർപ്പിക്കുന്ന ആദ്യ അഹ്മദി ശഹീദാണ്. ഞാൻ ഈ അനുഗൃഹീത നാട്ടിൽ ജൽസയുടെ ഈ അനുഗൃഹീത അവസരത്തിൽ നിങ്ങളെല്ലാവരോടും ദുആയ്ക്ക് അപേക്ഷിക്കുന്നു. ശഹീദിന്റെ രക്തത്തിന്റെ ഓരോ തുള്ളിയും സൽപ്രകൃതക്കാരും ഭാഗ്യവാന്മാരുമായ ആത്മാക്കളെ ജമാഅത്തിൽ ചേരുന്നതിന് നിമിത്തമാക്കിത്തീർക്കട്ടെ. അല്ലാഹു ശഹീദിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ആമീൻ. അല്ലാഹു നമ്മളേയും നമ്മുടെ മക്കളേയും ഈമാനിൽ അഭിവൃദ്ധിപ്പെടുത്തുമാറാകട്ടെ. ജസാക്കുമുല്ലാഹ്. ഇതിനുശേഷം ആദ്യദിവസത്തിന്റെ യോഗ പരിപാടികൾ അവസാനിച്ചു.

**2017 ഡിസംബർ 30 രണ്ടാം ദിവസം.**

രണ്ടാം ദിവസത്തെ ആദ്യത്തെ യോഗത്തിന്റെ നടപടികൾ സയ്യിദ് തൻവീർ അഹ്മദ് സാഹിബ് സ്വദ്ർ മജ്‌ലിസ് അഞ്ചുമൻ വഖ്ഫെ ജദീദ് ഖാദിയാന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ആലു ഇംറാൻ എന്ന അധ്യായത്തിലെ 103 മുതൽ 106 വരെയുള്ള വചനങ്ങൾ ഡോക്ടർ മുഹമ്മദ് ശംസുദ്ദീൻ സാഹിബ് പാരായണം ചെയ്തു. അതിന്റെ തർജമ കേൾപ്പിച്ചത് ത്വാഹിർ അഹ്മദ് ത്വാരിഖ് സാഹിബ് നായിബ് നാളിർ ഇസ്‌ലാഹോ ഇർശാദ് മർകസിയായിരുന്നു. അത് കഴിഞ്ഞ് മുർശിദ് അഹ്മദ് ഡാർ സാഹിബും അദ്ദേഹത്തിന്റെ കൂട്ടുകാരും സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പദ്യമായ

*ദുശ്മൻ കൊ ദുൽമ് കി ബർഛീസെ തും*
*സീനാ വ ദിൽ ബർ മാനേ ദോ*
*ഏ ദർദ് രഹേഗാ ബൻകേ ദവാ തും സബ്ർ*
*കരോ വക്ത് ആനേ ദോ*

എന്ന പദ്യം സംഘഗാനമായി ആലപിച്ചു.

❍ ഈ യോഗത്തിന്റെ ആദ്യ പ്രസംഗം സയ്യിദ് ആഫ്താബ് അഹ്മദ് നയ്യർ സാഹിബ് ഇൻചാർജ് അഹ്മദിയ്യാ മർക്കസിയ ലൈബ്രറി ഖാദിയാന്റേതായിരുന്നു. നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തും അതിന്റെ അനുഗ്രഹങ്ങളും എന്നതായിരുന്നു വിഷയം. അദ്ദേഹം നൂർ എന്ന അധ്യായത്തിലെ 56-ാം വചനം തിലാവത്ത് ചെയ്തു. പറഞ്ഞു: അല്ലാഹുവിന്റെ നിരന്തരമുള്ള നടപടിക്രമമാണ് മനുഷ്യകുലത്തിന് ജീവിതത്തിന്റെ ശരിയായ ചിത്രത്തെക്കുറിച്ച് അറിയിക്കുന്നതിനുവേണ്ടി എക്കാലത്തും തന്റെ പ്രവാചകന്മാരെ അയക്കുക എന്നത്. ഈ എല്ലാ അമ്പിയായും മുർസലുകളും വിശുദ്ധഖുർആനിന്റെ കല്പനയായ ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ എന്നതനുസരിച്ച് അല്ലാഹുവിന്റെ പ്രതിനിധികളും ഖലീഫമാരുമായിക്കൊണ്ടാണ് വന്നത്. ദൈവത്തിൽനിന്നുള്ള ഈ ആളുകൾ നന്മയും ഭക്തിയും അടങ്ങിയ ജമാഅത്തിന് അടിത്തറയിട്ടുകൊണ്ട് ഈ ലോകത്തുനിന്ന് പിരിഞ്ഞുപോയി. അതിനുശേഷം അല്ലാഹു അവരുടെ നിയോഗത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും പൂർത്തീകരിക്കുന്നതിനുവേണ്ടി നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിച്ചു. അത് യഥാർഥത്തിൽ നുബുവ്വത്തിന്റെ പൂർത്തീകരണമാണ്. ഇതിലേക്കാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ഇങ്ങനെ സൂചന നല്കിയത്: മാമിൻ നുബുവ്വത്തിൻ ഖത്ത്വുഇല്ലാ തബിഅത്ത്ഹാ ഖിലാഫത്തുൻ (കൻസുൽ ഉമാൽ, വാള്യം 3, പേജ് 119) അതായത് ഓരോ നുബൂവ്വത്തിനുശേഷവും അതിനെ പിൻപറ്റിയുള്ള ഖിലാഫത്ത് തുടങ്ങുന്നതാണ്. ഇതുസംബന്ധമായി അദ്ദേഹം ഒരു ഹദീഥ് വിവരിക്കുകയുണ്ടായി. അല്ലാഹു ഇച്ഛിക്കുന്നതുവരെ നിങ്ങളിൽ പ്രവാചകത്വം നിലനില്ക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുമ്പോൾ അതെടുത്തു കളയും. തുടർന്ന് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് ഉണ്ടായിവരും. പിന്നീട് അവന്റെ വിധിയനുസരിച്ച് സ്വേഛാധിപതികൾ ഉണ്ടായിവരും. അല്ലാഹുവിന്റെ കരുണയാൽ അതും അവസാനിക്കുന്നതാണ്. അതിനുശേഷം വീണ്ടും നുബുവ്വത്തിന്റെ പാതയിൽ ഖിലാഫത്തുണ്ടായിവരുന്നതാണ്. അതിനുശേഷം നബി(സ) മൗനം പാലിച്ചു.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ).

നബി(സ)തിരുമേനിക്കുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് നിലവിൽവന്നു. പക്ഷേ, അതിനോടു നന്ദികേട് കാണിക്കപ്പെട്ടപ്പോൾ മുസ്‌ലിം ഉമ്മത്തിൽനിന്ന് അല്ലാഹു ഈ മഹത്തായ അനുഗ്രഹം എടുത്തു കളഞ്ഞു. പിന്നീട് ആചാരപരമായ ഖിലാഫത്ത് ആരംഭിച്ചു. തുർക്കിഭരണമെന്നും ഉഥ്മാനിയ ഭരണമെന്നും അറിയപ്പെടുന്ന ഈ ആചാരപരമായ ഖിലാഫത്ത് ചക്രശ്വാസം വലിക്കുമ്പോൾ അല്ലാഹുവിന്റെ കാരുണ്യം അലയടിച്ചുയർന്നു. ഇസ്‌ലാമിന്റെ മുങ്ങിക്കൊണ്ടിരുന്ന കപ്പലിനെ എതിർപ്പിന്റെ കൊടുങ്കാറ്റിൽനിന്നും ശത്രുക്കളുടെ കൂട്ടത്തിൽനിന്നും രക്ഷിക്കുന്നതിനും ഇസ്‌ലാമിന്റെ മഹത്ത്വത്തെ പുനഃസ്ഥാപിക്കുന്നതിനും വേണ്ടി അല്ലാഹു നബി(സ)തിരുമേനിയുടെ ആത്മീയസുതനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ മസീഹ് മൗഊദായി നിയമിച്ചു. അദ്ദേഹം മുഖേന നബി(സ)തിരുമേനി പ്രവചനം ചെയ്ത നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തിന് സമാരംഭം കുറിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദേഹവിയോഗത്തിനു ശേഷം വാഗ്ദാനമനുസരിച്ച് സ്വാലിഹുമാരുടെ ജമാഅത്ത് 1908 മെയ് 27 ന് സയ്യിദുനാ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ കൈയിൽ സംഘടിച്ചു. ഇങ്ങനെ രണ്ടാം ശക്തിപ്രഭാവം രംഗത്തുവന്നു. അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാൻ തുടങ്ങി. ഇസ്‌ലാമിക ഖിലാഫത്തിന്റെ ഈ മഹത്തായ അനുഗ്രഹം അല്ലാഹു വലയുമക്കിനന്ന ലഹും ദീനഹും എന്ന വചനത്തിൽ പറഞ്ഞിരിക്കുന്നു. വർത്തമാന കാലത്ത് മുസ്‌ലീംകളുടെ നിരവധി സംഘടനകളും കക്ഷികളും എത്രത്തോളമെന്നാൽ ശക്തമായ ഭരണകൂടങ്ങളും ഉണ്ടായിട്ടും കാലത്തിന്റെ ഭീഷണികളെ നേരിടുന്നതിൽ എല്ലാവരും പരാജിതരാണ്. വിവിധ ഭീഷണികൾക്ക് ഇരയാണ്. ഇതിന്നെതിരിൽ അഹ്മദിയ്യാ ഖിലാഫത്തു മുഖേന ലോകം മുഴുവൻ ഇസ്‌ലാമിന്റെ പ്രബോധന രംഗത്തും വിദ്യാഭ്യാസ-ശിക്ഷണ രംഗത്തും മഹത്തായ വിപ്ലവം അന്തർദേശീയതലത്തിൽ രൂപംകൊണ്ടുവരികയാണ്.

സ്വാഫ് ദിൽ കൊ കഥ്റത്തെ ഇഅ്ജാസ് കി
ഹാജത്ത് നഹി
ഇക് നിശാൻ കാഫീ ഹെ ഗർ ദിൽമെ ഹൊ
ഖൗഫെ കിർദ് ഗാർ

(തുടരും)

Humanity First

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin